സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN

വാല്യം 99
ലക്കം 03
2026 സെപ്റ്റംബർ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

Price ₹ 25/- Annual Subscription ₹ 300/-

YOUR GRACE IS SUFFICIENT FOR ME



## 2026 സെപ്റ്റംബർ

THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY



**കോട്ടയം അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ**

**മോൺ. തോമസ് ആനിമൂട്ടിലിനു**

**ചങ്ങനാശ്ശേരി അതിരൂപതാകുടുംബത്തിന്റെ**

**പ്രാർഥനാശംസകൾ**



'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 99 ● ലക്കം 03 ● സെപ്റ്റംബർ 2026

# ഉള്ളടക്കം


സിനഡനന്തര സർക്കുലർ: മേജർ ആർച്ചുബിഷപ്......................05
സർക്കുലർ: (26 Ch. TCL 29) വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ജൂബിലിവർഷാഘോഷം അതിരൂപതാതലത്തിൽ ......13
സർക്കുലർ: (26 Ch. TCL 30) സമുദായ ശക്തീകരണം ദീപിക വരിക്കാരാകുന്നതിലൂടെ ...................................... 15
സർക്കുലർ: (26 Ch. TCL 28) ..................................................... 17
കച്ചേരിക്കാര്യം........................................................................ 19
അനുസ്മരണം: സ്രാമ്പിക്കൽ ബഹു. തോമസ് അച്ചൻ .............. 21
പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് ........................................24
സന്ദേശനിലയം..........................................................................27
ചെറുപുഷ്പ മിഷൻ ലീഗ് .......................................................31
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................34
ഫാമിലി അപ്പോസ്തലേറ്റ്.........................................................37
യുവദീപ്തി- എസ്.എം.വൈ.എം. ............................................40
കാർപ്.................................................................................... 41
ചാസ്സ്.......................................................................................43
ആതുരശുശ്രൂഷാമേഖല.........................................................48
പ്രവാസി അപ്പോസ്തലേറ്റ് .....................................................53
കത്തോലിക്കാ കോൺഗ്രസ്...................................................54
കേരള ലേബർ മൂവുമെന്റ് ...................................................56
ദളിത് കത്തോലിക്കാ മഹാജനസഭ..........................................57
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ......................................59
വിൻസെൻഷ്യൻ വേദി...........................................................60
കരിസ്മാറ്റിക് നവീകരണം.................................................... 62
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.........................................64
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ......................... 71


**വേദപ്രചാര മദ്ധ്യസ്ഥൻ**

ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം


Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

Prot. No. 0572/2026

# സിനഡനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**

**മാർ റാഫേൽ തട്ടിൽ**

**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2026 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ വിശ്വാസജീവിതത്തെയും അജപാലനപ്രവർത്തനങ്ങളെയും കാലഘട്ടത്തിന്റെ വെല്ലുവിളികളോടു കൂടുതൽ ഫലപ്രദമായി പ്രതികരിക്കുന്നവിധത്തിൽ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള വിവിധ മാർഗങ്ങൾ സിനഡിൽ വിശദമായി ചർച്ച ചെയ്തു. പ്രാർഥനയ്ക്കും സാഹോദര്യത്തിനും സഭയുടെ കൂട്ടായ്മയ്ക്കും ഊന്നൽ നൽകി നടന്ന ഈ സിനഡ്, പരിശുദ്ധാത്മാവിന്റെ കൃപയിൽ മെത്രാന്മാർ ഒരുമിച്ചു ദൈവഹിതം അന്വേഷിച്ച അനുഗ്രഹപ്രദമായ ദിവസങ്ങളായിരുന്നു. സിനഡുസമ്മേളനത്തിന്റെ വിജയത്തിനായി പ്രാർഥിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

## സഭാസമൂഹത്തിന്റെ ശക്തീകരണം

2024ൽ പാലായിൽ നടന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർച്ചയായി നാം സമുദായശക്തീകരണ വർഷം ആചരിച്ചുവരികയാണല്ലോ. ആനുകാലിക ലോകത്തിന്റെ വിവിധ

വെല്ലുവിളികളെ നേരിടാൻ സഭാംഗങ്ങളുടെ ആത്മീയവും സാമൂഹിക വുമായ ശക്തീകരണം അനിവാര്യമാണെന്ന ബോധ്യമാണ് ഈ വർഷാ ചരണത്തിലേക്കു നമ്മെ നയിച്ചത്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർ ക്കുന്ന സമുദായാംഗങ്ങളെ ഒരു വിശ്വാസിസമൂഹമായി നിലനിറുത്തു ന്നതു സഭയോടുള്ള ബന്ധവും സഭാംഗങ്ങളായിരിക്കുന്നതിലുള്ള അഭി മാനബോധവുമാണ്.

ജനസംഖ്യാശോഷണം, സഭാത്മകബോധത്തിന്റെ കുറവ്, കൃഷി-വ്യാപാരമേഖലകളോടുള്ള പുതുതലമുറയുടെ താൽപര്യക്കുറവ്, സമൂഹ ത്തിന്റെ മുഖ്യധാരകളിലെ നമ്മുടെ അസാന്നിധ്യം തുടങ്ങിയവ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം പുതിയ പ്രവർത്തനശൈലികൾ കണ്ടെത്തുന്നതിനുള്ള പ്രചോദനമായി മാറണം. രക്ഷകനും നാഥനു മായ ഈശോമ്ശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നനിലയിൽ, ആത്മീയബോധ്യങ്ങളിൽ ആഴപ്പെട്ടു കൂടുതൽ കരുത്തോടെ സുവിശേ ഷത്തിന്റെ സാക്ഷികളാകാനാണു നാം ശ്രമിക്കേണ്ടത്. അതോടൊപ്പം, ഇളംതലമുറയെ വിശ്വാസത്തിലും സഭാവബോധത്തിലും ഉറപ്പിക്കാനും അവരുടെ കഴിവുകളും വിഭവശേഷിയും വളർത്തിയെടുക്കാനുമുള്ള പരി ശ്രമങ്ങൾ കൂടുതൽ തീക്ഷ്ണമായി നടത്തേണ്ടതുണ്ട്. സമുദായശക്തീ കരണവർഷത്തിൽ നമ്മുടെ രൂപതകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സഭയെയും സമുദായത്തെയും ബലപ്പെടുത്തുമെന്നു സിനഡു വിലയിരുത്തി. ഇതിനായി നിസ്വാർഥമായി അധ്വാനിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

## ആഴപ്പെടേണ്ട വിശ്വാസജീവിതം

കുടുംബങ്ങളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസ രൂപീകരണവും വിശ്വാസശക്തീകരണവും സഭയുടെ കരുതലിന്റെ ഭാഗ മാണ്. ലോകമെമ്പാടും സീറോമലബാർ സഭ വളർന്നതിന്റെ പിന്നിൽ പ്രവാസികളുടെ വിശ്വാസതീക്ഷ്ണത പ്രധാനപ്പെട്ട ഘടകമായിരുന്നു വെന്നതു നിസ്തർക്കമാണ്. തങ്ങളുടെ പൂർവികരുടെ അതേ വിശ്വാസ തീക്ഷ്ണതയോടെ മക്കളെ വളർത്താൻ പുതിയ തലമുറയിലെ ഭൂരിപക്ഷം മാതാപിതാക്കളും പരിശ്രമിക്കുന്നുവെന്നതു നമുക്ക് അഭിമാനകരമാണ്. എന്നാൽ, ഇന്ന് അനുദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയി രിക്കുന്ന ഡിജിറ്റൽ സങ്കേതങ്ങളാൽ പ്രത്യേകിച്ച്, സമൂഹ മാധ്യമങ്ങളാൽ

സ്വാധീനിക്കപ്പെടുന്നവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക നിരീശ്വരത്വത്തിന്റെ സ്വാധീനം അനുദിനം വർധിതമാകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ കുടുംബങ്ങളുടെ വിശ്വാസപരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏകരക്ഷകനായ ഈശോമ്ശിഹായെക്കുറിച്ചും മ്ശിഹായുടെ മൗതികശരീരമായ സഭയെക്കുറിച്ചുമുള്ള ബോധ്യങ്ങൾ വിശ്വാസജീവിതത്തിൽ നിരന്തരം ആഴപ്പെടുത്തേണ്ടതുണ്ട്. വിശ്വാസതീക്ഷ്ണതയിൽ കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും കാലത്തിനൊത്തു വളർത്താൻ ഉതകുന്നരീതിയിൽ അജപാലനപ്രവർത്തനങ്ങൾ ക്രമീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. മൂല്യശോഷണം, വ്യക്തിവാദം, സാമ്പത്തിക സമ്മർദങ്ങൾ, തലമുറകൾ തമ്മിലുള്ള അകലം, ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീനം തുടങ്ങിയ നിരവധി വെല്ലുവിളികളെ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, കുടുംബജീവിതത്തിലേക്കുള്ള ദൈവവിളിയെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ കൃപകൾ സ്വീകരിക്കാനും യുവജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യം, മയക്കുമരുന്നു തുടങ്ങിയ സാമൂഹികതിന്മകൾക്കെതിരെയുള്ള പോരാട്ടവും ബോധവത്ക്കരണവും നാം കൂടുതൽ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

## പ്രേഷിതപ്രവർത്തനത്തിനു നവോന്മേഷം

ഭാരതം മുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്താനുള്ള സാധ്യത ലഭിച്ചതുമുതൽ, ഏറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സുവിശേഷവത്ക്കരണപ്രവർത്തനങ്ങൾ സീറോമലബാർസഭ നടത്തിവരുന്നു. ''ക്രൈസ്തവൻ ആയിരിക്കുക എന്നാൽ സുവിശേഷകൻ ആയിരിക്കുക എന്നുകൂടിയാണ്'' (CCC 900) എന്ന ബോധ്യം നമുക്കുണ്ടാകണം. ''നിങ്ങൾ ലോകമെങ്ങുംപോയി സുവിശേഷം പ്രഘോഷിക്കുവിൻ''"(മർക്കോ.16:15) എന്ന കൽപന ലഭിച്ചവരായതുകൊണ്ടു, സുവിശേഷപ്രഘോഷണം നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യഭാഗമാണ്. ഇന്ത്യൻ ഭരണഘടനയുടെ 25-ാം അനുച്ഛേദത്തിലൂടെ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനൽകിയിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസത്തിൽനിന്നു ഉടലെടുക്കുകയും എന്നാൽ മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരെയും ആശ്ലേഷിക്കുന്നതുമാണു സഭയുടെ

സേവനമേഖലകൾ. എന്നാൽ, നിർബന്ധിത മതപരിവർത്തനം എന്ന ആരോപണം ഉന്നയിച്ചു നമ്മുടെ വിശ്വാസജീവിതത്തെയും ജീവകാരുണ്യ വിദ്യാഭ്യാസശുശ്രൂഷകളെയും തടസ്സപ്പെടുത്തുന്ന പ്രവണതകൾ ഇന്ത്യയുടെ മതേതരസ്വഭാവത്തിനു യോജിച്ചതല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

2024ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം 'ജീവൻജ്യോതി' എന്ന പേരിൽ അൽമായ പ്രേഷിതമുന്നേറ്റത്തിനു സഭാതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2033ലെ രക്ഷാകരസംഭവത്തിന്റെ മഹാജൂബിലി ലക്ഷ്യമാക്കി സഭയുടെ പ്രേഷിതദൗത്യത്തിനു പുതിയ ഉണർവുനൽകുന്ന പദ്ധതിയാണു ജീവൻജ്യോതി വിഭാവനം ചെയ്യുന്നത്. ഈ മുന്നേറ്റത്തിന്റെ ഭാഗമായി ഓരോ രൂപതയിലും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിക്കാനും ശക്തിപ്പെടുത്താനും ആഹ്വാനം ചെയ്യുന്നു. വളരെ ദുർഘടമായ സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്ന മിഷനറിമാരെ സഭ ഏറെ വാത്സല്യപൂർവം അഭിവാദനം ചെയ്യുന്നു.

## പരിഹാരം കാണേണ്ട ജീവിതപ്രശ്നങ്ങൾ

കേരളത്തിൽനിന്നുള്ള ഏതാനും പാർലമെന്റ്, നിയമസഭാസാമാജികരുമായി സംവദിച്ചു സഭയും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരസ്പരം ശ്രദ്ധയിൽപ്പെടുത്താനും പരിഹാരങ്ങൾ അന്വേഷിക്കാനും സിനഡുപിതാക്കന്മാർക്ക് അവസരം ലഭിച്ചു. ആവശ്യമായ കൂടിയാലോചനകൾക്കുശേഷം ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കണമെന്നും അധ്യാപകനിയമനപ്രതിസന്ധിയുൾപ്പെടെ വിദ്യാഭ്യാസമേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കും വർഷങ്ങളായി തീരുമാനമാകാതെ നീളുന്ന പരിസ്ഥിതിലോലമേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നുള്ള ആവശ്യങ്ങൾ ജനപ്രതിനിധികളുടെ മുൻപിൽ അവതരിപ്പിച്ചു. അതോടൊപ്പം, നിയമവിധേയമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ-സാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിയമനിർമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലുള്ള ആശങ്കയും പങ്കുവച്ചു. രാജ്യത്തെ നിയമങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും മാനിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമവ്യവസ്ഥകൾ രൂപപ്പെടുന്നത് ഏറെ ഉൽകണ്ഠാജനകമാണ്. അതേസമയം, ദുർഘടമായ പാതകളിലൂടെ

സഞ്ചരിച്ചുകൊണ്ടാണു സഭ എന്നും ലോകത്തിന്റെ പ്രകാശമായി നില കൊണ്ടിട്ടുള്ളതെന്നു നാം മറക്കരുത്. പ്രതിസന്ധികളെ അതിജീവിച്ചു സത്യത്തിനും നീതിക്കും മനുഷ്യന്റെ അന്തസ്സിനുംവേണ്ടി ശബ്ദമുയർത്തി ക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായുള്ള സഭയുടെ ദൗത്യം കൂടുതൽ ശക്തമായി നമുക്കു തുടരാം.

## കൂട്ടായ്മ നമ്മുടെ ഉത്തരവാദിത്വം

പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടെങ്കിലും, ''സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും നൽകപ്പെട്ടിരിക്കുന്ന'' (മത്താ. 28:18) നമ്മുടെ കർത്താവിലാണു നമ്മുടെ പ്രത്യാശ. 'കർത്താവു കൂടെ നടക്കുന്ന ജനമെന്ന' നിലയിൽ (പുറ. 33:14) കൂടുതൽ കരുത്തോടെ മുന്നോട്ടുപോകേണ്ടവരാണ് നാം. നമ്മുടെ സഭയുടെ ഒരുമിച്ചുള്ള യാത്ര യിൽ വലിയൊരു ചുവടുവയ്പായിരുന്നു അൾത്താരയിലെ ഐക്യം. വ്യത്യസ്തമായ കുർബാന അർപ്പണരീതികൾ നമ്മുടെ സഭയുടെ ഐക്യ ബോധത്തെ സാരമായി ബാധിച്ചുവെന്ന തിരിച്ചറിവിലാണു 1999 മുതൽ ഐക്യശ്രമങ്ങൾ ആരംഭിച്ചത്. അതു പൂർണമായി നടപ്പിൽ വരുത്താൻ സാധിക്കാത്തതു ദുഃഖകരമാണ്. എന്നാൽ വാക്കുകൾകൊണ്ടു പരസ്പരം മുറിപ്പെടുത്തി ഒരിക്കലും ഐക്യം സാധ്യമാക്കാനാവില്ലെന്നു നാം തിരി ച്ചറിയണം. പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പാ ആഹ്വാനം ചെയ്തതുപോലെ, ''നമ്മുടെ വാക്കുകൾ നിരായുധീകരിക്കാം; അങ്ങനെ ലോകത്തെ നിരായുധീകരിക്കാൻ നമുക്കു സഹായിക്കാം. അതിനാൽ ഉപയോഗിക്കുന്ന വാക്കുകൾ, നമുക്കുള്ള മുൻവിധികൾ, അവയിൽ ഒളി ഞ്ഞുകിടക്കുന്നതോ പ്രകടമായതോ ആയ ആക്രമണോത്സുകത എന്നി വയെക്കുറിച്ചു നാമെല്ലാവരും ആത്മശോധന ചെയ്യേതുണ്ട്'' (മാനവ മഹത്വം, 214).

നിരന്തരമായ പ്രാർഥനയും വ്യക്തിപരമായ മാനസാന്തരവും പരസ് പരമുള്ള അനുരഞ്ജനവും മാത്രമേ ശാശ്വതമായ സമാധാനത്തിലേക്കു നയിക്കൂ. 'നീതിയില്ലാതെ സമാധാനം നിലനിൽക്കുകയില്ല' എന്ന സത്യം അംഗീകരിക്കുമ്പോഴും കോടതിവ്യവഹാരങ്ങളിലൂടെയല്ല സഭയിൽ സമാധാനം നേടേണ്ടതെന്നു എല്ലാവരും തിരിച്ചറിയണം. ജയപരാജയ ങ്ങളിലല്ല, ക്രൂശിതന്റെ വിധേയത്വത്തിലൂടെയാണു രക്ഷ കൈവരു ന്നത്. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അഭിവന്ദ്യ പിതാക്കന്മാരുടെ നിർദേശങ്ങൾ സ്വീകരിച്ച് ഐക്യത്തിന്റെ സന്ദേശവാഹകരാകാൻ നമുക്കു

ശ്രമിക്കാം. ''ദൈവകൃപ സംഘർഷങ്ങളെ അത്ഭുതകരമായി ഒറ്റയടിക്ക് ഇല്ലാതാക്കുന്നില്ല; മറിച്ച്, അത് തിന്മയ്ക്കെതിരെയുള്ള സജീവമായ പ്രതിരോധത്തിനും തിന്മയെ മറികടക്കുന്നതിലെ അത്ഭുതകരമായ സർഗാത്മകതയ്ക്കും പ്രചോദനമേകുന്നു'' (മാനവമഹത്വം, 211) എന്ന പരിശുദ്ധ പിതാവു ലെയോ മാർപാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. നന്മയുടെ പുതിയ മാനങ്ങൾ തേടിക്കൊണ്ടു പരിമിതികളെ മറികടക്കാൻ നമുക്കു പരിശ്രമിക്കാം.

## കാലാനുസൃതമായ പുരോഹിതപരിശീലനം

പൗരോഹിത്യ ദൈവവിളികളാൽ സഭയെ സമ്പന്നമാക്കുന്ന സർവശക്തനായ ദൈവത്തിനു നമുക്കു നന്ദിപറയാം. ആധുനികലോകത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ സിനഡു ചർച്ചയ്ക്കു വിഷയമാക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനു വൈദികർക്കുവേണ്ടിയുള്ള കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. വൈദികാർഥികളുടെ പരിശീലനം കാലത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനു തയ്യാറാക്കിയ പാഠ്യപദ്ധതി മൈനർ സെമിനാരി മുതൽ ആരംഭിച്ചുവെന്നതു സന്തോഷകരമാണ്. വിശ്വാസതീക്ഷ്ണതയാൽ നിറഞ്ഞു സഭയുടെ മനുഷ്യരായി മ്ശിഹായ്ക്കു സാക്ഷ്യംനൽകാൻ വൈദികർക്കു സാധിക്കുമ്പോഴാണു ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം വ്യാപിക്കുന്നത്.

സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെക്കുറിച്ചും സഭ ദൈവത്തിനു നന്ദിപറയുന്നു. സമർപ്പിതസമൂഹങ്ങളിലൂടെ എത്രമാത്രം അനുഗ്രഹങ്ങളാണു ദൈവം നമുക്കു ചൊരിയുന്നത്. കാരുണ്യ-വിദ്യാഭ്യാസമേഖലകളിലും പ്രേഷിതപ്രവർത്തനങ്ങളിലും ത്യാഗനിർഭരമായി ശുശ്രൂഷചെയ്യുന്ന സമർപ്പിതർ സുവിശേഷത്തിന്റെ സൗരഭ്യം ലോകത്തിൽ പ്രസരിപ്പിക്കുന്നവരാണ്. അതിനാൽത്തന്നെ സമർപ്പിതജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതുണ്ട്. സിനഡു സമ്മേളനത്തിന്റെ ഭാഗമായി സമർപ്പിതസമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരുമായി നടത്തിയ കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നു.

## സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ

സീറോമലബാർസഭയുടെ പുരാതനവും സമ്പന്നവുമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഗവേഷണങ്ങൾ നടത്തു

ന്നതിനും സഹായിക്കുന്ന ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ പൊതു സമൂഹത്തിനായി തുറന്നുകൊടുക്കാൻ നമുക്കു കഴിഞ്ഞു. ഈ കേന്ദ്ര ത്തിൽ സജ്ജീകരിച്ചിരിക്കുന്ന സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം കേരളത്തിലേതന്നെ പ്രധാനപ്പെട്ട ക്രിസ്ത്യൻ മ്യൂസിയങ്ങളിലൊന്നാണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥാപിച്ചിരിക്കുന്ന ഈ പൈതൃക കേന്ദ്രവും മ്യൂസിയവും സന്ദർശിക്കാൻ ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

## കോട്ടയം അതിരൂപതയ്ക്കു സഹായമെത്രാൻ

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പെരിയ ബഹു. ആനിമൂട്ടിൽ തോമസച്ചനെ നിയമിച്ചതു സീറോമലബാർസഭയ്ക്കാകെ ഏറെ സന്തോഷകരമായ കാര്യമാണ്. ബഹു. തോമസ് അച്ചന് എല്ലാ വിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെയെന്നു പ്രാർഥിക്കുകയും അദ്ദേഹ ത്തിന്റെ ശുശ്രൂഷകൾക്കു ആശംസകളും ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ദൈവീകപരിപാലനയിൽ നടന്ന ഈ സിനഡ്, നമ്മുടെ സഭയെ ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തുന്നതിനുള്ള പുതിയ ഉത്തരവാദിത്വബോധമാണ് നമ്മിൽ ഉണർത്തുന്നത്. പ്രതിസന്ധികളിൽ തളരാതെ, വെല്ലുവിളികളിൽ പതറാതെ, കർത്താവിൽ പ്രത്യാശയർപ്പിച്ചു വിശ്വാസത്തിലും കൂട്ടായ്മയിലും പ്രേഷിത തീക്ഷ്ണതയിലും നമുക്കു മുന്നേറാം.

കേരളത്തിൽ മൺസൂൺ മഴയെത്തുടർന്നുണ്ടായ ദുരന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളോടുള്ള നമ്മുടെ സഭയുടെ ഹൃദയപൂർവമായ ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു. അതോടൊപ്പം, നേപ്പാളിൽ സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തത്തിൽ പ്രിയപ്പെട്ട വരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുകയും വീടും ഉപജീവന മാർഗങ്ങളും ഇല്ലാതായവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യംതേടിക്കൊണ്ടു, നമ്മുടെ സഭയെയും കുടുംബങ്ങളെയും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവു നമ്മുടെ

യാത്ര നയിക്കുകയും മ്ശിഹായിൽ ഒന്നായ ഒരു സഭയായി കൂടുതൽ ശക്തിയോടെ സുവിശേഷത്തിനു സാക്ഷ്യംവഹിക്കാൻ നമ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026-ാം ആണ്ട് ആഗസ്റ്റ് മാസം 28-ാം തീയതി നൽകപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2026 സെപ്റ്റംബർ 06 ഞായറാഴ്ച*** സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കേണ്ടതാണ്.

**സർക്കുലർ**

26 Ch. TCL 29

# വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ജൂബിലിവർഷാഘോഷം അതിരൂപതാ തലത്തിൽ

ഈശോമിശിഹായിൽ സ്നേഹംനിറഞ്ഞ വൈദികരെ, സമർപ്പിതരെ, സഹോദരീ സഹോദരന്മാരേ,

വി. ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗീയ ജനനത്തിന്റെ 800–ാം വാർഷികത്തോടനുബന്ധിച്ച്, പരിശുദ്ധ ലെയോ പതിനാലാമൻ മാർപാപ്പ സഭയെ മുഴുവൻ വിശുദ്ധന്റെ സുവിശേഷചൈതന്യത്താൽ പ്രചോദിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച 'വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷം' 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെ നാം ആഘോഷിക്കുകയാണല്ലോ. ഈശോയോടുള്ള ആഴമായ സ്നേഹം, ലാളിത്യം, താഴ്മ, പാവങ്ങളോടുള്ള കരുണ, അനുരഞ്ജനം, സമാധാനം, സഹോദരത്വം, ദൈവസൃഷ്ടികളോടുള്ള സ്നേഹം എന്നിവയാണ് വി. ഫ്രാൻസിസ് നമ്മെ പഠിപ്പിച്ച ശ്രേഷ്ഠ മൂല്യങ്ങൾ. ഈ ജൂബിലിയാഘോഷങ്ങളിൽ യോഗ്യതയോടെ പങ്കുചേരുന്ന വിശ്വാസികൾക്കും ഫ്രാൻസിസ്കൻ ദൈവാലയങ്ങളിലേക്കോ, വിശുദ്ധനുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങളിലേക്കോ തീർത്ഥാടനം നടത്തുന്നവർക്കും സാധാരണ വ്യവസ്ഥകൾക്കു വിധേയമായി പൂർണ്ണദണ്ഡവിമോചനം (Plenary Indulgence) ലഭ്യമാകുമെന്ന് ലെയോ പതിനാലാമൻ പാപ്പാ വ്യക്തമാക്കിയിട്ടുണ്ട്.

അതിരൂപതാതലത്തിലുള്ള ജൂബിലിവർഷാചരണം വി. ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിലുള്ള ആലപ്പുഴ പൂന്തോപ്പ് ഇടവകയിലാണ് നടത്തപ്പെടുന്നത്. ഈ സമ്മേളനം ഒക്ടോബർ 02 വെള്ളിയാഴ്ച രാവിലെ 09.30നു പരിശുദ്ധ കുർബാനയോടെ ആരംഭിച്ച്, ഉച്ചയ്ക്ക് 01.00നു സ്നേഹവിരുന്നോടെ സമാപിക്കും.

ഈ പുണ്യചടങ്ങിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും കുറഞ്ഞത് രണ്ടുപേർ വീതം സംബന്ധിക്കേണ്ടതാണ്. പ്രത്യേ

കമായി എടത്വ, ചമ്പക്കുളം, പുളിങ്കുന്ന്, ആലപ്പുഴ, മുഹമ്മ എന്നീ ഫൊറോനകളിലെ ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് അഞ്ചുപേർ വീതം നിർബന്ധമായും പങ്കുചേരേണ്ടതുണ്ട്. നിങ്ങളുടെ ഇടവകയിൽ നിന്ന് എത്രപേർ പങ്കെടുക്കുമെന്ന വിവരം അതാത് ഫൊറോനാ വികാരി മാരെ മുൻകൂട്ടി അറിയിക്കണമെന്നു പ്രത്യേകമായി ഓർമ്മിപ്പിക്കുന്നു.

വി. ഫ്രാൻസിസിനൊപ്പം നമുക്കും ഈശോയെ സ്നേഹത്തോടെ അനുഗമിക്കാം. അവിടുന്നു കാണിച്ചുതന്ന സമാധാനം, സഹോദരത്വം, സൃഷ്ടിയുടെ പരിപാലനം എന്നിവ നമ്മുടെ ജീവിതത്തിൽ സദാ പ്രാവർ ത്തികമാക്കാം. ഈ സമ്മേളനത്തിൽ സജീവമായി പങ്കുചേർന്നു ഫ്രാൻ സിസ്കൻ ചൈതന്യം സ്വന്തമാക്കാൻ ഏവരെയും ഹൃദയപൂർവം ക്ഷണിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,

+ [signature]

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 സെപ്റ്റംബർ 13 ഞായറാഴ്ച*** പരിശുദ്ധ കുർബാന മധ്യേയുള്ള വചനപ്രഘോഷണത്തിനു ശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

## സർക്കുലർ

26 Ch. TCL 30

# സമുദായ ശക്തീകരണം ദീപിക വരിക്കാരാകുന്നതിലൂടെ

ഈശോമിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, അല്മായ പ്രേഷിതരെ,


ഒരു വ്യക്തിക്കു ശബ്ദം നഷ്ടപ്പെടുന്നതിനേക്കാൾ വലിയ ദുരന്തമാണ് ഒരു സമൂഹത്തിന് ശബ്ദം നഷ്ടപ്പെടുന്നത്. ദീപിക നമ്മുടെ സമൂഹത്തിന്റെ ശബ്ദമായതിനാൽ വ്യക്തമായ കാഴ്ചപ്പാടുകളും മൂല്യവത്തായ ചിന്താഗതികളുമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുത്ത് ദീപികയെ ശക്തിപ്പെടുത്തേണ്ടത് നാമേവരുടെയും കടമയാണ്. കഴിഞ്ഞ 140 വർഷങ്ങളായി പ്രിന്റ്, ഓൺലൈൻ, സോഷ്യൽ മീഡിയ തലങ്ങളിൽ വേറിട്ട മാധ്യമ ദൗത്യമാണ് കേരളത്തിലെ ആദ്യ മലയാള ദിനപത്രമായ ദീപിക നിർവഹിക്കുന്നത്. സീറോമലബാർ സഭ 'സമുദായ ശക്തീകരണ വർഷമായി' ആചരിക്കുമ്പോൾ, പ്രധാന കർമ്മപദ്ധതി എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കുക എന്നതാണ്. ഇതിനായി അതിരൂപത പാസ്റ്ററൽ കൗൺസിൽ, ഫൊറോന-പാരിഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, മതാധ്യപകർ, സ്കൂൾ-കോളേജ് അധ്യാപകർ, കുടുംബക്കൂട്ടായ്മ ലീഡർമാർ, വിവിധ സംഘടനകളുടെ ഭാരവാഹികൾ എന്നിവർ നിർബന്ധമായും ദീപികയുടെ വരിക്കാരായി മാതൃകയാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ അവകാശങ്ങൾ, കാർഷിക പ്രതിസന്ധികൾ (കുട്ടനാട്-മലയോര മേഖലകൾ), വിമോചനസമരം, സ്വാതന്ത്ര്യസമരം, സാർവത്രിക വിദ്യാഭ്യാസം തുടങ്ങി ക്രൈസ്തവ സമൂഹവും പൊതുസമൂഹവും നേരിട്ട എല്ലാ പോരാട്ടങ്ങളിലും ദീപിക മുന്നിൽ നിന്നിട്ടുണ്ട്. അടുത്തകാലത്ത് വന്യമൃഗശല്യം, അധ്യാപക നിയമനം, EWS, FCRA നിയമഭേദഗതി വിഷയം എന്നിവ ശക്തമായി ഉയർത്തിക്കാട്ടാനും സാധിച്ചു. മികച്ച മുഖപ്രസംഗങ്ങളും സത്യസന്ധമായ നിലപാടുകളുമുള്ള ദീപിക പൂർണ്ണമായും സഭാതനയരുടെ സ്വന്തമാണ്. അതിനാൽ

അനാവശ്യ വിമർശനങ്ങൾ അവസാനിപ്പിച്ച് നാം ഈ പത്രത്തെ ചേർത്തു പിടിക്കണം.

എല്ലാ കുടുംബങ്ങളെയും ദീപികയുടെ വരിക്കാരാക്കുന്നതിനായി 2026 ഒക്ടോബർ – നവംബർ മാസങ്ങൾ 'ദീപിക തീവ്രപ്രചരണ മാസങ്ങളായി' പ്രഖ്യാപിക്കുന്നു. ഇതിനു മുന്നോടിയായി സെപ്റ്റംബറിൽ എല്ലാ ഇടവകകളിലും 'ദീപിക ഫ്രണ്ട്സ് ക്ലബ്ബ്' (DFC) ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തുകയും, ഒക്ടോബറിൽ വികാരിയച്ചന്മാരുടെയും DFC യുടെയും നേതൃത്വത്തിൽ ഭവനസന്ദർശനം നടത്തി പ്രചാരണം നടത്തുകയും വേണം. ദീപികയുടെ വരിക്കാർക്കും പ്രചാരകർക്കും വിതരണക്കാർക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നതോടൊപ്പം, ദീപിക ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ നമ്മുടെ കുടുംബങ്ങളുടെ സ്വന്തമാകട്ടെ എന്ന് ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം,



**✠ തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 സെപ്റ്റംബർ 20 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചനപ്രഘോഷത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

# സർക്കുലർ

26 Ch. TCL 28

ഈശോമിശിഹായിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

അസാധാരണമായ വെള്ളപ്പൊക്കക്കെടുതികളിൽ നമ്മുടെ നാട് ക്ലേശിക്കുകയാണല്ലോ. അനേകം ജനങ്ങൾ സ്വന്തം വീടുവിട്ട് ബന്ധു വീടുകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും അഭയം തേടിയിരിക്കുക യാണ്. സ്കൂളിൽ പോകാൻ കഴിയാത്ത കുട്ടികളുടെയും പരിമിത സാഹ ചര്യങ്ങളിൽ കഴിയേണ്ടിവരുന്ന രോഗികളുടെയുമൊക്കെ അവസ്ഥ നമ്മുടെ കൺമുമ്പിലുണ്ട്. ഈ സാഹചര്യത്തിൽ സാഹോദര്യത്തി ന്റെയും കാരുണ്യത്തിന്റെയും വഴികൾ തെളിച്ച് പരസ്പരം പിന്തുണയ് ക്കാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്ന ജനപ്രതിനിധികളും സർക്കാർ സംവിധാനങ്ങളും നമ്മുടെ അഭിനന്ദനം അർഹിക്കുന്നുണ്ട്. പ്രത്യേകിച്ചും ദുരിതാശ്വാസ ക്യാമ്പുക ളിലെത്തിയിരിക്കുന്നവർക്ക് മികച്ച സേവനം നൽകുവാൻ എല്ലാവരും ശ്രദ്ധിക്കുന്നുവെന്നത് സ്വാഗതാർഹമാണ്. എങ്കിലും വെള്ളപ്പൊക്ക ദു രിതാശ്വാസത്തേക്കാൾ നമുക്ക് വേണ്ടത് വെള്ളപ്പൊക്കം ഉണ്ടാകാതിരി ക്കാനുള്ള മുൻകരുതലുകളും പരിശ്രമങ്ങളുമാണ്. പ്രളയം ഉണ്ടാകു മ്പോൾ മാത്രം പ്രളയനിവാരണം ചർച്ച ചെയ്യുകയും പ്രളയം കഴിയു മ്പോൾ അത് മറന്നുപോകുകയും ചെയ്യുന്നതാണ് സാധാരണ കണ്ടു വരുന്നത്. തോടുകളുടെയും കായലുകളുടെയും ആഴം കൂട്ടിയാൽ ത്തന്നെ പ്രളയത്തെ വലിയൊരളവിൽ നിയന്ത്രിക്കാനാകും. ഫലപ്രദ മായ നടപടികളിലൂടെ നമ്മുടെ നാടിന്റെ സുരക്ഷ ഉറപ്പാക്കാൻ പരിശ്രമി ക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഈ പ്രളയകാലത്ത് നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നമുക്ക് മുന്നിട്ടിറങ്ങാം. 'പരസ്പരം ഭാരം പേറിക്കൊണ്ട് മിശിഹായുടെ നിയമം പൂർത്തിയാക്കുവിൻ' (ഗലാ 6:2) എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് ജാതിമതഭേദമെന്യേ ഏവരെയും സഹാ യിക്കാൻ പരിശ്രമിക്കുന്നതാണല്ലോ നമ്മുടെ പതിവ്. വയനാട് പ്രകൃതി ദുരന്തത്തിന് ഇരയായവർക്കുവേണ്ടി കഴിഞ്ഞവർഷം നാം 50 ലക്ഷം രൂപ കൈമാറുകയുണ്ടായി. അവിടെ ഇതിനകം 72 വീടുകൾ പൂർത്തി

യാക്കുകയും നൂറോളം വീടുകളുടെ പണി കെ.സി.ബി.സി.യുടെ (KCBC) നേതൃത്വത്തിൽ നടക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമാണ്.

നമ്മുടെ അതിരൂപതയിൽ മാത്രം 92 ഇടവകകളിലായി 4000-ത്തിൽ അധികം കുടുംബങ്ങൾ വെള്ളപ്പൊക്ക ദുരിതം അനുഭവിക്കുന്നുണ്ട്. അവരെ സഹായിക്കേണ്ടത് നമ്മുടെ അടിയന്തിര കടമയാണ്. ആകയാൽ ഓഗസ്റ്റ് 16 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി നമുക്കു മാറ്റിവയ്ക്കാം. നമ്മുടെ സാമൂഹ്യ സേവന വിഭാഗമായ 'ചാസ്' (CHASS) ന്റെ നേതൃത്വത്തിൽ ഫലപ്രദമായി നമുക്കു പുനരധിവാസ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും.

വെള്ളം കയറിയ വീടുകൾ വൃത്തിയാക്കാനായി അതിരൂപതാ എസ്.എം.വൈ.എം. (SMYM) ലെ യുവജനങ്ങൾ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കെ.എൽ.എം. (KLM), എ.കെ.സി.സി. (AKCC), മാതൃ-പിതൃവേദി സംഘടനാംഗങ്ങളുടെ പങ്കാളിത്തം ഈ മേഖലയിൽ ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കുന്നു. 'സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുകയും കരയുന്നവരോടുകൂടി കരയുകയും' ചെയ്യാൻ വിളിക്കപ്പെട്ട നമുക്ക് ഈ ദുരന്തസാഹചര്യത്തെ ദൈവാനുഗ്രഹത്തിന്റെ അനുഭവമാക്കി മാറ്റാൻ പരിശ്രമിക്കാം.

കാരുണ്യവാനായ കർത്താവ് നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം,

✠ **തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

**NB:** ***2026 ഓഗസ്റ്റ് 09 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷത്തിനുശേഷം വായിക്കാനായി നൽകിയ സർക്കുലർ.

ദുരിതാശ്വാസത്തിന് പണം അയക്കേണ്ട Account Details ചുവടെ ചേർക്കുന്നു.

Account Name: CARITHAS CHANGANACHERRY
Account number -001305300048130
IFSC-SIBL0000013
South Indian Bank
Main branch : Changanacherry




## I

## സിസ്റ്റേഴ്സിനുള്ള ദൈവശാസ്ത്ര തുടർപരിശീലനപദ്ധതി: 'എക്ലേസിയ' 2026-2027

അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന 70 വയസ്സിനു താഴെയുള്ള എല്ലാ ബഹു. സിസ്റ്റേഴ്സും ഇതിൽ പങ്കെടുക്കേണ്ടതാണ്.

സ്ഥലം: **സീയോൻ ധ്യാനകേന്ദ്രം, കുന്നന്താനം**

| തീയതികൾ | 2026 | 2027 |
|---|---|---|
| | ഓഗസ്റ്റ് 28 - 30 | ജനുവരി 29 - 31 |
| | സെപ്റ്റംബർ 4 - 6 | ഫെബ്രുവരി 19 - 21 |
| | നവംബർ 27 - 29 | ഫെബ്രുവരി 27 - 28 |
| | ഡിസംബർ 4 - 6 | |

## II

## യുവവൈദികർക്കുള്ള തുടർപരിശീലനപദ്ധതി

2018 മുതൽ 2026 വരെ കാലഘട്ടത്തിൽ പൗരോഹിത്യം സ്വീകരിച്ചവർക്കുള്ള തുടർപരിശീലനപദ്ധതി സീയോൻ ധ്യാനകേന്ദ്രത്തിൽ നവംബർ 24-ാം തീയതി രാവിലെ 9.30ന് ആരംഭിച്ച് 25-ാം തീയതി വൈകുന്നേരം നാലോടെ അവസാനിക്കുന്നതാണ്.

## III

## പരിശുദ്ധ കുർബാനനിയോഗം

**2026 ഓഗസ്റ്റ് 17**ന് അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *സ്രാമ്പിക്കൽ ബഹു. തോമസ്* അച്ചനെ നമ്മുടെ

പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.

## IV


## ദൈവാലയഗായകസംഘങ്ങൾക്കുള്ള നിർദ്ദേശം

ദൈവാലയസംഗീതരംഗത്ത് പുതിയ തലമുറയിലെ അംഗങ്ങളുടെ സജീവപങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും ഗായകശുശ്രൂഷയുടെ തുടർച്ച ഉറപ്പുവരുത്തുന്നതിനുമായി, അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഇടവകയിലെ ഔദ്യോഗിക ഗായകസംഘത്തിലെ അംഗങ്ങൾ 60 വയസ്സു പൂർത്തിയാകുമ്പോൾ ഗായകസംഘത്തിലെ സ്ഥിരാംഗത്വത്തിൽനിന്നു വിരമിക്കേണ്ടതാണ്. എന്നിരുന്നാലും, ഏതെങ്കിലും ഇടവകയിൽ പ്രത്യേകസാഹചര്യങ്ങളിൽ 60 വയസ്സു കഴിഞ്ഞ ഒരു അംഗത്തിന്റെ സേവനം തുടരേണ്ടത് അനിവാര്യമാണെങ്കിൽ, ആ ഇടവകയിലെ പ്രതിനിധിയോഗത്തിന്റെയോ പൊതുയോഗത്തിന്റെയോ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഓരോ വർഷത്തേക്കുമായി സേവനകാലാവധി പുതുക്കി നൽകാവുന്നതാണ്. ഇപ്രകാരമുള്ള വാർഷികകാലാവധിനീട്ടൽ 70 വയസ്സു വരെയായിരിക്കും. അതിനുശേഷം ഇടവകയിലെ ഔദ്യോഗിക ഗായകസംഘത്തിലെ സ്ഥിരാംഗത്വം അവസാനിച്ചതായി കണക്കാക്കുന്നതാണ്.

ഈ നിർദ്ദേശം എല്ലാ ഇടവകകളിലും കൃത്യമായി നടപ്പിലാക്കി, യുവജനങ്ങൾക്കും കുട്ടികൾക്കും ദൈവാലയസംഗീതശുശ്രൂഷയിൽ അവസരങ്ങൾ ഒരുക്കുന്നതിനും കോറൽ ഗാനശൈലിയിൽ ആരാധനാഗീതങ്ങൾ ആലപിക്കുന്നതിനും ആവശ്യമായ നടപടികൾ ബഹു. വികാരിമാർ സ്വീകരിക്കേണ്ടതാണ്. ആരാധനക്രമത്തിൽ ഗായകസംഘത്തിനു മാലാഖമാരുടെ സ്ഥാനമാണെന്നു മനസ്സിലാക്കി, അതിനെ ഒരു ദൈവവിളിയായി കരുതി ശുശ്രൂഷ ചെയ്യാൻ സംഘാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ‘ആദരണീയനായ ഗുരുഭൂതൻ’
## സ്രാമ്പിക്കൽ ബഹു. തോമസ് അച്ചൻ



എന്റെ ഗുരുഭൂതനും ആദരണീയനുമായ ബഹു. തോമസ് സ്രാമ്പിക്കൽ അച്ചനെക്കുറിച്ച് ഒരു അനുസ്മരണം എഴുതുവാൻ സാധിക്കുന്നത് വലിയ ഭാഗ്യമായി കണ്ടുകൊണ്ട് ഞാൻ ഈ കുറിപ്പ് ആരംഭിക്കട്ടെ.

1940 ഡിസംബർ 13ന് തോമസ് – ത്രേസ്യ ദമ്പതികളുടെ മകനായി ഭൂജാതനായ തോമസ് അച്ചൻ തന്റെ വൈദികപഠനം പാറേൽ പെറ്റി സെമിനാരിയിലും പൂനാ പേപ്പൽ സെമിനാരിയിലും പൂർത്തിയാക്കി 1967 സെപ്റ്റംബർ 21ന് അഭി. വില്യം ഗോമസ് മെത്രാന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു.

അസിസ്റ്റന്റ് വികാരിയായുള്ള ആദ്യത്തെ ശുശ്രൂഷ അതിരൂപതയുടെ തെക്കേയറ്റത്ത് അമ്പൂരി സെന്റ് ജോർജ് പള്ളിയിലാണ് ആരംഭിച്ചത്. ഒരു വർഷത്തിനുശേഷം പാറേൽ പെറ്റിസെമിനാരിയിൽ അധ്യാപകനായി അദ്ദേഹത്തെ നിയമിച്ചു. അധികാരികളുടെ ആ നിയമനം പരിശുദ്ധാത്മനിറവിൽ ആയിരുന്നുവെന്ന് വെളിപ്പെടുത്തുന്നതാണ് അച്ചന്റെ ശിഷ്യകാല ജീവിതം. തുടർന്ന് റോമിലേക്ക് ഉപരിപഠനത്തിനായി പോയ അദ്ദേഹം വളരെ മികവുറ്റരീതിയിൽതന്നെ ധാർമിക ദൈവശാസ്ത്രപഠനം പൂർത്തിയാക്കി. അക്കാലത്തുതന്നെ തന്റെ പഠനമേഖലയിൽ ധാർമിക ദൈവശാസ്ത്രത്തെ മനഃശാസ്ത്രമേഖലയുമായി ചേർത്ത് കൂടുതൽ മിഴിവുറ്റ സാധ്യതകൾ അദ്ദേഹം പുറത്ത് കൊണ്ടുവന്നു. ഇന്ന് ദൈവശാസ്ത്രപഠനങ്ങൾ നിർബന്ധം പിടിക്കുന്ന ഇന്റർ ഡിസിപ്ലിനറി മെതേഡ് അന്നുതന്നെ അദ്ദേഹത്തിന്റെ പഠനത്തിൽ ഉണ്ടായിരുന്നത് യാദൃശ്ചികതയല്ല, മറിച്ച് അദ്ദേഹത്തിന്റെ ഉൾക്കാഴ്ചയുടെ ഫലമായിരുന്നു. തന്റെ പഠനശേഷം ലഭിച്ച ആദ്യനിയമനം, കേരളത്തിൽതന്നെ പുതിയ തുടക്കം ആയിരുന്ന ബഹു. സിസ്റ്റേഴ്സിന് വേണ്ടിയുള്ള ദൈവശാസ്ത്ര പരിശീലനഭവനത്തിന്റെ (MOC മാങ്ങാനം) ചുമതലയായിരുന്നു. തുടർന്ന് 1979 അവസാനത്തോടെ ബഹു. തോമസച്ചൻ കുറിച്ചി മൈനർ സെമിനാരി റെക്ടർ ആയി ചുമതലയേറ്റു. 1985 വരെയുള്ള അദ്ദേഹത്തിന്റെ ചുമതലക്കാലത്ത് മൈനർ സെമിനാരിയിൽ പഠിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായി. നമ്മുടെ അതിരൂപതയിൽ തിരുപ്പട്ടം സ്വീകരിച്ചിട്ട് 31 മുതൽ 35 വരെ വർഷങ്ങളായ എല്ലാവരുംതന്നെ കുറിച്ചി മൈനർ സെമിനാരി പരിശീലനകാലത്ത് ബഹു. തോമസ് സ്രാമ്പിക്കലച്ചന്റെ ജീവിതത്തെ വളരെ അടുത്തറിഞ്ഞിട്ടുള്ളവരാണ്. അദ്ദേഹത്തിന്റെ നിരീക്ഷണ പാടവം എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരുപക്ഷേ ഒരു സെമിനാരി റെക്ടർക്ക് വളരെ അത്യാവശ്യമായ ഒരു ഗുണവിശേഷമാണത്. കൃത്യമായ നിരീക്ഷണത്തിലൂടെ

ഒരു വ്യക്തി ആരാണെന്നും എന്താണെന്നും എങ്ങനെയുള്ള തിരുത്തലാണ് ആവശ്യമെന്നും അദ്ദേഹം മനസ്സിലാക്കിയിരുന്നു. അത് തീർച്ചയായും അദ്ദേഹത്തിന്റെ പഠനത്തിന്റെ വെളിച്ചത്തിലുള്ള അറിവുകളിൽനിന്നും മാത്രമായിരുന്നില്ല, മറിച്ച് ആഴമേറിയ ആത്മീയതയിൽനിന്ന് ഉരുത്തിരിഞ്ഞിട്ടുള്ള ദർശനങ്ങളുടെ ഫലമായിരുന്നു.

വളരെ മാതൃകാപരമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത്. ഒരിക്കൽപോലും ബ്രദേഴ്സിനോട് തന്റെ മുറിയിൽ ചൂടുവെള്ളം വയ്ക്കാനോ മറ്റെന്തെങ്കിലും സഹായങ്ങളോ അദ്ദേഹം ആവശ്യപ്പെട്ടിരുന്നില്ല. റഫക്ടറിയിൽനിന്ന് അദ്ദേഹം കുടിക്കുവാനുള്ള വെള്ളം സ്വന്തമായി എന്നും എടുത്തുകൊണ്ട് പോകുന്നത് കാണാമായിരുന്നു.

വളരെ അടുക്കും ചിട്ടയോടുംകൂടി കഴിഞ്ഞിരുന്ന ആ ജീവിതത്തിൽ ഞാൻ ശ്രദ്ധിച്ച കുറേകാര്യങ്ങളുണ്ട്. ഒന്നാമതായി താൻ ചെയ്തിരുന്ന ജോലിയോട് കാട്ടിയിരുന്ന ആത്മസമർപ്പണമാണ്. വളരെ അത്യാവശ്യമില്ലാതെ അദ്ദേഹം ഒരിക്കലും മൈനർ സെമിനാരി വിട്ട് പോയിരുന്നില്ല. ബ്രദേഴ്സിന്റെ കളിസ്ഥലങ്ങൾ, അലക്കുന്ന സ്ഥലങ്ങൾ, പൂന്തോട്ടം ഇവിടെയെല്ലാം അദ്ദേഹത്തിന്റെ സാന്നിധ്യം കാണാൻ കഴിഞ്ഞിരുന്നു. രണ്ടാമതായി അധ്യാപകൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ മികവായിരുന്നു. തന്റെ ക്ലാസ് മുറിയിൽ ഇരിക്കുന്ന ഒരു വിദ്യാർഥിക്കും വിരസത തോന്നാത്തവിധം അദ്ദേഹം ക്ലാസുകൾ നയിച്ചിരുന്നു. ദൈവം അദ്ദേഹത്തിന് അധ്യാപനവരം സമ്പന്നമായി നൽകിയിരുന്നു. പഠനകാര്യങ്ങളിൽ ഞാൻ ബുദ്ധിമുട്ടിയപ്പോൾ അച്ചൻ എനിക്ക് നൽകിയ പ്രോത്സാഹനം ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. മൈനർ സെമിനാരി കാലത്ത് അദ്ദേഹം എനിക്ക് പല തിരുത്തലുകളും തന്നിട്ടുണ്ട്. എല്ലാ വിഷയങ്ങൾക്കും മിനിമം 80 ശതമാനം മാർക്ക് വാങ്ങാൻ ബിജിക്ക് കഴിയും, അത് വാങ്ങിയിരിക്കണം. ഒരു ഗുരുദക്ഷിണപോലെ എന്റെ പഠനകാലം മുഴുവനും ബഹു. അച്ചന് ഞാൻ എന്റെ മാർക്ക് ലിസ്റ്റ് അയച്ചുകൊണ്ടിരുന്നു.

മൂന്നാമതായി എന്നെ അത്ഭുതപ്പെടുത്തിയ കാര്യം അദ്ദേഹത്തിന്റെ ലാളിത്യമായിരുന്നു. അദ്ദേഹത്തിന് സ്വന്തമായി വാഹനം ഇല്ലായിരുന്നു. പഠനകാലത്ത് ഉടനീളം നാലുമണി സമയങ്ങളിൽ അദ്ദേഹം ഒരു പച്ച ഷർട്ടും, ചിലപ്പോൾ ഒരു ചെങ്കൽ കളർ ഷർട്ടും കാക്കി പാന്റും ഒക്കെ ഇട്ട് നടക്കുന്നതേ കണ്ടിട്ടുള്ളൂ.

1985ൽ വടവാതൂർ സെമിനാരിയിലേക്ക് പോകുവാൻ മുറി അടുക്കി പെറുക്കുമ്പോൾ ആകെ ലക്ഷ്വറിയായി കണ്ടത് ഒരു ട്രാൻസിസ്റ്റർ റേഡിയോയും ഒരു ടൈപ്പ് റൈറ്ററും മാത്രമായിരുന്നു. കുറെ പുസ്തകങ്ങളും ഒരു പെട്ടിയിൽ വസ്ത്രവും അത്രയും മാത്രമായിട്ടായിരുന്നു ആ യാത്ര.

ഉപരിപഠനത്തിനായി പോകുന്നതിനു മുൻപ് അച്ചനെ കാണാൻ പോയപ്പോൾ അദ്ദേഹം രണ്ടുകാര്യങ്ങൾ പറഞ്ഞു. ഇങ്ങേര് കുറച്ചുകൂടി നേരത്തെ പോകുമെന്നാണ് ഞാൻ കരുതിയിരുന്നത്, ഏറ്റവും ഉപയുക്തമായതും വന്നു കഴിഞ്ഞാൽ മനുഷ്യർക്ക് ഉപകാരപ്രദമായതും പഠിക്കണം, പഠിക്കുമ്പോൾ നല്ലതുപോലെ പഠിക്കുക. തുടർന്ന് 1500 രൂപയുടെ ഒരു ചെക്ക് കയ്യിൽ തന്നിട്ട്

പറഞ്ഞു, ഏറ്റവും നല്ല ഒരു ജോഡി ഷൂ വാങ്ങുക. വളരെ ലളിതമായ ജീവിതം നയിച്ച ആ മഹത് വ്യക്തിത്വം എത്രയോപേരെ ഇതുപോലെ സഹായിച്ചിട്ടുണ്ടാവും.

എന്റെ പഠനകാലയളവിനുശേഷം വടവാതൂർ സെമിനാരി, കാനാ, തൃശ്ശൂർ മേജർ സെമിനാരി, ഒടുവിൽ ഇത്തിത്താനം വൈദികമന്ദിരത്തിൽവച്ചും അദ്ദേഹത്തെ കാണാനും സംവദിക്കാനും ഇടയായിട്ടുണ്ട്. വൈദികമന്ദിരത്തിൽ കാണാൻ ചെന്നിട്ടുള്ള സ്നേഹിതരോടും ശിഷ്യരോടും വളരെ എളിമയോടെ തനിക്ക് ഒരു ബ്ലെസ്സിംഗ് നൽകുവാൻ അദ്ദേഹം ആവശ്യപ്പെടുമായിരുന്നു.

തന്റേതായ കാഴ്ചപ്പാടുകളിൽ ഉറപ്പുണ്ടായിരുന്നതുകൊണ്ട് ആശയപരമായ ചില കാര്യങ്ങളോട് അദ്ദേഹത്തിന് അകൽച്ചകൾ ഉണ്ടായിരുന്നു. എങ്കിലും അതിനെ തന്നിലേക്കുതന്നെ ഒതുക്കി ജീവിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പല നിലപാടുകളും ശരിയായിരുന്നു എന്ന്, (പ്രത്യേകിച്ചും ധാർമിക പ്രബോധനതലങ്ങളിൽ) ഇന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. മൈനർ സെമിനാരി ജീവിതത്തിൽ ഹഠാദാകർഷിച്ച ഒരു ചിത്രം അദ്ദേഹത്തിന്റെ ചാപ്പലിലുള്ള ഇരിപ്പായിരുന്നു. ലെലിയായ്ക്കുശേഷം, തിരികെ പോകുമ്പോൾ കസേരയുടെ രണ്ടു വശങ്ങളിലും കൈകുത്തി, ചൂണ്ടു വിരലുകൾക്കിടയിലേക്ക് മൂക്ക് വെച്ച് മുഖംതാഴ്ത്തി കണ്ണടച്ചുള്ള ആ ഇരുപ്പ് ചിലപ്പോൾ രാത്രികളിലും ചിലപ്പോൾ രാവിലെകളിലും ഞാൻ കണ്ടിട്ടുണ്ട്. അത് എന്നെ വല്ലാതെ സ്പർശിച്ചിട്ടുമുണ്ട്. ഒരു അതിരൂപതയിലെ വൈദികരെ വാർത്തെടുക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലമാണ്. ജീവിതവും ആരോഗവും അറിവും വൈദികാർഥികൾക്കായി പങ്കുവെച്ചതിലൂടെ അതിരൂപതയ്ക്കും കേരള സഭയ്ക്കും ബഹു. അച്ചൻ നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്.

2026 ഓഗസ്റ്റ് 17ന് സ്രാമ്പിക്കൽ ബഹു. തോമസ് അച്ചൻ ദൈവസന്നിധിയിലേക്ക് യാത്രയായി. ഓഗസ്റ്റ് 21 വെള്ളിയാഴ്ച പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെയും മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെയും കാർമ്മികത്വത്തിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷ നടന്നു. അദ്ദേഹത്തിന്റെ ശിഷ്യന്മാരും സഹപ്രവർത്തകരുമായ മെത്രാപ്പോലീത്താമാരും മെത്രാന്മാരും അനേകം വൈദികരും മൃതസംസ്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

നിശബ്ദതയുടെ കലയും, ഗാംഭീര്യം സ്ഫുരിക്കുന്ന മുഖവും, തികഞ്ഞ പാണ്ഡിത്യത്തിലും പുലർത്തിയിരുന്ന എളിമയും, കൊട്ടിഘോഷിക്കപ്പെടാത്ത ആത്മീയതയുടെ നിറവും, അടുക്കും ചിട്ടയും കലർന്ന ജീവിതവും വഴി ഞങ്ങളെ സമ്പന്നരാക്കിയ ഗുരുഭൂതന്റെ ഓർമ്മകൾക്കു മുൻപിൽ പ്രണാമം.

**ഫാ. ജേക്കബ് കോയിപ്പള്ളി**

# 17-ാം പ്രസ്ബിറ്ററൽ കൗൺസിലിന്റെ 7-ാമത് സമ്മേളനത്തിന്റെ റിപ്പോർട്ട്

ചങ്ങനാശേരി അതിരൂപതയുടെ 17–ാമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഏഴാമത് സമ്മേളനം 2026 ജൂലൈ 28 ബുധനാഴ്ച രാവിലെ 10.30ന് അതിരൂപത ഭവനത്തിൽ വച്ച് നടത്തപ്പെട്ടു.

അതിരൂപത പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ഏവർക്കും സ്വാഗതം ആശംസിച്ചു. അതിരൂപതയുടെ അജപാലന പദ്ധതികൾക്ക് വൈജ്ഞാനിക ദിശാബോധം നൽകുന്നതിൽ പ്രസ്ബിറ്ററൽ കൗൺസിൽ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും ഈ പദ്ധതികളുടെ വിജയത്തിന് വൈദികരുടെ ആത്മാർത്ഥമായ സഹകരണം അനിവാര്യമാണെന്നും വികാരി ജനറാൾ അച്ചൻ ഓർമ്മിപ്പിച്ചു. അതിരൂപതയ്ക്കായി ജീവിതം സമർപ്പിച്ച് വേർപിരിഞ്ഞുപോയ വൈദികരെ കൃതജ്ഞതയോടെ സ്മരിച്ച അച്ചൻ, അജപാലന പ്രവർത്തനങ്ങളുടെ ഫലദായകത്വം വിലയിരുത്തേണ്ടതിന്റെയും, എല്ലാ പ്രായത്തിലും ജീവിതാവസ്ഥയിലുമുള്ളവരെ ഉൾക്കൊള്ളാൻ ഒരു 'പാസ്റ്ററൽ റിസർച്ച് സെന്റർ' ആരംഭിക്കേണ്ടതിന്റെയും ആവശ്യകത ചൂണ്ടിക്കാണിച്ചു. കൃത്യമായ മാർഗ്ഗരേഖ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനം അതിരൂപതയ്ക്ക് പൊതുവായ ശൈലി നൽകുമെന്നും, വിവിധ തലങ്ങളിൽ പുതിയ നേതൃനിരയെ വളർത്തിയെടുക്കാൻ എല്ലാവർക്കും ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം പറഞ്ഞു. കൂടാതെ, സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ പദ്ധതിയായ 'ഓപ്പറേഷൻ തൂഫാനുമായി' സഹകരിച്ച് ഇടവക തലത്തിൽ 'തൂഫാൻ വാരിയേഴ്സിനെ' രൂപീകരിക്കണമെന്നും അച്ചൻ ആഹ്വാനം ചെയ്തു.

അതിരൂപത മേലധ്യക്ഷൻ അഭി. തോമസ് തറയിൽ പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് അതിരൂപതയുടെ അജപാലന പ്രവർത്തനങ്ങൾ ഭംഗിയായി ക്രമീകരിക്കപ്പെടുന്നത് കാണുന്നതിൽ വലിയ സന്തോഷമുണ്ടെന്ന് അഭിവന്ദ്യ പിതാവ് പറഞ്ഞു. 'കളർ എ ഹോം' പദ്ധതി കൂടുതൽ കാര്യക്ഷമമാക്കണം. പദ്ധതിയുടെ ഗുണഫലങ്ങൾ എല്ലാ മേഖലകളിലും എത്തുകയും, കൃത്യമായും പ്രത്യക്ഷത്തിലും ഫലപ്രാപ്തിയിൽ എത്തുന്ന വിധത്തിൽ അതിന്റെ സാമ്പത്തിക സമാഹരണവും വിനിയോഗവും ക്രമീകരിക്കണമെന്നും പിതാവ് പറഞ്ഞു. സമുദായശക്തീകരണം സംബന്ധിച്ചുള്ള പരിപാടികളുടെ ഇടവകതലത്തിലുള്ള നടത്തിപ്പ് വരുംമാസങ്ങളിൽ ഊർജ്ജസ്വലമാക്കണമെന്ന് പിതാവ് ഓർമ്മിപ്പിച്ചു. ഫ്രാൻസിസ് അസ്സീസി വർഷാഘോഷങ്ങൾ സമുചിതമായ പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമാക്കണമെന്നും പൊതുസമൂഹത്തിന്റെ സഹകരണത്തോടെ പരിസ്ഥിതി ആത്മീയത (Eco spirituality) പരിപോഷിപ്പിക്കാൻ ആവശ്യമായ കാര്യങ്ങൾ ആലോചിച്ചു നടപ്പാക്കണമെന്നും പിതാവ് ഓർമിപ്പിച്ചു. തുടർന്ന് നടന്ന ചർച്ചകളിൽ കൃത്യമായി ഇടപെട്ട് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട്, കൗൺസിലിന്റെ നടപടിക്രമങ്ങൾക്ക് അഭി. പിതാവ് വ്യക്തതയും ദിശാബോധവും നൽകി.

ആറാമത് പ്രസ്ബിറ്ററൽ കൗൺസിലിനുശേഷം വൈദിക കൂട്ടായ്മയിൽ നിന്ന് നിത്യതയിലേക്ക് വേർപിരിഞ്ഞ ബഹു. തോമസ് പവ്വത്തുപറമ്പിൽ അച്ചൻ,

ബഹു. സോണി തെക്കുമുറിയിൽ അച്ചൻ, ബഹു. തോമസ് കൊച്ചുതറയിൽ അച്ചൻ, ബഹു. ഡൊമിനിക് പാലത്തിങ്കൽ അച്ചൻ എന്നിവരെ അനുസ്മരിച്ചു കൊണ്ട് ബഹു. സിറിയക് കോട്ടയിൽ അച്ചൻ സംസാരിച്ചു. ബഹു. തോമസ് പവ്വത്തുപറമ്പിൽ അച്ചൻ 1988-ൽ തിരുപ്പട്ടം സ്വീകരിച്ച് ചങ്ങനാശ്ശേരി, തക്കല രൂപതകളിൽ തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്ത് 2026 മെയ് 28ന് അന്തരിച്ചു. തക്കല രൂപതയുടെ വികാരി ജനറാളായും, നാഗർകോവിൽ അൽഫോൻസാ മിഷൻ, അൽഫോൻസാ സ്കൂൾ എന്നിവയുടെ വളർച്ചയിലും നിർണ്ണായക പങ്കുവഹിച്ച അച്ചൻ പുഞ്ചിരിക്കുന്ന മുഖവും നേതൃപാടവവും ജീവിതവിശുദ്ധിയും കാത്തുസൂക്ഷിച്ച മാതൃകാ വൈദികനായിരുന്നു. ബഹു. സോണി തെക്കുമുറിയിൽ അച്ചൻ 1993-ൽ പൗരോഹിത്യം സ്വീകരിച്ച് 2026 ജൂൺ 6ന് ദൈവസന്നിധിയിലേക്ക് യാത്രയായി. മാമൂട് പള്ളി നിർമ്മാണം ഉൾപ്പെടെയുള്ള അജപാലന പ്രവർത്തനങ്ങളിലൂടെ അത്ഭുതകരമായ സേവനം കാഴ്ചവച്ച അച്ചൻ മികച്ചൊരു ധ്യാനഗുരുവും അധ്യാപകനുമായിരുന്നു. സെമിനാരി കാലഘട്ടത്തിലെ തന്റെ സഹപാഠിയും സ്നേഹിതനുമായിരുന്നു സോണിയച്ചനെന്ന് ബഹു. കോട്ടയിലച്ചൻ അനുസ്മരിച്ചു. ബഹു. തോമസ് കൊച്ചുതറ അച്ചൻ 1973-ൽ തിരുപ്പട്ടം സ്വീകരിച്ച് 2026 ജൂലൈ 7ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സൗമ്യവും ലളിതവുമായ ജീവിതം നയിച്ച അദ്ദേഹം മികച്ച ദൈവശാസ്ത്രജ്ഞനും വൈദിക പരിശീലകനുമായിരുന്നു. കാനായുടെ ഡയറക്ടറായും മതബോധന രംഗത്തും മാതൃഇടവകയായ പടഹാരത്തിന്റെ വളർച്ചയിലും അച്ചൻ നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ബഹു. ഡൊമിനിക് പാലത്തിങ്കൽ അച്ചൻ, 1935-ൽ തിരുപ്പട്ടം സ്വീകരിച്ച് 2026 ജൂലൈ 12ന് വിടവാങ്ങി. ചങ്ങനാശ്ശേരി, തക്കല എന്നീ രൂപതകളിൽ ശുശ്രൂഷ ചെയ്ത അദ്ദേഹം രണ്ട് രൂപതകളിലും പ്രൊക്കുറേറ്ററായും തക്കല വികാരി ജനറാളായും സേവനം ചെയ്ത ഉത്തമ മിഷനറിയായിരുന്നു. വിശുദ്ധ കുർബാനയിലും ആരാധനക്രമത്തിലും ഏറെ നിഷ്ഠ പുലർത്തിയ അദ്ദേഹം, ഇത്തിത്താനത്ത് തന്റെ തിരുപ്പട്ട സമയത്ത് വികാരിയായിരിക്കെ പിതാവിനെപ്പോലെ വാത്സല്യം ചൊരിഞ്ഞ പ്രിയപ്പെട്ട വൈദികനായിരുന്നെന്ന് ബഹു. കോട്ടയിലച്ചൻ പറഞ്ഞു.

തുടർന്ന്, അതിരൂപത ജീവകാരുണ്യ ട്രസ്റ്റ് സെക്രട്ടറി ബഹു. ബെന്നി കുഴിയടിയിൽ അച്ചൻ ഭവനനിർമ്മാണ പദ്ധതി സംബന്ധിച്ച് പഠിക്കുന്നതിനായി കൗൺസിൽ നിയോഗിച്ച കമ്മിറ്റിയുടെ നിഗമനങ്ങൾ യോഗത്തിൽ പങ്കുവെച്ചു. ബഹു. തോമസ് കറുകക്കളം അച്ചൻ പാറേൽപ്പള്ളി വെഞ്ചരിപ്പും അനുബന്ധ പരിപാടികളും സംബന്ധിച്ചുള്ള വിവരങ്ങൾ യോഗത്തിൽ അറിയിച്ചു. ബഹു. റോബി തലച്ചെല്ലൂർ അച്ചൻ സെമിത്തേരി നിർമ്മാണവും ഉപയോഗവും സംബന്ധിച്ചുള്ള മാർഗരേഖ യോഗത്തിൽ അവതരിപ്പിച്ചു. ഇവ സംബന്ധിച്ച് കൗൺസിൽ അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

അതിരൂപത സിഞ്ചെല്ലൂസ് വെരി റവ. ഫാ. സ്കറിയ കന്യാകോണിൽ അച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞു. അഭി. പിതാവിന്റെ ആശീർവാദത്തോടെ ഉച്ചയ്ക്ക് 1.15ന് കൗൺസിൽ സമാപിച്ചു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*പ്രസ്ബിറ്ററൽ കൗൺസിൽ സെക്രട്ടറി*

# റവ. ഫാ. ജോൺ പൊറ്റേടം മെമ്മോറിയൽ



"എന്റെ ജീവനെക്കാൾ വലുത് മറ്റൊരാളുടെ ആത്മാവാണ് "

## 25-ാമത് അഖില കേരളാ ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം

**2026 ഒക്ടോബർ 11 ഞായർ 10.30 am**

**പുന്നത്തുറ സാന്തോം പാരീഷ് ഹാൾ**



Venarable Fr. Mathew Kathalikattu

"മതവിദ്യാഭ്യാസം നൽകപ്പെടാത്ത കുട്ടികൾ വാടിപ്പോകുന്ന ചെടികൾക്കു തുല്യമാകുന്നു... ഒരു നല്ല മതാപദേഷ്ടാവ് ലോകത്തിന്റെ വെളിച്ചമാണ് "

A.D. 1610 -ൽ സമാരംഭിച്ച അവിഭക്ത പുന്നത്തുറ ഇടവകയുടെ ഭാഗമായി, സ്ഥാപിതമായ പുന്നത്തുറ വെള്ളാപ്പള്ളി ഇടവക ദൈവാലയ സ്ഥാപകൻ പുണ്യശ്ലോകനായ ബഹു. ജോൺ പൊറ്റേടത്തിൽ അച്ചന്റെ സ്മരണാർത്ഥം 25-ാമത് (രജതജൂബിലി വർഷം) അഖില കേരളാ ബൈബിൾ - സഭാചരിത്ര ക്വിസ് മത്സരം 2026 ഒക്ടോബർ 11 ഞായർ 10.30 am ന് പുന്നത്തുറ വെള്ളാപ്പള്ളി സാന്തോം പാരീഷ് ഹാളിൽ നടത്തപ്പെടുന്നു. പുന്നത്തുറ തിരുഹൃദയമഠത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ഭാഗ്യസ്മരണാർഹനായ ധന്യൻ മാത്യു കദളിക്കാട്ടിലച്ചനെയും ഇത്തരുണത്തിൽ അനുസ്മരിക്കുന്നു.

മത്സര കമ്മറ്റിക്കുവേണ്ടി,

**റവ.ഫാ. എബ്രഹാം (അനിൽ) കരിപ്പിങ്ങാമ്പുറം**
(വികാരി & ഡയറക്ടർ)

**റവ.സി.കാതറൈൻ ജോസഫ് നെടുംപുറം SH**
(പ്രൊവിൻഷ്യൽ സുപ്പീരിയർ, ചങ്ങനാശ്ശേരി)

**ശ്രീ. ബിനു ജോൺ കുന്നത്തേട്ട്**
(സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ)
Mob: 9497460776

**റവ.ഫാ. അലക്സ് പാലമറ്റം**
(സഹവികാരി)

**ശ്രീ. തോമസ് ജോസഫ് തോപ്പിൽ**
(പ്രസിഡന്റ് പൊറ്റേടം കുടുംബയോഗം)

**റവ.സി. എൽസി റോസ് കൊച്ചുപുറം SH**
(മദർ സുപ്പീരിയർ
എസ്.എച്ച്. കോൺവെന്റ്, പുന്നത്തുറ)

## മത്സര വിഷയങ്ങളും മാർക്ക് വിഭജനവും

### മതാധ്യാപകർക്ക്

1. സീറോമലബാർ സഭയിൽ ആരാധനക്രമ പരിഷ്ക്കരണത്തിന്റെ നാൾ വഴി (ആർച്ച്ബിഷപ്പ് ജോസഫ് പെരുന്തോട്ടം) 30 %
2. സീറോമലബാർ സമുദായ ശാക്തീകരണ വർഷം 2026 - Hand Book : Syro Malabar Public Affairs Commission (അധ്യായം 6 വരെ, പേജ് 113 ഉൾപ്പെടെ) 20 %
3. ഇടയ സ്വപ്നം പൂവണിഞ്ഞപ്പോൾ (റവ.സി. പെലാജിയ SH) 20 %
4. ഫാ.ജോൺ പൊറ്റേടം ജീവചരിത്രം (പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ) 30 %

### സൺഡേ സ്കൂൾ വിദ്യാർത്ഥികൾക്ക്

1. വി. യോഹന്നാൻശ്ലീഹായുടെ സുവിശേഷം, (അധ്യായം 1-12 വരെ) 30 %
   വി. പൗലോസ്ശ്ലീഹായുടെ ഗലാത്തിയ ലേഖനം, (അധ്യായം 1-6 വരെ)
2. സീറോമലബാർ സമുദായ ശാക്തീകരണ വർഷം 2026 - ഹാൻഡ് ബുക്ക് (അധ്യായം 6 വരെ, പേജ് 113 ഉൾപ്പെടെ) 20 %
3. ഇടയ സ്വപ്നം പൂവണിഞ്ഞപ്പോൾ (റവ.സി. പെലാജിയ SH) 20 %
4. ഫാ.ജോൺ പൊറ്റേടം ജീവചരിത്രം (പ്രൊഫ. റ്റി.വി. തോമസ് തോപ്പിൽ) 30 %

## സമ്മാനങ്ങൾ

### അധ്യാപകർക്ക്

**I[st] Rs. 5,000 + Ever Rolling Shield**
**(Mar Joseph Perumthottam Priestly Ordination Golden Jubilee Memorial)**
**II[nd] Rs. 4,000 /-**
**III[rd] Rs. 3,000 /-**
**IV[th] Rs. 2,000 /-**
**V[th] Rs. 1,000 /-**

### വിദ്യാർത്ഥികൾക്ക്

**I[st] Rs. 10,000 + Ever Rolling Shield**
**II[nd] Rs. 7,000 + Ever Rolling Shield**
**IIIrd Rs. 5,000 + Ever Rolling Shield**
**4, 5, 6 - സ്ഥാനക്കാർക്ക് യഥാക്രമം**
**Rs. 4000, Rs. 3000, Rs. 2000 /-**
**7-10 - വരെ സ്ഥാനക്കാർക്ക് Rs. 1000 /- രൂപാ വീതം**
എല്ലാവർക്കും പ്രോത്സാഹനസമ്മാനങ്ങൾ

**രജിസ്ട്രേഷൻ അവസാന തീയതി : 05.10.2026**

### മത്സരനിബന്ധനകൾ:

1. എലിമിനേഷൻ റൗണ്ട് ഇല്ലാതെ ഓഫ് ലൈൻ ആയിട്ട് നടത്തുന്ന മത്സരം സംബന്ധിച്ച് ക്വിസ്മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും
2. ഒരു സൺഡേ സ്കൂളിൽ നിന്ന് ഒന്നിൽ കൂടുതൽ ടീമുകൾക്ക് പങ്കെടുക്കാം. വികാരിയച്ചന്റെ സാക്ഷ്യപത്രം ഹാജരാക്കണം. 1 ടീമിൽ പരമാവധി 3 അംഗങ്ങൾ. (ഹയർ കോഴ്സ് ഉൾപ്പെടെ), അധ്യാപകർ (1 ടീമിൽ പരമാവധി 3 അംഗങ്ങൾ)
3. രജിസ്ട്രേഷൻ ഫീസ് Rs. 300, പഠന വിഷയങ്ങൾ ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കുന്നതാണ്.
4. സിലബസിൽ പ്രതിപാദിച്ചിട്ടുള്ള ഓരോ വിഷയങ്ങളിലും പ്രാവീണ്യം നേടുന്ന പ്രതിഭകളെ പ്രത്യേക വ്യക്തിഗത മത്സരത്തിലൂടെ തിരഞ്ഞെടുക്കുന്നതാണ്. (രണ്ടാംഘട്ടം)
5. വിശദാംശങ്ങൾക്ക് ബന്ധപ്പെടുക: ലിറ്റോ തോമസ് വേങ്ങച്ചേരിൽ 8547128524, എബിൻ ബേബി കുഞ്ചറക്കാട്ടിൽ (സ്റ്റാഫ് സെക്രട്ടറി) 9497747315, ലിയോൺ ബിനു കുന്നത്തേട്ട് 7012016364
6. രാവിലെ 9.00 ന് വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. (മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്).

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ സൺഡേസ്കൂളുകളിൽ സി.ആർ.റ്റി. വിസിറ്റുകൾ ആരംഭിക്കുകയാണ്. നമ്മുടെ മികവുകൾ വർദ്ധമാനമാക്കാനും ഏതെങ്കിലും തരത്തിൽ പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കാനും ഈ വിസിറ്റുകൾ ഉപകാരമാകണം. വിശ്വാസകൈമാറ്റം എല്ലാ പ്രകാരത്തിലും കുറ്റമറ്റതാകാൻ നമുക്ക് പരസ്പരം സഹകരിക്കാം. പരിശുദ്ധ അമ്മയുടെ പിറവിതിരുനാളും അതിന്റെ ഒരുക്കമായ 8 നോമ്പും നമുക്ക് ആത്മീയ സന്തോഷത്തിന് കാരണമാകട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

01 ചൊവ്വ : എട്ടുനോമ്പാരംഭം

03 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, ചീപ്പുങ്കൽ (*വൈകുന്നേരം 6-9*)

04 വെള്ളി : ഫൊറോന ധ്യാനം/സെമിനാർ കുറുമ്പനാടം ഫൊറോന (*രാവിലെ 9.30-4*)
ബി.സി.റ്റി. ക്ലാസ്സ് - 3, ആലപ്പുഴ, മുഹമ്മ ഫൊറോനകൾക്ക്, CLT ക്ലാസ്സ് - 6
റ്റീച്ചേഴ്സ് ഈവ്: കെ.സി.സി.എ. സൺഡേ സ്കൂൾ, മാന്നാനം (*വൈകുന്നേരം 6-9*)

05 ശനി : CLT ക്ലാസ്സ് - 7, കൊൽക്കത്തയിലെ വിശുദ്ധ തെരേസാ
റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ വില്ലൂന്നി (*വൈകുന്നേരം 6-9*)

06 ഞായർ : ഏലിയാ-സ്ലീവാ-മൂശെ രണ്ടാം ഞായർ ക്ലാസ്സ് - 14
റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ്മാതാ സൺഡേ സ്കൂൾ, അയിരൂർ (*രാവിലെ 9.30*)

08 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

12 ശനി : CLT ക്ലാസ്സ് - 8, ഫൊറോന ധ്യാനം/സെമിനാർ തൃക്കൊടിത്താനം ഫൊറോന (*രാവിലെ 9.30-4*)
ബി.സി.റ്റി. ക്ലാസ്സ് - 1, അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകൾക്ക് (അതിരമ്പുഴയിൽ)

13 ഞായർ : ഏലിയാ-സ്ലീവാ - മൂശെ മൂന്നാം ഞായർ ക്ലാസ്സ് - 15, സ്ലീവാ കണ്ടെത്തിയ തിരുനാൾ
സ്പെരാൻസ - ആലപ്പുഴ ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, നെടുമൺ, മാർ സ്ലീവാ സൺഡേ സ്കൂൾ, അടൂർ *(രാവിലെ 9.30)*

14 തിങ്കൾ : മാർ സ്ലീവായുടെ പുകഴ്ച

17 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോൺസ് സൺഡേസ്കൂൾ വടക്കുംകര, കുമരകം *(വൈകുന്നേരം 6-9)*

19 ശനി : CLT ക്ലാസ്സ് - 9, ഫൊറോന ധ്യാനം/സെമിനാർ പുളിംകുന്ന് ഫൊറോന *(രാവിലെ 9.30-4)*
ബി.സി.റ്റി. ക്ലാസ്സ് - 2, അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകൾക്ക് (അതിരമ്പുഴയിൽ)

20 ഞായർ : സ്ലീവാ ഒന്നാം ഞായർ, ക്ലാസ്സ് - 16
സ്പെരാൻസ - ചെങ്ങന്നൂർ ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, ചെങ്ങളം *(രാവിലെ 9.30)*

21 തിങ്കൾ : മത്തായിശ്ലീഹാ, CLT ക്ലാസ്സ്
ഫൊറോന ധ്യാനം/സെമിനാർ എടത്വാ ഫൊറോന *(രാവിലെ 9.30-4)*
ബി.സി.റ്റി. ക്ലാസ്സ് - 3, അതിരമ്പുഴ, കോട്ടയം, കുടമാളൂർ ഫൊറോനകൾക്ക് (അതിരമ്പുഴയിൽ)

26 ശനി : CLT ക്ലാസ്സ് - 10

27 ഞായർ : സ്ലീവാ രണ്ടാം ഞായർ, ക്ലാസ്സ് - 17
സ്പെരാൻസ - കൊല്ലം-ആയൂർ ഫൊറോന

29 ചൊവ്വ : മിഖായേൽ, ഗബ്രിയേൽ, റഫായേൽ

**ഒക്ടോബർ**

01 വ്യാഴം : വി. കൊച്ചുത്രേസ്യാ

02 വെള്ളി : കാവൽമാലാഖമാർ,
ഫൊറോന ധ്യാനം/സെമിനാർ ചെങ്ങന്നൂർ ഫൊറോന *(രാവിലെ 9.30-4)*
ബി.സി.റ്റി. ക്ലാസ്സ് - 1, എടത്വാ ഫൊറോന (എടത്വായിൽ)

03 ശനി : വി. ഫ്രാൻസിസ് അസ്സീസ്സി, CLT ക്ലാസ്സ് - 11
ബി.സി.റ്റി. ക്ലാസ്സ് - 2, എടത്വാ ഫൊറോന (എടത്വായിൽ)

04 ഞായർ : സ്ലീവാ ഒന്നാം ഞായർ ക്ലാസ്സ് - 18
**സൺഡേസ്കൂൾ ഒന്നാം ടേം എഴുത്ത് പരീക്ഷ**

09 വെള്ളി : ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമവാർഷികം

## ഫൊറോനാ ധ്യാനവും സെമിനാറും

2026 ജൂണിൽ ആരംഭിച്ചിട്ടുള്ള ധ്യാനം/സെമിനാർ എന്നിവയ്ക്ക് മതാധ്യാപകരായ എല്ലാവരുടെയും മുഴുവൻ സമയ പങ്കാളിത്തം ഉണ്ടാകേണ്ടതാണ്. മതാധ്യാപകരിൽ ആത്മനവീകരണത്തിലൂടെ പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനുതകുംവിധം രാവിലെ സെമിനാറും ഉച്ചകഴിഞ്ഞ് ധ്യാനചിന്തകളുമായി ഇത് ക്രമീകരിച്ചിരിക്കുന്നത്. സ്വന്തം ഫൊറോനയിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അടുത്തുള്ള ഫൊറോനാ സെക്രട്ടറിയെ അറിയിച്ചതിനുശേഷം പങ്കെടുക്കേണ്ടതാണ്.

## സ്പെരാൻസ ഏകദിന സെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിന സെമിനാർ പകുതിയോളം ഫൊറോനകളിൽ പൂർത്തീകരിച്ചു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ഞായറാഴ്ചകളിൽ സൺഡേസ്കൂൾ സമയത്താണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നൽകുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ളതും പ്രഗത്ഭരായവർ നയിക്കുന്നതുമായ ക്ലാസ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

## സി.ആർ.റ്റി. സന്ദർശനം

കാറ്റകെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേ സ്കൂൾ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിച്ചു. നവംബർ അവസാനത്തോടെ സന്ദർശനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ടുകളെല്ലാം സന്ദേശനിലയത്തിൽ ഏൽപിക്കണം. ഓരോ സൺഡേ സ്കൂളും വിസിറ്റിനോട് പൂർണ്ണമായും സഹകരിക്കുക. വിസിറ്റിനുള്ള രണ്ടു തീയതികളിൽ ഒന്ന് തിരഞ്ഞെടുത്ത് വിസിറ്റിന് തയ്യാറാകുക. തീയതികൾ നീട്ടി വയ്ക്കുന്നത് ഒഴിവാക്കുക. സത്യസന്ധതയോടും ആത്മാർത്ഥയോടും കൂടി ഇതിന് വേദിയൊരുക്കുവാൻ സൺഡേ സ്കൂളുകൾ ശ്രദ്ധിക്കണം.

## ബൈബിൾ കലോത്സവം – രചനാമത്സരങ്ങൾ

ഫൊറോനതല രചനാമത്സരങ്ങൾക്ക് ഒന്നാം സ്ഥാനം കരസ്ഥമാക്കിയവരുടെ ലിസ്റ്റും രചനകളും 2026 സെപ്റ്റംബർ അഞ്ചിനു മുമ്പ് സന്ദേശനിലയത്തിൽ നല്കേണ്ടതാണ്. ഇതിൽ നിന്നും അതിരൂപതാ രചനാമത്സര വിജയികളെ തിരഞ്ഞെടുക്കുന്നതാണ്.

## സൺഡേ സ്കൂൾ സ്ഥിതിവിവരകണക്കുകൾ

നിരവധി ഓർമ്മപ്പെടുത്തലുകൾ നടത്തിയിട്ടും അധ്യാപകരുടെയും കുട്ടികളുടെയും സ്ഥിതി വിവരകണക്കുകൾ ഇനിയും സന്ദേനിലയത്തിൽ ഏൽപിക്കാത്ത സൺഡേ സ്കൂളുകൾ ഉണ്ട്. എല്ലാ സൺഡേ സ്കൂളുകളും ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

### സൺഡേ സ്കൂൾ ഒന്നാം ടേം പരീക്ഷ

സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ ഒക്ടോബർ 4 ഞായറാഴ്ച നടത്തപ്പെടുന്നു. 1 മുതൽ 7 ക്ലാസ്സുകൾക്ക് രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. സന്ദേശനിലയത്തിൽ സമർപ്പിച്ച കുട്ടികളുടെ സ്റ്റാറ്റിസ്റ്റിക്സിൽ നൽകിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കും ചോദ്യപേപ്പറുകൾ ലഭ്യമാകുക. സൺഡേ സ്കൂൾ (കുട്ടികളുടെ) സ്ഥിതി വിവരകണക്കുകൾ കൃത്യതയോടെ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. പരീക്ഷാ നടത്തിപ്പിന് സന്ദേശനിലയം നിർദ്ദേശിച്ചിരിക്കുന്ന സമയക്രമീകരണം പാലിക്കേണ്ടതാണ്. ചോദ്യപേപ്പറുകൾ യാതൊരു തരത്തിലും ചോർന്നുപോകാത്തവിധം സുരക്ഷിതമായിരിക്കുവാൻ ശ്രദ്ധിക്കണം.

### ബി.സി.റ്റി. കോഴ്സ്

ബി.സി.റ്റി. കോഴ്സ് 2026 ആഗസ്റ്റ് 27ന് ആലപ്പുഴയിൽ ആരംഭിച്ചു. സെപ്റ്റംബർ 12ന് അതിരമ്പുഴയിലും ഒക്ടോബർ 2ന് എടത്വായിലും ഓരോ ബാച്ചുകൾ ആരംഭിക്കുന്നതാണ്.


## അഭിനന്ദനങ്ങൾ

ഡൽഹി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽനിന്നും
*"LANGUAGE, BIRTH AND DEATH IN MEISTER ECKHART: A LITERARY-PHILOSOPHICAL STUDY IN APOPHASIS"*
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ

**മുല്ലക്കരിയിൽ ബഹു. ജോസഫ് അച്ചന്**



അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ

# ചെറുപുഷ്പ മിഷൻ ലീഗ്
## (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

തിരുസഭ പരിശുദ്ധ അമ്മയുടെ പിറവി തിരുനാളിന്റെ ഒരുക്കദിനങ്ങളിലാണ്. നമ്മൾ എന്നും നോമ്പിന്റെ സ്നേഹിതർ ആയിരുന്നു. നമുക്ക് പ്രിയതരമായ ഒരു നോമ്പാണ് 8 നോമ്പ്. 8 ദിവസങ്ങളെ ഉള്ളൂ എന്നത് ഈ നോമ്പ് അനുഷ്ഠിക്കാൻ നമുക്ക് കൂടുതൽ പ്രചോദനം തരുന്നതാണ്. കുഞ്ഞുമിഷനറിമാർക്ക് പരിശീലിക്കാൻ ഏറ്റവും എളുപ്പമുള്ള നോമ്പ് എന്ന നിലയിൽ നമുക്ക് എട്ടുനോമ്പിന്റെ ദിനങ്ങളെ ചൈതന്യവത്താക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

*ദൈവവചനം : സഹോദരർ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ് (സങ്കീ. 133: 1)*

*നിയോഗം : എല്ലാ കുടുംബങ്ങൾക്കും വേണ്ടി*

*സുകൃതജപം : എന്റെ അമ്മേ, എന്റെ ആശ്രയമേ.*

**സെപ്റ്റംബർ**

01 ചൊവ്വ : എട്ടുനോമ്പ് ആരംഭം

05 ശനി : കൊൽക്കത്തയിലെ വി. തെരേസ

08 ചൊവ്വ : പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ

09 ബുധൻ : സ്ഥാപക ഡയറക്ടർ ചരമദിനം – ഡയറക്ടേഴ്സ് ദിനം

12 ശനി : ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ പ്രത്യേക സമ്മേളനം

13 ഞായർ : മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം ശാഖകളിൽ, കുമ്പസാരക്രമീകരണം

14 തിങ്കൾ : മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ

21 തിങ്കൾ : അതിരൂപതാ കൗൺസിൽ

27 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിംഗ് (ശാഖകളിൽ)

28 തിങ്കൾ : എക്ലേസിയാ ക്വിസ്, മിഷൻ എലൈവ് മേഖലകളുടെ ലിസ്റ്റ് അതിരൂപതയിൽ സമർപ്പിക്കേണ്ട അവസാന തീയതി

**ഒക്ടോബർ**

01 വ്യാഴം : വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ, ഞായറാഴ്ച അംഗത്വ നവീകരണം നടത്തുക.

02 വെള്ളി : കാവൽമാലാഖമാർ

03 ശനി : 80-ാം സ്ഥാപക ദിനം, ശാഖകളിൽ പതാക ഉയർത്തുക, വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ (4 ഞായർ)

04 ഞായർ : ദൈവവിളി ദിനം, ദൈവവിളിക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കുക, ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

09 വെള്ളി : ദൈവദാസൻ മാർ മാത്യു കാവുകാട്ട് 57-ാം ചരമദിനം

10 ശനി : മിഷൻ എലൈവ്, എക്ലേസിയ ക്വിസ് അതിരൂപതാതല മത്സരം

### ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

നമ്മുടെ സ്ഥാപക ഡയറക്ടർ ബഹു. മാലിപ്പറമ്പിലച്ചന്റെ കബറിടം സ്ഥിതി ചെയ്യുന്ന ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ സെപ്റ്റംബർ 12 ശനിയാഴ്ച അനുസ്മരണസമ്മേളനം നടത്തുന്നു. കുടമാളൂർ, കോട്ടയം, അതിരമ്പുഴ മേഖലകളുടെ പൂർണ്ണമായ പങ്കാളിത്തം ഈ സമ്മേളനത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. ഇതര മേഖലകളിൽനിന്ന് ഭാരവാഹികളെങ്കിലും പങ്കെടുക്കണം. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. രജി. ഫീസ് ഉണ്ടായിരിക്കുന്നതല്ല.

### ഡയറക്ടേഴ്സ് ദിനം

ജോസഫ് മാലിപറമ്പിലച്ചന്റെ ചരമദിനം ചെറുപുഷ്പ മിഷൻ ലീഗ് ഡയറക്ടേസ് ദിനമായി ആചരിക്കുന്നതിനാൽ ശാഖ-മേഖല-അതിരൂപതാതലങ്ങളിൽ ഡയറക്ടർമാരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്.

### മാലിപ്പറമ്പിൽ ക്വിസ് മത്സരം

മിഷൻ ലീഗിന്റെ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ അനുസ്മരണാർഥം ഈ വർഷം ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. റഫറൻസ് ഗ്രന്ഥം 'മഹാമിഷനറി' എന്ന പുസ്തകമാണ്. (അതിരൂപതാ മിഷൻ ലീഗ് ഓഫീസിൽ ലഭ്യമാണ്) സെപ്റ്റംബർ 13 ഞായർ വൈകുന്നേരം 7 മണിക്ക് ഓൺലൈനായി നടത്തപ്പെടും.

### അതിരൂപതാ കൗൺസിൽ

ചെറുപുഷ്പ മിഷൻ ലീഗ് അതിരൂപതാ കൗൺസിൽ സെപ്റ്റംബർ 21 തിങ്കളാഴ്ച കാവുകാട്ട് ഹാളിൽ 9 മുതൽ ഒരുമണി വരെ നടത്തപ്പെടുന്നു. പങ്കെടുക്കേണ്ടവർ ശാഖാ-മേഖലാ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഓർഗ. പ്രസിഡന്റ്, ഓർഗ. വൈസ് പ്രസിഡന്റ്, ഓർഗ. സെക്രട്ടറി, ഓർഗ. ജോയിന്റ് സെക്രട്ടറി, മറ്റ് എക്സിക്യൂട്ടിവ് അംഗങ്ങൾ എന്നിവരാണ്. രജിസ്ട്രേഷൻ ഫീസ് 130 രൂപ. കൗൺസിലിൽ പങ്കെടുക്കുന്നവരുടെ എണ്ണം സെപ്റ്റംബർ 16നു മുമ്പായി അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്. കൗൺസിലിൽ വച്ച് ഈ വർഷം നടത്തപ്പെട്ട മത്സരങ്ങളുടെ സമ്മാനങ്ങളും നൽകുന്നതാണ്.

## എക്ലേസിയ ക്വിസ്, മിഷൻ എലൈവ് മത്സരങ്ങൾ

2026 ഒക്ടോബർ 10 ശനിയാഴ്ച നടത്തപ്പെടുന്ന എക്ലേസിയ ക്വിസിനായി മേഖലാതലത്തിൽ മത്സരം നടത്തി ഒന്നാം സ്ഥാനം നേടുന്ന ടീമിന്റെ പേരുവിവരങ്ങൾ സെപ്റ്റംബർ 28നു മുമ്പ് അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. (വിശദവിവരങ്ങൾ മാർഗരേഖ പേജ് 32, 33)

മിഷൻ എലൈവ് മത്സരത്തിനായി മിഷൻ ലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാ ക്ലാസ് നടത്തി ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. വിഷയം: ''വിശ്വാസത്തിൽനിന്ന് സേവനത്തിലേക്ക് സമൂഹനന്മയിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പങ്ക്''എന്നതാണ്. വിശദവിവരങ്ങൾ മാർഗരേഖ 34, 35 പേജുകളിൽ നൽകിയിട്ടുണ്ട്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റംബർ 28നു മുമ്പ് നൽകേണ്ടതാണ്. രണ്ടു മത്സരങ്ങളും ഒരേ സമയത്തായതിനാൽ ഒരേ കുട്ടികളെ രണ്ടു മത്സരത്തിലും ഉൾപ്പെടുത്തരുതെന്ന് അറിയിക്കുന്നു. ഓരോ ഗ്രൂപ്പിനും രജി. ഫീസ് 150 രൂപയാണ്.

## ആദരാഞ്ജലികൾ

അതിരൂപതാ ചെറുപുഷ്പ മിഷൻ ലീഗ് ജൂണിയർ ഓർഗനൈസർ അൽഫോൻസ് മാത്യുവിന്റെ പിതാവിന്റെ നിര്യാണത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവം നേരുന്നു. ലോഗോസ് ക്വിസ് വിജയത്തിനായും നൂറുമേനി വചനപഠനത്തിലും ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സൺഡേ സ്കൂൾ അധ്യാപകരുടേയും നിസ്സീമമായ സഹകരണത്തെ നന്ദിയോടെ ഓർക്കുന്നു. ലോഗോസ് ക്വിസ് മത്സരത്തിലെ ഈ വർഷത്തെ പങ്കാളിത്തം കഴിഞ്ഞവർഷത്തേക്കാൾ കുറവായിരുന്നു. എങ്കിലും 95% പങ്കാളിത്തം വിവിധ ഇടവകകളിൽനിന്നും ഉണ്ടായിരുന്നു എന്നത് ഏറെ സന്തോഷകരമാണ്. സെപ്റ്റംബർ 27നു നടക്കുന്ന ലോഗോസ് ക്വിസ് മത്സരപരീക്ഷയിൽ രജിസ്റ്റർ ചെയ്ത എല്ലാവരും പങ്കെടുക്കാനുള്ള ക്രമീകരണം ബഹു. അച്ചന്മാർ മുൻകൂട്ടി ചെയ്യണമേ. നിങ്ങളുടെ രജിസ്ട്രേഷൻ അനുസരിച്ചുള്ള തുക (ഒരാൾക്ക് 18/- രൂപ) അടച്ചാൽ മാത്രമേ ഈ വർഷം ചോദ്യപേപ്പർ നൽകുകയുള്ളൂ എന്ന് POC യിൽനിന്നും അറിയിച്ചിട്ടുള്ളതിനാൽ ഇനിയും ഫീസ് അടയ്ക്കാനുള്ളവർ സെപ്റ്റംബർ അഞ്ചിനകം ഫീസ് അടയ്ക്കേണ്ടതാണ്. ഇതിൽ ആരും വീഴ്ച വരുത്തരുത്. 400 ചോദ്യങ്ങൾ അടങ്ങിയ ലോഗോസ് പി.ഡി.എഫ്. ഇനി ആർക്കെങ്കിലും ലഭിക്കാനുണ്ടെങ്കിൽ കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടുമല്ലോ. പി.ഡി.എഫ്.ൽ നിന്നും 78 മാർക്കിനുള്ള ചോദ്യങ്ങൾ ലോഗോസ് പരീക്ഷയ്ക്ക് വരുന്നതായിരിക്കും.

നൂറുമേനി സീസൺ IV സമാപനത്തിലേക്ക് നമ്മൾ നീങ്ങുകയാണ്. വിജയികൾക്കെല്ലാം സമ്മാനക്കൂപ്പൺ കിട്ടിക്കാണുമെന്ന് വിശ്വസിക്കുന്നു. ആർക്കെങ്കിലും ലഭിച്ചിട്ടില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

നൂറുമേനി സീസൺ IV ഗ്രാൻഡ്ഫിനാലെ സെപ്റ്റംബർ 11 വെള്ളിയാഴ്ച രാവിലെ 8.30 മുതൽ സെന്റ് ബർക്കുമൻസ് കോളേജ് കാവുകാട്ടു ഹാളിൽ ആരംഭിക്കും. 12-ാം തീയതി രാവിലെ 8.30 മുതൽ സമാപനസമ്മേളനവും സമ്മാനദാനവും നടക്കുന്നതാണ്. സമ്മാനാർഹരായ എല്ലാവരും എത്തിച്ചേർന്ന് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്.

തീർത്ഥാടക സങ്കീർത്തനം പഠിച്ച 768 കുട്ടികളെയും പ്രത്യേകമായി ആദരിക്കുന്നതാണ്. എല്ലാ കുട്ടികളും പങ്കെടുക്കാനുള്ള ക്രമീകരണം ബന്ധപ്പെട്ടവർ ചെയ്യേണ്ടതാണ്. കുട്ടികൾ വെള്ളവസ്ത്രം ധരിച്ചു വരണം.

ഫൊറോനാതലത്തിൽ കുടുംബക്കൂട്ടായ്മാസമിതികൾ രൂപപ്പെട്ടു വരികയാണല്ലോ. സെപ്റ്റംബർ 30നകം എല്ലാ ഫൊറോനകളിലും സമിതികൾ രൂപീകരിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തേണ്ടതാണ്. ഏതാനും ഫൊറോനകളിൽ സമിതികൾ രൂപപ്പെട്ടു കഴിഞ്ഞു.

ഇടവക സന്ദർശനങ്ങൾക്ക് ഈ വർഷം ഏറെ പ്രാധാന്യം നൽകുന്നതാണ്.

ഓരോ ഇടവകയിലെയും കൂട്ടായ്മകൾ സന്ദർശിക്കുന്ന ബെസാലേൽ കൺവെൻഷൻ ഈ വർഷം ക്രമീകരിക്കുന്നതാണ്.

നൂറുമേനി സീസൺ V ഉദ്ഘാടനകർമ്മം സെപ്റ്റംബർ 12ന് അഭി. തോമസ് തറയിൽ മെത്രാപ്പോലീത്ത നിർവ്വഹിക്കും. സീസൺ Vൽ നൂറുമേനി വചനപഠനത്തിലൂടെ വചനം സ്വന്തമാക്കിയവർ വചനത്തിന്റെ പ്രായോഗിക തലത്തിലേക്ക് ചുവടുവെക്കാൻ ആഗ്രഹിക്കുന്നു. രോഗി പരിചരണത്തിനാണ് ഈ വർഷം ഊന്നൽ നൽകുന്നത്. ഓരോ ഇടവകയിലും നൂറുമേനി വചനപഠനത്തിലൂടെ ദൈവവചനം ഹൃദയത്തിൽ ഏറ്റെടുത്തവർ അതാത് ഇടവകകളിലെ രോഗികളെ ശുശ്രൂഷിക്കുന്നതിനും സഹായിക്കുന്നതിനും അങ്ങനെ ഈശോയുടെ വചനത്തിന് ജീവിതത്തിൽ സാക്ഷികൾ ആകുന്നതിനും ഈ വർഷത്തെ പ്രവർത്തനങ്ങൾ നാം ക്രമീകരിക്കുന്നു. ഓരോ ഇടവകയിലെയും സാമ്പത്തിക സഹായത്തിന് അർഹരായ രോഗികളെ കണ്ടെത്തി ബഹു. വികാരിയച്ചനുമായി ആലോചിച്ച് ആശുപത്രി ചെലവിന്റെ നിശ്ചിതശതമാനം നൽകാനുള്ള പദ്ധതി തയ്യാറായി വരുന്നു. ചെറുതും വലുതുമായ തുക ഈ പദ്ധതിയിലേയ്ക്ക് സുമനസ്സുകൾക്ക് നൽകാവുന്നതാണ്.

നമ്മൾ നടപ്പാൻ ഉദ്ദേശിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും ഏവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമേ.

സ്നേഹത്തോടെ,

**ഫാ. കുര്യൻ മൂലയിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നുറുമേനി സീസൺ IV ഗ്രാൻഡ്ഫിനാലെ സമാപനസമ്മേളനം സമ്മാനദാനം

നൂറുമേനി സീസൺ IV ഗ്രാൻഡ്ഫിനാലെ 2026 സെപ്റ്റംബർ 11 വെള്ളിയാഴ്ച രാവിലെ 8.30 മുതൽ എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നടക്കുന്നു. സെപ്റ്റംബർ 12നു സമാപനസമ്മേളനവും സംഘടിപ്പിക്കുന്നതാണ്. സമ്മാനാർഹരായവരെല്ലാവരും രാവിലെ 8.30നു തന്നെ എത്തിച്ചേർന്ന് സമ്മാനങ്ങൾ കൈപ്പറ്റേണ്ടതാണ്. ഗ്രാൻഡ്ഫിനാലെ ഒരു വലിയ വിജയമാക്കി തീർക്കുന്നതിന് നിങ്ങളുടെ ഏവരുടെയും സാന്നിധ്യസഹകരണങ്ങൾ സ്നേഹപൂർവം അഭ്യർഥിക്കുന്നു

### ലോഗോസ് ക്വിസ് 2026

ഈ വർഷത്തെ ലോഗോസ് ക്വിസ് സെപ്റ്റംബർ 27 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2.00 മുതൽ 3.30 വരെ അതാത് ഇടവകകളിൽ നടത്തപ്പെടുന്നതാണ്. പേര് രജിസ്റ്റർ ചെയ്തിരിക്കുന്നവർ എല്ലാവരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം. സെപ്റ്റംബർ 25 മുതൽ ഫൊറോനാകേന്ദ്രങ്ങളിൽനിന്നും വികാരിയച്ചന്റെ കത്തുമായി എത്തി ചോദ്യപേപ്പർ വാങ്ങാവുന്നതാണ്. പരീക്ഷയ്ക്കുശേഷം ഉത്തരപേപ്പറുകൾ പായ്ക്ക് ചെയ്ത് സെപ്റ്റംബർ 30നകം അതി

രൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. ഒക്ടോബർ 2നു മൂല്യനിർണയം ആരംഭിക്കേണ്ടതിനാൽ ഉത്തരപേപ്പറുകൾ ഏൽപ്പിക്കുന്ന കാര്യത്തിൽ ആരും വീഴ്ച വരുത്തരുതെന്ന് അറിയിക്കുന്നു.

**ലോഗോസ് ക്വിസ് മത്സരത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പരീക്ഷ എഴുതുന്ന എല്ലാവരും അവരുടെ ഉത്തരക്കടലാസിൽ ഹാൾടിക്കറ്റ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്.
2. രജിസ്റ്റർ ചെയ്തിരിക്കുന്ന പേര് തന്നെ ഉത്തരക്കടലാസിൽ എഴുതുവാൻ പ്രത്യേകം ശ്രദ്ധിക്കണം.
3. ഹാൾടിക്കറ്റ് നമ്പർ ക്രമത്തിൽ കാറ്റഗറി തിരിച്ച് ഉത്തരപേപ്പറുകൾ പായ്ക്ക് ചെയ്ത് നൽകേണ്ടതാണ്.
4. ആർക്കെങ്കിലും ഹാൾടിക്കറ്റ് നമ്പർ ലഭിക്കാതെ വന്നാൽ ഉത്തരപേപ്പറിനോടൊപ്പം പേര് വിവരങ്ങൾ ഒരു ചെറിയ സ്ലിപ്പിൽ എഴുതി പിൻ ചെയ്തു നൽകേണ്ടതാണ്.
5. ലോഗോസ് ചോദ്യപേപ്പറുകൾ സെപ്റ്റംബർ 27ന് ഉച്ചകഴിഞ്ഞ് പരീക്ഷാസമയത്ത് മാത്രമേ തുറക്കാവൂ. എന്നാൽ കവറിന് പുറത്ത് രേഖപ്പെടുത്തിയിരിക്കുന്ന ചോദ്യപേപ്പറിന്റെ എണ്ണം നേരത്തെ പരിശോധിച്ച് നിങ്ങൾക്ക് നൽകിയിരിക്കുന്ന ചോദ്യപേപ്പറുകളുടെ എണ്ണം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

കുരിശിന്റെ വിജയവും നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ ആഗമനവും പ്രത്യേകം ധ്യാനിക്കുന്ന എലിയ–സ്ലീവ–മൂശെക്കാലങ്ങളിലാണല്ലോ നാം. ഈ കാലത്തിന്റെ കേന്ദ്രബിന്ദുവായ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്റ്റംബർ 14 തിങ്കളാഴ്ച നാം ആചരിക്കുന്നു. അനുദിന കുരിശുകളെ സമചിത്തതയോടെ വഹിക്കാനും, അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഫലങ്ങൾ പുറപ്പെടുവിച്ച് നിതാന്ത ജാഗ്രതയോടെ കർത്താവിന്റെ രണ്ടാമത്തെ ആഗമനത്തിനൊരുങ്ങാനും നമുക്ക് പരിശ്രമിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെ പ്രാർഥനകളും മംഗളങ്ങളും എല്ലാവർക്കും നേരുന്നു.

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ഫൊറോനാ വിസിറ്റുകൾ

അതിരൂപത ആനിമേഷൻ ടീമിന്റെ സന്ദർശനവും വിലയിരുത്തലും അമ്പൂരി, തിരുവനന്തപുരം, നെടുങ്കുന്നം, മണിമല, ആലപ്പുഴ, എടത്വാ ഫൊറോനകളിൽ ആഗസ്റ്റുമാസത്തിൽ സംഘടിപ്പിച്ചു.

### തിരുവനന്തപുരം, അമ്പൂരി, തൃക്കൊടിത്താനം, കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനകളുടെ നസ്രാണി ഫാമിലി മീറ്റ്

തിരുവനന്തപുരം, അമ്പൂരി ഫൊറോനകളുടെ നസ്രാണി മീറ്റ് യുവദമ്പതീ സംഗമം 2026 ആഗസ്റ്റ് 02 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ കഴക്കൂട്ടം ജോൺ പോൾ II യൂത്ത് സെന്ററിലും, തൃക്കൊടിത്താനം, കുറുമ്പനാടം, ചെങ്ങന്നൂർ ഫൊറോനകളുടെ മീറ്റ് 2026 ആഗസ്റ്റ് 09 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിലും സംഘടിപ്പിച്ചു. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർത്ഥനാനിർഭരമായ സായാഹ്നത്തിൽ അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. പ്രാർഥനാ ശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിച്ചു.

## ഓർമ്മിക്കാൻ

### പരിശുദ്ധ കന്യകയുടെ ജനനത്തിരുനാളും എട്ടുനോമ്പും

മാതൃവേദിയുടെ സ്വർഗീയ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് നമുക്ക് നന്നായി പ്രാർഥിച്ചൊരുങ്ങാം. സാധിക്കുന്നിടത്തോളം എല്ലാവരും എട്ടുനോമ്പ് അനുഷ്ഠിക്കാൻ ശ്രദ്ധിക്കുമല്ലോ.

## ജീവകാരുണ്യദിനവും അധ്യാപകദിനവും

മദർ തെരേസയുടെ തിരുനാളും ജീവകാരുണ്യദിനവും അധ്യാപകദിനവും സംയുക്തമായി സെപ്റ്റംബർ 5 ശനിയാഴ്ച നാം ആചരിക്കുകയാണ്. 'പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്' (യാക്കോബ് 2:17). അതിനാൽ മദർ തെരേസയുടെ മാതൃക അനുകരിച്ച് നമ്മുടെ ഇടയിൽ ദുരിതമനുഭവിക്കുന്നവരെ കണ്ടെത്താനും സഹായമെത്തിക്കാനും യൂണിറ്റംഗങ്ങൾ ശ്രദ്ധിക്കുമല്ലോ. ഇടവകതലത്തിൽ അധ്യാപകരെ ആദരിക്കുന്നതും അഭികാമ്യമാണ്.

## ഫൊറോന ഡയറക്ടറുമാരുടെ സമ്മേളനം

2026 സെപ്റ്റംബർ 15 ചൊവ്വാഴ്ച ഫൊറോനാ ഡയറക്ടറുമാരുടെ സമ്മേളനം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിക്കുന്നു. എല്ലാ ഡയറക്ടർമാരും പങ്കെടുക്കുമല്ലോ.

## മാതൃവേദി ജന്മദിനാഘോഷം

മാതൃവേദി ജന്മദിനത്തിന്റെ അതിരൂപതാതല ആഘോഷങ്ങൾ സെപ്റ്റംബർ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് പള്ളിയിൽ നാം സംഘടിപ്പിക്കുകയാണ്. അത്യുന്നത കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്യും. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. ആൻസി ജോസഫ് മുഖ്യപ്രഭാഷണം നടത്തും. മാതൃവേദി അതിരൂപത പ്രസിഡന്റ് പ്രൊഫ. ഡോ. റോസമ്മ സോണി സമ്മേളനത്തിന് അദ്ധ്യക്ഷതവഹിക്കും. മാതൃവേദി ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ എല്ലാ യൂണിറ്റംഗങ്ങളും ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

## നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി അതിരൂപതാതലസമ്മേളനം

നസ്രാണി ഫാമിലി ഫ്രട്ടേണിറ്റിയുടെ അതിരൂപതാതലസമ്മേളനം സെപ്റ്റംബർ 21 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ സംഘടിപ്പിക്കും. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത മുഖ്യസന്ദേശം നൽകുന്ന സമ്മേളനത്തിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റിയിൽ ചേർന്ന എല്ലാ ദമ്പതികളും പങ്കെടുക്കുമല്ലോ.

## മാതൃവേദി-പിതൃവേദി 2027-2028 വർഷത്തേയ്ക്കുള്ള തെരഞ്ഞെടുപ്പ്

മാതൃവേദിയുടെയും പിതൃവേദിയുടെയും ഇപ്പോഴത്തെ ഭരണസമിതിയുടെ കാലാവധി 2026 ഡിസംബർ 31 വരെയാണ്. അതിനാൽ പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ഡിസംബർ മാസത്തിനു മുമ്പ് പൂർത്തീകരിക്കേണ്ടതുണ്ട്. കുടുംബക്കൂട്ടായ്മകളിൽ നിന്നുമുള്ള യൂണിറ്റ് കൗൺസിലംഗങ്ങളുടെ തെരഞ്ഞെടുപ്പ് 2026 സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 18 വരെയുള്ള കാലയളവിൽ പൂർത്തിയാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. യൂണിറ്റു

തല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2026 ഒക്ടോബർ 25നും നവംബർ 8നും ഇടയിൽ പൂർത്തിയാക്കണം. ഫൊറോനാതല തെരഞ്ഞെടുപ്പ് 2026 നവംബർ 15നും നവംബർ 29 നും ഇടയിൽ നടത്തണം. അതിരൂപതാതല തെരഞ്ഞടുപ്പ് 2026 ഡിസംബർ 13 ഞായറാഴ്ച സംഘടിപ്പിക്കും. യൂണിറ്റ് കൗൺസിലർമാരായി ത്രിതല പഞ്ചായത്ത് പ്രതിനിധികളെ തിരഞ്ഞെടുക്കരുതെന്ന് ഓർമിപ്പിക്കുന്നു. വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പ് വിജ്ഞാപനം എല്ലാ യൂണിറ്റിലും എത്തിക്കുന്നതാണ്.

### വാർഷിക റിപ്പോർട്ട് സമർപ്പണം

2026 പ്രവർത്തനവർഷത്തെ റിപ്പോർട്ട് ഫൊറോനകൾ 2026 നവംബർ 25നു മുൻപ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. യൂണിറ്റുകൾ തങ്ങളുടെ റിപ്പോർട്ടുകൾ 2026 നവംബർ 20നു മുമ്പ് ഫൊറോനാസമിതിയെ ഏൽപ്പിക്കേണ്ടതാണ്. 2025ലെ പ്രവർത്തനവർഷ റിപ്പോർട്ടുകൂടി പരിഗണിച്ചായിരിക്കും ബെസ്റ്റ്/ സെക്കന്റ് ബെസ്റ്റ്/ മോഡൽ യൂണിറ്റുകളെയും ഫൊറോനകളെയും തെരഞ്ഞെടുക്കുന്നത്.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| സെപ്റ്റംബർ | 12, 13, 14 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 19, 20, 21 | |
| ഒക്ടോബർ | 02, 03, 04 | |
| | 17, 18, 19 | |
| | 26, 27, 28 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

# യുവദീപ്തി– എസ്.എം.വൈ.എം.

## തുരുത്തി ഫൊറോന പ്രാർഥനാ–പഠന–പരിശീലനക്യാംപ് 'ഹൈല – 26'

തുരുത്തി ഫൊറോനയുടെ പ്രാർഥനാ-പഠന-പരിശീലനക്യാംപ് '*ഹൈല'26* ജൂലൈ 17, 18, 19 തീയതികളിൽ കൈനടി എ. ജെ. ജോൺ മെമ്മോറിയൽ സ്കൂളിൽ നടത്തി. ഫൊറോനാ വികാരി ഫാ. ജേക്കബ് ചീരംവേലിൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ഫൊറോനാ ഡെപ്യൂട്ടി പ്രസിഡന്റ് നിതാ ജോജോ അദ്ധ്യക്ഷയായിരുന്നു. ഫാ. ജോസഫ് പുതുവീട്ടിൽക്കളം, ഫാ. പീലിപ്പോസ് കേഴപ്ലാക്കൽ, ജെബിൻ കെ. ജോസ്, അജയ് വർഗീസ്, റോഷിന ജോസഫ് എന്നിവർ പ്രസംഗിച്ചു. ഫാ. സാവിയോ മാനാട്ട്, സിജോ പുത്തനങ്ങാടി, അലക്സ് മഞ്ഞുമ്മേൽ എന്നിവർ ക്ലാസുകൾ നയിച്ചു.

## യുവപ്രതിഭാ അവാർഡ് മത്സരം

യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ മുൻ ഡയറക്ടർ ഫാ. ഡോ. ജോർജ് കോലത്ത് മെമ്മോറിയൽ യുവപ്രതിഭാ അവാർഡിനുവേണ്ടിയുള്ള വിവിധ മത്സരങ്ങൾ (വ്യക്തിത്വം, നേതൃത്വം, പ്രസംഗിക്കാനുള്ള കഴിവ്, സംഘടനയെക്കുറിച്ചുള്ള അറിവുകൾ, ജനറൽ നോളജ്) ഓഗസ്റ്റ് 12നു പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. ചമ്പക്കുളം ഫൊറോനയിലെ തെക്കേക്കര യൂണിറ്റിൽ നിന്നുമുള്ള അക്സ തോമസ് അവാർഡിന് തെരഞ്ഞെടുക്കപ്പെട്ടു.

## 4–ാമത് മാർ ജോസഫ് പവ്വത്തിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ്

അതിരൂപതയിലെ വൈദികർക്കും ബ്രദേഴ്സിനുമായി 4-ാമത് മാർ ജോസഫ് പവ്വത്തിൽ മെമ്മോറിയൽ ബാഡ്മിന്റൺ ടൂർണമെന്റ് സംഘടിപ്പിച്ചു. ഒന്നും രണ്ടും സ്ഥാനങ്ങൾ യഥാക്രമം ഫാ. ആൻസിലോ ഇലഞ്ഞിപറമ്പിൽ & ഫാ. അജോ പീഡിയേക്കൽ, ഫാ. ഫ്രാൻസിസ് ഇടക്കുടിയിൽ എം.സി.ബി.എസ്. & ഫാ. ജോസഫ് ആരിയപ്പള്ളിൽ എം.സി.ബി.എസ്. എന്നിവർ കരസ്ഥമാക്കി.

## 'ഉത്സവ്–'26' രചനാമത്സരങ്ങൾ

അതിരൂപതാ കലോത്സവം 'ഉത്സവ്-26' നോടനുബന്ധിച്ചുള്ള രചനാമത്സരങ്ങൾ ഓഗസ്റ്റ് 23ന് ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.

### സെപ്റ്റംബർ മാസത്തെ പരിപാടികൾ

| | | |
|---|---|---|
| 04 | – | ക്രിക്കറ്റ്, ഫുഡ്ബോൾ |
| 12–13 | – | അത്‌ലറ്റിക്സ് |
| 04, 12 | – | വൈ.റ്റി.പി. |

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

# കാർപ്

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### പരിശീലനം

CARP-ASPIREന്റെ മെന്റർമാരായ സിസ്റ്റേഴ്സിന്റെ പരിശീലനപരിപാടി ഓഗസ്റ്റ് 12നു സന്ദേശനിലയം ഹാളിൽ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാടിന്റെ അധ്യക്ഷതയിൽകൂടി. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത കൗൺസിലിങ് വിഷയത്തിൽ ക്ലാസ്സെടുത്തു. ഫാ. ആന്റണി കാച്ചാംകോട്, ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഷാജി ചൂരപ്പുഴ എന്നിവർ ക്ലാസ് നയിച്ചു. ഫാ. ജയിംസ് കൊക്കാവയലിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

### അതിരൂപതാ ആനിമേറ്റർ

CARP അതിരൂപതാ ആനിമേറ്ററായി സി. ലിസി കണിയാംപറമ്പിൽ SABS നിയമിതയായി.

### ഓഫീസ് വെഞ്ചരിപ്പ്

ഓഗസ്റ്റ് 12ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത CARP ന്റെ അതിരൂപതാ ഓഫീസ് വെഞ്ചരിച്ചു. വികാരി ജനറാൾമാരായ വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്, വെരി റവ. ഫാ. സ്കറിയാ കന്യാകോണിൽ, ഫാ. കുര്യൻ മൂലയിൽ, ഫാ. ജയിംസ് കൊക്കാവയലിൽ, ഫാ. ജേക്കബ് കളത്തിവീട്ടിൽ, ASPIRE മെന്റർമാരായ സിസ്റ്റേഴ്സ്, മറ്റ് സ്റ്റാഫുകൾ എന്നിവർ സന്നിഹിതരായിരുന്നു.

### ഇടവക സന്ദർശനപരിപാടി

CARP-ASPIRE ൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടികളുടെയും രക്ഷകർത്താക്കളുടെയും സംയുക്ത സമ്മേളനത്തിൽ പങ്കെടുക്കുവാൻ അതിരൂപതാ ഡയറക്ടേഴ്സും ASPIRE മെന്റർമാരായ സിസ്റ്റേഴ്സും പള്ളികൾ സന്ദർശിച്ചു.

### വായ്പാ അപേക്ഷ

സംസ്ഥാന വനിതാ വികസന കോർപറേഷൻ തൊഴിൽരഹിതരായ വനിതകൾക്ക് 4–8% പലിശനിരക്കിൽ വ്യക്തിഗത/ഗ്രൂപ്പ്/വിദ്യാഭ്യാസ വായ്പകൾ ക്ഷണിക്കുന്നു. പ്രായപരിധി 18-55.

അക്ഷയ സെന്ററുകൾ വഴി www.mithrasoft.kswdc.org എന്ന വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ: 9496015012, 04772237128

### കൃഷിനാശം – നഷ്ടപരിഹാരം

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർ കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുക. കൃഷിനാശം സംഭവിച്ച ഫോട്ടോകൂടി അപ്ലോഡ് ചെയ്യേണ്ടതാണ്. തുടർന്ന് അതാത് കൃഷിഭവനിൽ റിപ്പോർട്ട് ചെയ്യുക.

## ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി

ന്യൂനപക്ഷവിഭാഗത്തിൽപെട്ട വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾ എന്നിവർക്ക് വീട് മെയിന്റനൻസിനായി പരമാവധി 50,000 രൂപ ലഭിക്കുന്ന പദ്ധതി.

അപേക്ഷാഫോം www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ആവശ്യമുള്ളവർക്ക് 7994271022 എന്ന CARP ഓഫീസ് നമ്പറിലേക്ക് വാട്സ് ആപ് സന്ദേശം അയച്ചാൽ PDF അയച്ചുതരും. പൂരിപ്പിച്ച അപേക്ഷ - ഡെപ്യൂട്ടി കളക്ടർ (ജനറൽ), ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കലക്ടറേറ്റ്, സ്ഥലം എന്ന വിലാസത്തിൽ തപാലിലോ നേരിട്ടോ നൽകാം. അവസാന തീയതി 2026 സെപ്റ്റംബർ 30.

**ബേബി വട്ടക്കര** (9142121717)
**റ്റോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റർമാർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി
## (CHASS)

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

ഒരുമയുടെയും സമൃദ്ധിയുടെയും പ്രതീകമായ ഒരു ഓണക്കാലം കൂടി കടന്നു പോകുന്നു. പ്രകൃതിദുരന്തങ്ങളും പ്രതിസന്ധികളും സാഹോദര്യത്തിലൂടെയും കൂട്ടായ്മയിലൂടെയും നേടിയ അതിജീവനം തന്നെയാണ് ഓണ സന്ദേശം. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് നാടിന്റെ പുനർനിർമ്മിതിയിൽ പങ്കാളികളാകാൻ നാം ഓരോരുത്തരും കടപ്പെട്ടിരിക്കുന്നു. സമൂഹത്തിലെ താഴെത്തട്ടിലുള്ളവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനം ചാസിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നാണ്. ഈ ഓണക്കാലത്ത് നമ്മുടെ പ്രാദേശിക സ്വയം സഹായസംഘങ്ങളുടെയും യൂണിറ്റുകളുടെയും ഉല്പ്പന്നങ്ങൾക്ക് മികച്ച വിപണി ഉറപ്പാക്കിയതും, ഇതിനായി ചാസ് യൂണിറ്റുകളിൽ സൺഡേ മാർക്കറ്റുകളും, ഓണചന്തകളും ഉണർന്ന് പ്രവർത്തിച്ചുവെന്നതും അഭിനന്ദനാർഹമാണ്.

ഇതോടൊപ്പം തന്നെ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ, ശുചിത്വ ബോധവത്ക്കരണം, മെഡിക്കൽ ക്യാമ്പുകൾ എന്നിവ തടസ്സമില്ലാതെ തുടരണം. പ്രത്യേകിച്ച് നമ്മുടെ എസ്.എൽ.സി.എ യുമായി സഹകരിച്ച് വിദ്യാലയങ്ങളിലും, കോളേജുകളിലും ഇടവക തലത്തിലും ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുവാനും ചാസിന്റെ സാമൂഹിക പ്രതിബദ്ധത കൂടുതൽ പ്രകടമാക്കുവാനും യൂണിറ്റുകൾ മുന്നിട്ടിറങ്ങണം. നിലവിലുള്ള സ്വാശ്രയസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പുതിയ സംരംഭങ്ങൾക്ക് തുടക്കും കുറിക്കുന്നതിനും വേണ്ട തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ചാസ്-ഖാദി ഓണം ഫെസ്റ്റിനോട് സഹകരിച്ച എല്ലാവരോടും നന്ദിയറിയിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**മേഖലാ പി.എം.ഇ.:** മേഖല-യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നതിനും ചാസിന്റെ എല്ലാ മേഖലകളിലും പി.എം.ഇ. മീറ്റിങ്ങുകൾ നടത്തിവരുന്നു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് ചോരേട്ട്

ചാമക്കാല, ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ സിസ്റ്റർ ലിൻസി എ.എ.എസ്.സി. എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്ന മീറ്റിങ്ങുകളിൽ യൂണിറ്റു സെക്രട്ടറിമാർ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഡയറക്ടേഴ്സ്, മേഖല-യൂണിറ്റ് ഭാരവാഹികൾ, കോഡിനേറ്റേഴ്സ് എന്നിവർ പി.എം.ഇ. ൽ പങ്കെടുത്തുവരുന്നു.

| *തീയതി* | *മേഖല* | *സ്ഥലം* |
|---|---|---|
| 24.07.2026 | അതിരമ്പുഴ | ഏറ്റുമാനൂർ |
| 31.07.2026 | എടത്വാ | തായങ്കരി |
| 14.08.2026 | തൃക്കൊടിത്താനം | പായിപ്പാട് |

**ഓറിയന്റേഷൻ വിസിറ്റ്:** സോഷ്യൽ വർക്ക് ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി എസ്.ബി., അസംപ്ഷൻ എന്നീ കോളേജുകളിൽ നിന്നും ആഗസ്റ്റ് 11നു വിദ്യാർഥികളും അധ്യാപകരും ചാസ് കേന്ദ്രഓഫീസ് സന്ദർശിച്ചു. ചാസ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് പ്രോഗ്രാം ഓഫീസർ സി. ലിൻസി എ.എ.എസ്.സി., പ്രോജക്ട് ഓഫീസർ ആനി കെ. തോമസ് എന്നിവർ ക്ലാസ് എടുത്തു.

**സെയിഫ്ഗാഡിംഗ് ട്രെയിനിങ്:** കാരിത്താസ് ഇൻഡ്യയുടെയും കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾക്കായി സംഘടിപ്പിക്കുന്ന സെയിഫ്ഗാഡിംഗ് ട്രെയിനിങ് പ്രോഗ്രാം ഓഗസ്റ്റ് 19നു ചാസ് സ്റ്റാഫ് അംഗങ്ങൾക്കായി കോൺഫ്രൻസ് ഹാളിൽ സംഘടിപ്പിച്ചു. കാരിത്താസ് ഇൻഡ്യ സ്റ്റേറ്റ് കോഡിനേറ്റർ അബീഷ് ആന്റണി, കെ.എസ്.എസ്.എഫ്. പ്രോഗ്രാം ഓഫീസർ എബി ജോർജ് എന്നിവർ ക്ലാസ് നയിച്ചു.

**ആശംസകൾ:** കർഷകദിനത്തോടനുബന്ധിച്ച് വിവിധ പഞ്ചായത്തുകളിൽ നിന്നും മികച്ച കർഷകരായി തെരഞ്ഞടുക്കപ്പെട്ട ബാബു ജോസഫ് (ചാസ് യൂണിറ്റു സെക്രട്ടറി, വള്ളംചിറ), മുതിർന്ന കർഷകനായി തെരഞ്ഞെടുത്ത കെ. പി. സക്കറിയ (സ്വാശ്രയ സംഘാംഗം, മൈലാടി), മികച്ച സംയോജിത കർഷകരായി തെരഞ്ഞെടുക്കപ്പെട്ട ഫ്രാൻസിസ് വർഗീസ് (യൂണിറ്റ് പ്രസിഡന്റ്, മണിമല ന്യൂ) ജിത ജോസഫ് (ചാസ് ഫാർമർ പ്രോഡ്യുസേഴ്സ് ബോർഡ് അംഗം) എന്നിവർക്ക് ചാസ് കുടുംബത്തിന്റെ ആശംസകൾ.

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 2 കുടുംബങ്ങൾക്ക് 40,000 (നാൽപ്പതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 759. ചാണ്ടപ്പിള്ള ജോർജ് | കൃപകർഷക | പുളിങ്കുന്ന് | പുളിങ്കുന്ന് |
| 760. തോമസ് പി.ജെ. | സന്ധ്യാദീപം | കൈനകരി | ആലപ്പുഴ |

2) **മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** 16 കുടുംബങ്ങൾക്ക് 1,60,000 (ഒരുലക്ഷത്തി അറുപതിനായിരം) രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1412. ജോയിക്കുട്ടി സി.സി. ചാമപ്പറമ്പിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1413. ആന്റണി ദേവസ്യാ കാഞ്ഞിരവേലി | കൈനകരി | ആലപ്പുഴ |
| 1414. സാം സ്റ്റീഫൻ വടക്കേപറമ്പിൽ | കോയിൽമുക്ക് | എടത്വാ |
| 1415. റ്റിനു ദേവസ്യാ, മുപ്പത്തിരണ്ടിൽചിറ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 1416. അന്നമ്മ തോമസ് പുതുപ്പറമ്പിൽ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1417. മറിയക്കുട്ടി മാത്യു പാലാകുന്നേൽ | ചമ്പക്കര | നെടുംകുന്നം |
| 1418. ദിൽഷ സുബീഷ്, വടക്കേടത്ത് | ചമ്പക്കര | നെടുംകുന്നം |
| 1419. മരീനാമ്മ വർഗ്ഗീസ്, പാത്തിക്കൽ | ഇത്തിത്താനം | തുരുത്തി |
| 1420. ത്രേസ്യാമ്മ ജോസഫ്, കണ്ണംപേരൂർ | ഇത്തിത്താനം | തുരുത്തി |
| 1421. ഐഷ ബീവി, മൊട്ടയംകുന്നിൽ | ഫിൽഗിരി | കൊല്ലം |
| 1422. അബ്ദുൾ ജലീൽ തവയ്ക്കൽമൻസിൽ | ഫിൽഗിരി | കൊല്ലം |
| 1423. മറിയമ്മ ജോസഫ്, മരങ്ങാട്ട് | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1424. തോമസ് സി. ജോസഫ്, ചിറയിൽപറമ്പിൽ | മുട്ടർ ഓൾഡ് | എടത്വാ |
| 1425. കെ.സി. സെബാസ്റ്റ്യൻ കിഴക്കേചെത്തിപ്പുഴ | കുത്രപ്പള്ളി | നെടുംകുന്നം |
| 1426. കെ.ആർ ശാന്തകുമാരി, കോച്ചേരിൽ | മൈലാടി | നെടുംകുന്നം |
| 1427. ജോസ്ന തോമസ്, ചിറപ്പുറത്ത് | ചേപ്പുംപാറ | കോട്ടയം |

**3) ബാങ്ക് ലോൺ**

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 34 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 21.07.2026 | കാർമ്മൽ | മാതാ | നാലുകോടി |
| 04.08.2026 | ഹരിത | ദീപം | ഫാത്തിമാപുരം |
| 04.08.2026 | ഹരിത | നക്ഷത്ര | ഫാത്തിമാപുരം |
| 10.08.2026 | ഐശ്വര്യ | നവ്യ | ചാഞ്ഞോടി |
| 10.08.2026 | നവധാര | നവ | ചാഞ്ഞോടി |
| 11.08.2026 | ഹരിത | പൗർണ്ണമി | ഫാത്തിമാപുരം |
| 11.08.2026 | ഹരിത | പവിത്രം | ഫാത്തിമാപുരം |
| 14.08.2026 | സ്നേഹഗാഥ | മഹിമ | ഫാത്തിമാപുരം |
| 13.08.2026 | സ്നേഹഗാഥ | സ്നേഹ | ഫാത്തിമാപുരം |
| 18.08.2026 | സമൃദ്ധി | നന്മ | ഫാത്തിമാപുരം |

## മേഖലാവാർത്തകൾ

### സ്വാശ്രയസംഘ രൂപീകരണം

| *തീയതി* | *സംഘം* | *യൂണിറ്റ്* | *അംഗങ്ങൾ* |
|---|---|---|---|
| 29.07.2026 | സെന്റ് മാവുരൂസ് | കൂത്രപ്പള്ളി | 15 |
| 08.08.2026 | പ്രതീക്ഷ | പൂന്തോപ്പ് | 11 |
| 12.08.2026 | അൽഫോൻസ | കുട്ടമംഗലം | 15 |
| 12.08.2026 | ട്രിനിറ്റി | കുട്ടമംഗലം | 15 |
| 12.08.2026 | സെന്റ് ജോസഫ് | കുട്ടമംഗലം | 13 |
| 12.08.2026 | എസ്തർ | കുട്ടമംഗലം | 13 |

**മെഡിക്കൽ ക്യാംപ്:** കിഴക്കേമിത്രക്കരി യൂണിറ്റ്, ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലുമായി സഹകരിച്ച് പള്ളി പാരീഷ് ഹാളിൽ വച്ച് ജൂലൈ 26നു ജനറൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു.

**സ്വാതന്ത്ര്യദിനാചരണം നടത്തി:** കാവാലം സെന്റ് തെരേസാസ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'താലന്ത്' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 15നു സ്വാതന്ത്ര്യ ദിനാചരണം നടത്തി. യൂണിറ്റ് പ്രസിഡന്റ് ചാക്കോ വർഗീസ് അദ്ധ്യക്ഷതവഹിച്ച പരിപാടി ഡയറക്ടർ ഫാ. ജേക്കബ് കാട്ടടി ഉദ്ഘാടനം ചെയ്തു. കാവാലം പഞ്ചായത്ത് പ്രസിഡന്റ് ജോജോ ആന്റണി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സാജൻ സെബാസ്റ്റ്യൻ, മുൻ ഹെഡ്മാസ്റ്റർ അനിൽ തൈവീടൻ, റിട്ട. ഫ്ളൈറ്റ് ലെഫ്റ്റനന്റ് ജേക്കബ് ജോസ്, യൂണിറ്റ് സെക്രട്ടറി ജോർജ് സെബാസ്റ്റ്യൻ, ജോജി സേവ്യർ, പി. സി. ജേക്കബ് തുടങ്ങിയവർ സംസാരിച്ചു.

**കർഷക ദിനാചരണവും സെമിനാറും:** വെട്ടിമുകൾ ഗ്രാമ വികസന ട്രസ്റ്റിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 18നു കർഷകദിനാചരണവും സെമിനാറും സംഘടിപ്പിച്ചു. യൂണിറ്റ് അസി. വികാരി ഫാ. ജെഫിൻ പെരുന്നപ്പള്ളിയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ഏറ്റുമാനൂർ കൃഷി ഓഫീസർ ജോസ്ന കുര്യൻ ഗവൺമെന്റ് സ്കീമുകളെക്കുറിച്ചും സബ്സിഡികളെക്കുറിച്ചും വിശദീകരിച്ചു. സംയോജിത കൃഷിരീതിയെക്കുറിച്ച് റിട്ട. കൃഷി ഓഫീസർ സിബി തോമസ് സെമിനാർ നയിച്ചു. പങ്കെടുത്ത എല്ലാവർക്കും പച്ചക്കറിതൈ വിതരണം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് എം. റ്റി. ജോസഫ് അദ്ധ്യക്ഷതവഹിച്ചു. മേഖല കോഡിനേറ്റർ ലിന്റു ബിജു നൈനാൻ നേതൃത്വം നൽകി.

**യൂണിറ്റുവാർഷികം:** ചേന്നങ്കരി യൂണിറ്റിന്റെ വാർഷിക സമ്മേളനം ആഗസ്റ്റ് 15നു യൂണിറ്റു ഡയറക്ടർ ഫാ. തോമസ് ബംഗ്ലാവുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ജോസഫ് സി. റ്റി., സെക്രട്ടറി ലൗലി തോമസ്, ലിജോമോൻ ഫിലിപ്പ്, ബിജി സിജിമോൻ, കോഡിനേറ്റർ ബിനു ജോസഫ് എന്നിവർ പ്രസംഗിച്ചു.

## എസ്.എൽ.സി.എ.

**ലഹരിവിരുദ്ധ സെമിനാർ:** മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റീസ് ആന്റ് എംപവർമെന്റിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ലെവൽ കോഡിനേറ്റിംങ് ഏജൻസി കേരളയുടെ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സെമിനാറുകൾ സംഘടിപ്പിച്ചു. അക്സെപ്റ്റ് ഐ.ആർ.സി.എ. കോഡിനേറ്റർമാരായ നിധിൻ ചന്ദ്ര, സച്ചിൻ ജോസ് എന്നിവർ ക്ലാസ് നയിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| ഓഗസ്റ്റ് 13 | വെള്ളാവൂർ പഞ്ചായത്ത്, മണിമല |
| ഓഗസ്റ്റ് 15 | ചേന്നങ്ങരി യൂണിറ്റ് |

**IRCA സന്ദർശനം:** മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റീസ് ആന്റ് എംപവർ മെന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഐ.ആർ.സി.എ. സെന്ററുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എസ്.എൽ.സി.എ. കോഡിനേറ്റർ ഫാ. ജോസഫ് ചേരേട്ട്ചാമക്കാല, അക്സെപ്റ്റ് ഐ.ആർ.സി.എ. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ റ്റി. എം. മാത്യു, ഫീൽഡ് ഓഫീസർ സോളമൻ ഫെർണാണ്ടസ് എന്നിവർ ഐ.ആർ.സി.എ.കൾ സന്ദർ ശിച്ചു.

| *തീയതി* | *സ്ഥലം* |
|---|---|
| 3.08.2026 | ഗ്യാലക്സി, പ്രതീക്ഷാ ഭവൻ-തിരുവനന്തപുരം |
| 5.08.2026 | മുക്തി സദൻ പൂക്കാട്ടുപടി, യൂണിറ്റി പെരുമ്പാവൂർ, എം.ഒ. എം.എച്ച്. കോലഞ്ചേരി |
| 06.08.2026 | നിർമ്മൽ മുക്തിസതൻ ഫോർ വുമൺ മൂക്കന്നൂർ, ഡിവൈൻ ചാലക്കുടി, സാൻജോ സദൻ ഇരിഞ്ഞാലക്കുട |
| 11.08.2026 | അക്സെപ്റ്റ് പുന്നപ്രാ, കറ്റാനം, ഗാന്ധി ഭവൻ അടൂർ |
| 13.08.2026 | സമൃദ്ധ ചൈൽഡ് കെയർസെന്റർ, കുറുമ്പനാടം |
| 17.08.2026 | പ്രതീക്ഷ തലശ്ശേരി, സ്നേഹാലയ കാസർഗോഡ് |
| 18.08.2026 | ശാന്തി ഐ.ആർ.സി.എ. കോഴിക്കോട്, സ്മാർട്ട് സെറിനിറ്റി വയനാട് |

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### തൂഫാൻ – കവചം വാരിയേഴ്സ് മെഗാ സംഗമം

ലഹരി വസ്തുക്കളുടെ വ്യാപനം തടയാൻ ശക്തമായ നിയമനിർമ്മാണമുണ്ടാവുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. സംസ്ഥാനസർക്കാർ നടപ്പിൽ വരുത്തിയ ഓപ്പറേഷൻ തൂഫാന്റെ പ്രചരണാർത്ഥം 'തൂഫാൻ – കവചം വാരിയേഴ്സ് മെഗാ സംഗമം' ജൂലൈ 28നു ചെത്തിപ്പുഴയിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ലഹരി മാഫിയായെ നിയന്ത്രിക്കാൻ ആഭ്യന്തരവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ടെന്ന് അദ്ദേഹം സൂചിപ്പിച്ചു.

സെന്റ് തോമസ് ഹോസ്പിറ്റൽ മാർ മാത്യു കാവുകാട്ട് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ നാൽപതിലധികം വിദ്യാലയങ്ങളിൽ നിന്നായി രണ്ടായിരത്തിലധികം വിദ്യാർഥികൾ പങ്കെടുത്തു. പരിപാടിക്കിടയിൽ തൂഫാൻ വാരിയേഴ്സിനെ പ്രത്യേകമായി ആദരിച്ചു.

ആശുപത്രിയിലെ ഡീ അഡിക്ഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ഹോസ്പിറ്റൽ എഴുപതാം വാർഷികാഘോഷമായ സപ്തവർണ്ണയുടെ ഭാഗമായി മൂന്നുവർഷം മുമ്പ് മുതൽ നടപ്പിൽ വരുത്തിയ ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടി കവചം സീസൺ 4ന്റെ പങ്കാളിത്തത്തോടെയാണ് മെഗാ പ്രചരണ പരിപാടി സംഘടിപ്പിച്ചത്. കവചം പദ്ധതിയുടെ ഭാഗമായി എഴുപത്തഞ്ചിലധികം കലാലയങ്ങളിൽ ബോധവത്ക്കരണപരിപാടികൾ പൂർത്തിയാക്കി കഴിഞ്ഞു. മെഗാസംഗമത്തിൽ ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ തോമസ് തറയിൽ അധ്യക്ഷതവഹിച്ചു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര, വിനു ജോബ് എം.എൽ.എ., ഡി.ഐ.ജി. യതീഷ് ചന്ദ്ര, കോട്ടയംജില്ല പോലീസ് ചീഫ് സാബു മാത്യു, ഡി.വൈ.എസ്.പി ആഷാദ് എസ്., മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. ഡോ. ബിനു ജോർജ് വർഗീസ്, പിന്നണി ഗായിക നിത്യ മാമ്മൻ, ജോസഫ് വാഴയ്ക്കൽ എക്സ് എം.എൽ.എ., ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, ഫാ. മാത്യു മുരിയൻകരി, ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. പ്രിൻസ് എതിരേറ്റ് കുടിലിൽ, മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ പ്രൊഫ. ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സക്കറിയ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലാലിമ്മ റ്റോമി, വാഴപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് വീണാ സി. ദിലീപ്, ചങ്ങനാശ്ശേരി മുൻസിപ്പൽ ചെയർമാൻ ജോമി ജോസഫ്, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു. മെഗാസംഗമത്തിൽ പങ്കെടുത്തവർക്ക് സംസ്ഥാന സർക്കാർ നൽകുന്ന തൂഫാൻ വാരിയേഴ്സ് സർട്ടിഫിക്കറ്റ് നൽകി.

## കേരളത്തിലെ ആദ്യ ഗുണവദ് യാത്ര

വീടുകളിൽ ആതുരപരിപാലനമെത്തിക്കുന്ന ഹോം കെയർ സർവീസ് സെന്ററുകൾക്കായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ബോധവത്ക്കരണപരിപാടി 'ഗുണവദ് യാത്ര' ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ക്വാളിറ്റി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ ജൂലൈ 28ന് നഴ്സിങ് കോളേജ് സാന്തോം ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. ഹോം കെയർ അക്രഡിറ്റേഷന്റെ ഭാഗമായ പരിശീലനം കേരളത്തിലാദ്യമായാണ് സംഘടിപ്പിക്കുന്നത്.

വിവിധ ജില്ലകളിലെ അറുപതിലധികം സ്ഥാപനങ്ങളിൽനിന്ന് ആതുരസേവകർ പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തു. ഹോം കെയർ സ്ഥാപനങ്ങൾ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട നിയമകാര്യങ്ങൾ, ആരോഗ്യപ്രവർത്തകരുടെ പരിശീലനം, ഗുണമേന്മാ സേവനം എന്നിവയെക്കുറിച്ച് ഏകദിന പരിശീലനത്തിൽ വിശദമായി ചർച്ചചെയ്യപ്പെട്ടു. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോൺ തെക്കേക്കര ഉദ്ഘാടനം നിർവ്വഹിച്ച യോഗത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു. ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിലെ ക്വാളിറ്റി അഷ്വറൻസ് മാനേജർ ബീനാ കുര്യൻ ക്ലാസ്സ് നയിച്ചു.

## പാലിയേറ്റീവ് കെയർ പരിശീലനം

നാലുകോടി സെന്റ് തോമസ് പള്ളിയിലെ അംഗങ്ങൾക്കായി പാലിയേറ്റീവ് കെയർ പരിശീലനക്യാംപ് ആഗസ്റ്റ് 19നു സംഘടിപ്പിച്ചു. പ്രാദേശിക സമൂഹത്തിലെ രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണ നൽകുന്നതിനുവേണ്ട അറിവും നൈപുണ്യവും നൽകി അവരെ ശക്തീകരിക്കാൻ ഈ പരിശീലനം ഉപകരിച്ചു.

## സൗജന്യ മെഡിക്കൽ ക്യാംപ്

ആശുപത്രിയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 16നു നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ആരോഗ്യവും കരുതലും ഒരുമിച്ച് പകരുന്ന ഈ ക്യാംപ്, സമൂഹത്തിന് സേവനത്തിന്റെ ഹൃദയസ്പർശിയായൊരു അനുഭവമായി.

## ആരോഗ്യമേഖലയിൽ ഒരു പുതിയ തുടക്കം

നവീകരിച്ച തോട്ടയ്ക്കാട് സെന്റ് തോമസ് ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം 2026 ഓഗസ്റ്റ് 15നു സംഘടിപ്പിച്ച പ്രത്യേക മെഡിക്കൽ ക്യാംപോടെ ആരംഭിച്ചു.

## സ്വാതന്ത്ര്യദിനാഘോഷം

ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനാഘോഷം വിപുലമായ പരിപാടികളോടെ ആശുപത്രിയിൽ സംഘടിപ്പിച്ചു. ഡി.വൈ.എസ്.പി. അഷദ് എസ്. പതാക

ഉയർത്തി. ദേശഭക്തിഗാനം, ഇതര കലാപരിപാടികൾ, മധുരവിതരണം എന്നിവ സംഘടിപ്പിച്ചു.

### പ്രതിസന്ധി ഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം

ചങ്ങനാശ്ശേരി, ചമ്പക്കുളം എന്നിവിടങ്ങളിലെ പ്രളയ ദുരിതാശ്വാസ ക്യാംപുകൾ ആഗസ്റ്റ് 6നു ആശുപത്രിയിലെ മെഡിക്കൽ സംഘം സന്ദർശിച്ചു. ക്യാംപുകളിൽ കഴിയുന്നവർക്ക് സൗജന്യ വൈദ്യപരിശോധനയും ചികിത്സയും അവശ്യമരുന്നുകളും ലഭ്യമാക്കി.

### ഉദ്ഘാടനം

ഉയർന്ന ശുചിത്വനിലവാരവും രോഗപ്പകർച്ച തടയലും രോഗികളുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ അത്യാധുനിക രീതിയിൽ നവീകരിച്ച പുതിയ Laundry വിഭാഗം ആഗസ്റ്റ് 5ന് ഉദ്ഘാടനം ചെയ്തു.

## ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

### പരിശീലന പരിപാടി

അടിയന്തര സാഹചര്യങ്ങളിൽ പ്രഥമശുശ്രൂഷയും ജീവൻരക്ഷാ നടപടികളും ഫലപ്രദമായി നൽകുന്നതിനായി ഓട്ടോ, ആംബുലൻസ്, സ്കൂൾ ബസ് ഡ്രൈവർമാർക്കായി ആഗസ്റ്റ് 12ന് First Aid & Basic Life Support (BLS) Training Programme സംഘടിപ്പിച്ചു.

ഹോസ്പിറ്റലിലെ കൺസൾട്ടന്റ് അനസ്തേഷ്യോളജിസ്റ്റ് ഡോ. അർച്ചന ലാൽ (DA, DNB) പരിശീലനത്തിന് നേതൃത്വം നൽകി. CPR, അപകടത്തിൽപ്പെട്ടവരുടെ സുരക്ഷിത പരിചരണം, അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട പ്രാഥമിക നടപടികൾ എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് മണിമല CI ജോഷി ടി. കെ. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പരിപാടിയിൽ അസോ. ഡയറക്ടർ ഫാ. ജോസ് പുത്തൻചിറയും ഡോ. ജിജി ജേക്കബും സന്നിഹിതരായിരുന്നു.

### ജനറൽ & ലാപറോസ്കോപിക് സർജറി ക്യാംപ്

2026 ജൂലൈ 27 മുതൽ ഓഗസ്റ്റ് 1 വരെ ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ, മണിമലയിൽ സംഘടിപ്പിച്ച സൗജന്യ ജനറൽ & ലാപറോസ്കോപിക് സർജറി ക്യാംപ് മണിമല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീത ഷാജി ഉദ്ഘാടനം ചെയ്തു. ആശുപത്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ അധ്യക്ഷത വഹിച്ചു. ജനറൽ & ലാപറോസ്കോപിക് സർജൻ ഡോ. അരുൺ എസ്. ക്യാംപിന്റെ ലക്ഷ്യവും ചികിത്സാസേവനങ്ങളും സംബന്ധിച്ച് സംസാരിച്ചു.

ക്യാംപിൽ ശസ്ത്രക്രിയ ആവശ്യമായ രോഗികൾക്കു വിദഗ്ധ പരിശോധന, രോഗനിർണയം, ചികിത്സാ നിർദേശങ്ങൾ എന്നിവ സൗജന്യമായിരുന്നു. ആവ

ശ്യമായവർക്ക് ജനറൽ, ലാപറോസ്കോപിക് ശസ്ത്രക്രിയകൾ പ്രത്യേക ഇളവ് നൽകി.

കൂടാതെ ലാബ് പരിശോധനകൾ, സി.ടി. സ്കാൻ, അൾട്രാസൗണ്ട് സ്കാൻ, എക്സ്-റേ, ഇക്കോകാർഡിയോഗ്രാഫി (ECHO), കളർ ഡോപ്ലർ, പൾമണറി ഫങ്ഷൻ ടെസ്റ്റ് (PFT), ട്രെഡ്മിൽ ടെസ്റ്റ് (TMT) എന്നിവയ്ക്ക് 20% വരെ ഇളവും ലഭ്യമായിരുന്നു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം

ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണത്തോടനുബന്ധിച്ച് ജൂലൈ 28നു ആശുപത്രിലെ ജനറൽ മെഡിസിൻ വിഭാഗം ഡോ. പ്രസന്ന ഹെഗ്ഡെ ‘‘ഹെപ്പറ്റൈറ്റിസ്: വിശദമായി മനസ്സിലാക്കാം’’ എന്ന വിഷയത്തെ ആസ്പദമാക്കി സ്റ്റാഫിനായി നടത്തിയ സെമിനാറിന് നേതൃത്വം വഹിച്ചു. പ്രധാനമായും വൈറസ് ബാധ (Hepatitis A, B, C മുതലായവ) മൂലം ഉണ്ടാകുന്ന ഈ രോഗം ഉണ്ടാവാനുള്ള സാധ്യതകളെയും വേണ്ട കരുതലുകളെയും കുറിച്ച് ഒരു അവബോധം നൽകാൻ സെമിനാറിന് സാധിച്ചു.

### പുതുതായി നവീകരിച്ച ഓപ്പറേഷൻ തിയേറ്റർ

ആശുപത്രിയിൽ പുതുതായി നവീകരിച്ച ഓപ്പറേഷൻ തിയേറ്റർ ഓഗസ്റ്റ് 01നു രോഗികൾക്കായി സമർപ്പിച്ചു. അതിനൂതന സാങ്കേതിക വിദ്യയായ ലാമിനാർ ഫ്ളോയോട് കൂടെയുള്ള ഓപ്പറേഷൻ തിയേറ്റർ ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ വെഞ്ചരിച്ചു പ്രവർത്തനം ആരംഭിച്ചു. ആരോഗ്യരംഗത്തെ പുത്തൻ സാങ്കേതികവിദ്യകളെ സാധാരണക്കാരായ ജനങ്ങളിലേക്കു എത്തിക്കുന്നതിനും കൂടുതൽ സുരക്ഷിതമായ ചികിത്സ ഉറപ്പുവരുത്തുന്നതിന് ഇതു സഹായകമാകും.

### ലിഗഷർ സാങ്കേതികവിദ്യ

രക്തക്കുഴലുകളും ടിഷ്യു കോശങ്ങളും മുറിക്കാതെ സുരക്ഷിതമായി ഒട്ടിച്ചു ചേർക്കാനും (vessel sealing) മുദ്രവെക്കാനും ശസ്ത്രക്രിയകളിൽ ഉപയോഗിക്കുന്ന ആധുനിക വൈദ്യശാസ്ത്ര ഉപകരണമാണ് ലിഗഷർ (LigaSure). ഓഗസ്റ്റ് 04 ചൊവാഴ്ച ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ഉപകരണം വെഞ്ചരിച്ചു. ഇത് രക്തസ്രാവം കുറയ്ക്കാനും ശസ്ത്രക്രിയാ സമയം എളുപ്പമാക്കാനും സഹായിക്കുന്നു. ഗൈനക്കോളജിപരമായ സർജറികളിൽ ഇത് വഹിക്കുന്ന പങ്കു മാറ്റിനിർത്താൻ ആവുന്നതല്ല. രോഗിയുടെ സുരക്ഷയെ കൂടുതൽ ഉറപ്പുവരുത്തുന്നതിന് ഈ ഉപകരണം സഹായകമാകും.

### ലോക മുലയൂട്ടൽ വാരാചരണം

ലോക മുലയൂട്ടൽ വാരാചരണത്തോടനുബന്ധിച്ച് ഓഗസ്റ്റ് 7ന് ആശുപത്രിയിൽ അവബോധനക്ലാസ് നടത്തപ്പെട്ടു. ഗൈനക്കോളജി വിഭാഗം ഡോ. ശ്രീജ ബി., കുട്ടികളുടെ വിഭാഗം ഡോ. ആര്യ അനിൽ എന്നിവരാണ് അവബോധന ക്ലാസിലെ നേതൃത്വം നൽകിയത്. കുഞ്ഞുങ്ങളുടെ രോഗപ്രതിരോധശേഷിയുടെ ആദ്യ ഉറവിടമായ മുലപ്പാൽ നൽകുന്നതിലൂടെ കുഞ്ഞിന്റെ വളർച്ചയ്ക്കും അമ്മയുടെ ആരോഗ്യത്തിനും ഒരുപോലെ ഗുണപ്രദമാണെന്ന് ഡോ. ആൻസി ഉദ്ബോധിപ്പിച്ചു. കൂടാതെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമുള്ള പ്രത്യേകം മെഡിക്കൽ ചെക്കപ്പ് പാക്കേജുകൾ ഒരുക്കുകയും ചെയ്തു.

### ദുരിതാശ്വാസ ക്യാമ്പ്

സെന്റ് മേരീസ് ബസിലിക്കാ ചർച്ച് സ്കൂളിൽ പ്രവർത്തിക്കുന്ന പ്രളയ ദുരിതാശ്വാസ ക്യാംപ് ഓഗസ്റ്റ് 10നു സഹൃദയ മെഡിക്കൽ ടീം സന്ദർശിച്ചു. ഡെർമറ്റോളജി വിഭാഗം ഡോ. ടിനു ആഞ്ജലീന, ജനറൽ മെഡിസിൻ വിഭാഗം ഡോ. ആൻഡ്രിയ തുടങ്ങിയവർ ക്യാംപിന് നേതൃത്വം നൽകി. പ്രളയബാധിതർക്ക് ആവശ്യമായ ചികിത്സയും മരുന്നുകളും കരുതലും പിന്തുണയും നൽകി സഹൃദയ മെഡിക്കൽ ടീം അതിജീവനത്തിന് കൈത്താങ്ങായി.

### സ്വാതന്ത്ര്യദിനം

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 15നു സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ പതാക ഉയർത്തുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകുകയും ചെയ്തു. അസി. എക്സി. ഡയറക്ടർമാരായ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ, ഡിപ്പാർട്ടുമെന്റ് ഇൻ ചാർജ്മാർ, മെഡിക്കൽ, പാരാമെഡിക്കൽ, നോൺ മെഡിക്കൽ സ്റ്റാഫ് അംഗങ്ങളും സ്വാതന്ത്ര്യദിനാഘോഷ പരിപാടിയിൽ പങ്കുചേർന്നു.

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹമുള്ള പ്രവാസി സഹോദരങ്ങളെ,

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെ ആശംസകളും പ്രാർഥനകളും ഏറ്റവും സ്നേഹത്തോടെ അറിയിക്കുന്നു.

ഓഗസ്റ്റ് 5ന് ജി.സി.സി. എക്സിക്യൂട്ടിവ് മീറ്റിങ് നടത്തി. സമുദായശക്തീകരണവർഷത്തിന്റെ തുടർപ്രവർത്തനങ്ങൾ മനോഹരമായി നടത്തുവാൻ കമ്മിറ്റി തീരുമാനിച്ചു. ഓഗസ്റ്റ് 14ന് കുവൈറ്റ് ചാപ്റ്ററിന്റെയും ഓഗസ്റ്റ് 20ന് യു.എ.ഇ. ചാപ്റ്ററിന്റെയും എക്സിക്യൂട്ടിവ് കമ്മിറ്റി മീറ്റിങ്ങും ഫാമിലി മീറ്റും നടത്തി. ബഹു. ഡയറക്ടറച്ചന്മാരും ഗ്ലോബൽ ജി.സി.സി. കോഡിനേറ്റർമാരും ഓൺലൈൻ മീറ്റിങ്ങുകളിൽ പങ്കെടുത്തു.

പ്രവാസത്തിൽ ആയിരിക്കുന്നവർക്കുവേണ്ടി മാർത്തോമ്മാ വിദ്യാനികേതന്റെയും പ്രവാസി അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ ഓൺലൈൻ ദൈവശാസ്ത്ര ഡിപ്ലോമ കോഴ്സ് സെപ്റ്റംബർ ആദ്യം മുതൽ ആരംഭിക്കുന്നു. ഓഗസ്റ്റ് 16ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത ഈ ഡിപ്ലോമ കോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടനം നടത്തി. വിശുദ്ധഗ്രന്ഥം, ആരാധനക്രമം, ഭാരത സഭാചരിത്രം, സഭാവിജ്ഞാനീയം, സുറിയാനി ഭാഷ, ക്രിസ്തീയ ധാർമികത തുടങ്ങിയ വിഷയങ്ങളുടെ ക്ലാസുകളാണ് ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

നോർക്കാ റൂട്ട്സ് 'നോർക്കാ കെയർ പ്ലസ്' എന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി 2026 ഓഗസ്റ്റ് 18ന് വീണ്ടും ആരംഭിച്ചു. നിലവിൽ പ്രാബല്യമുള്ള, നോർക്ക ഐഡി കാർഡുള്ള പ്രവാസികൾക്ക് നോർക്കയുടെ ഓൺലൈൻ പോർട്ടലിലൂടെ സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷിക്കാം.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

# കത്തോലിക്കാ കോൺഗ്രസ് (AKCC)

## ഫൊറോനാ കൺവൻഷനുകൾ

അതിരൂപത സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന ഫൊറോനാതല കൺവൻഷനുകൾ ആരംഭിച്ചു. ജൂലൈ 26നു തൃക്കൊടിത്താനം ഫൊറോനാ കൺവൻഷൻ പായിപ്പാട് ലൂർദ് മാതാ പള്ളിയിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ഇ. ജെ. ജോസഫ് ഇളപ്പുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യസന്ദേശം നൽകി.

ജൂലൈ 26നു നെടുങ്കുന്നം ഫൊറോനാ കൺവൻഷൻ ചമ്പക്കര സെന്റ് ജോസഫ് പള്ളിയിൽ നടത്തപ്പെട്ടു. പ്രസിഡന്റ് തോമസ് ഇ. ജെ. യുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. സഖറിയാസ് കരുവേലിൽ ആമുഖപ്രഭാഷണവും അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് വിഷയാവതരണവും നടത്തി.

## നേതൃസംഗമം

അതിരൂപത സമിതിയുടെ 2024-27 വർഷത്തെ അതിരൂപത എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ വിവിധ കൗൺസിലുകളുടെ ജനറൽ കോർഡിനേറ്റേഴ്സ് എന്നിവരുടെ സംയുക്തസമ്മേളനം ഓഗസ്റ്റ് 19നു സന്ദേശനിലയത്തിൽ നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് നേതൃസംഗമം ഉദ്ഘാടനം ചെയ്തു. തുടർന്നുവരുന്ന എക്സലൻഷ്യ സീസൺ 5 മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം, ഫൊറോന കൺവൻഷനുകൾ, യൂണിറ്റ് സന്ദർശനങ്ങൾ, 109-ാമത് ജന്മവാർഷിക സമ്മേളനം, ഫണ്ട് സമാഹരണം എന്നീ വിഷയങ്ങൾ പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്തു.

## പ്രതികരണങ്ങൾ

താറാവ് കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് സർക്കാർ അടിയന്തരമായി ഇടപെടണമെന്നും ആ മേഖലയിൽ ജോലി ചെയ്യുന്ന കർഷകരുടെ പ്രശ്നങ്ങൾ പഠനവിധേയമാക്കണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് പ്രതികരണം നടത്തി. പ്രസ്തുത വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ജൂലൈ 28 ലെ ദിനപത്രങ്ങളിലൂടെ പ്രതികരണം അറിയിക്കുകയും ചെയ്തു.

കുട്ടനാട്ടിൽ തുടർച്ചയായി ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിന് ശാശ്വതമായ പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് 15 ആവശ്യങ്ങൾ അടങ്ങിയ നിർദ്ദേശങ്ങൾ ഓഗസ്റ്റ് 9 ദിനപത്രത്തിലൂടെ സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും മുമ്പിൽ കൊണ്ടുവന്നു.

**പ്രഥമ നാഷണൽ കോൺഫ്രൻസ്**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽസമിതിയുടെ നേതൃത്വത്തിൽ മുംബൈയിൽ ഓഗസ്റ്റ് 1, 2 തീയതികളിൽ നടത്തിയ പ്രഥമ നാഷണൽ കോൺഫ്രൻസിൽ അതിരൂപതാ പ്രതിനിധികളായ ബിജു സെബാസ്റ്റ്യൻ, ഫാ. സാവിയോ മാനാട്ട്, ഷിജി ജോൺസൺ, റോസിലിൻ കുരുവിള, രാജേഷ് ജോൺ, ജേക്കബ് നിക്കോളാസ്, ടോമിച്ചൻ അയ്യരുകുളങ്ങര, അഡ്വ. മനു ജെ. വരാപ്പള്ളി, സെബാസ്റ്റ്യൻ വർഗീസ്, കുഞ്ഞു കളപ്പുര, ലിസി ജോസ് എന്നിവർ പങ്കെടുത്തു.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ്
# (KLM)

## കെ.എൽ.എം. യൂണിറ്റ് വാർഷികങ്ങൾ

കെ.എൽ.എം.തൃക്കൊടിത്താനം മുണ്ടുപാലം യൂണിറ്റിന്റെ വാർഷികം ജൂലൈ 26നു നടത്തപ്പെട്ടു. വികാരി ഫാ. ജേക്കബ് ചക്കാത്തറ അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, യൂണിറ്റ് കോർഡിനേറ്റർ ജോയൻ ജോസഫ് എന്നി വർ പങ്കെടുത്തു.

കെ.എൽ.എം. തൃക്കൊടിത്താനം നാലുകോടി യൂണിറ്റിന്റെ വാർഷികം ആഗസ്റ്റ് 02നു നടത്തപ്പെട്ടു. വികാരി ഫാ. ടോം പുത്തൻകളം അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അസ്സി. ഡയറക്ടർ ഫാ. ടോണി കൊച്ചുമലയിൽ, അതിരൂപത ജനറൽ സെക്രട്ടറി പി. ജെ., ജോയിന്റ് സെക്രട്ടറിമാരായ ഷാജി കോര, ലാലി ബോബൻ, യൂണിറ്റ് കോർഡിനേറ്റർ എബി വർഗീസ് എന്നിവർ പങ്കെടുത്തു.

## ആദരാഞ്ജലികൾ

മാമ്മൂട് ശിമയോൻ സംഘാംഗം റ്റിറ്റു ജോസഫ് ആലുംമൂട്ടിൽ, കൊടിനാട്ടും കുന്ന് മറിയംത്രേസ്യാ സംഘാംഗം സുശീല ജോസഫ് കൊച്ചുപുരയ്ക്കൽ, മണ്ണഞ്ചേരി സെന്റ് ജോസഫ് സംഘാംഗം തോമസ് ആന്റണി പരക്കാട്ട് വെളി, ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ജോബി ഫിലിപ്പ് കളപ്പുരക്കൽ, പാറമ്പുഴ സെന്റ് ആന്റണീസ് സംഘാംഗം എ. വി. തോമസ് ഇടച്ചേരി മാലി യിൽ, മണ്ണഞ്ചേരി സെന്റ് ജോസഫ് സംഘാംഗം ജോണി കെ. ഒ. കൊച്ചുചിറ, ആർപ്പൂക്കര ചെറുപുഷ്പം സംഘാംഗം പ്രിൻസ് ഫിലിപ്പ് ചൂനാട്ട് എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥ നയും നേരുന്നു.

## മരണാനന്തര സഹായ നിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാ നന്തര സഹായമായ 1,30,000 രൂപ ജൂലൈ 27 നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 209 | ജോമോൻ തോമസ് | കാവാലം സെന്റ് സെബാസ്റ്റ്യൻ സംഘം |
| 210 | രേണു ദേവസ്യ | നാലുകോടി മേരി മാതാ സംഘം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജനസഭ (DCMS)

## നീതിഞായർ ഐക്യദാർഢ്യ ഓൾ കേരള സിമ്പോസിയം

നീതിഞായർ (ജസ്റ്റിസ് സൺഡേ) ദിനത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളായ ഡി.സി.എം.എസ്., എ.കെ.സി.സി., കെ.എൽ.എം., കെ.സി.എസ്.എൽ., യുവദീപ്തി-എസ്.എം.വൈ.എം., ഫാമിലി അപ്പോസ്തലേറ്റ് എന്നിവ സംയുക്തമായി സംഘടിപ്പിച്ച ഓൾ കേരള സിമ്പോസിയം എസ്.ബി. കോളേജ് കാളാശ്ശേരി ഹാളിൽ ഓഗസ്റ്റ് 16ന് നടത്തപ്പെട്ടു. സിമ്പോസിയത്തിന്റെ ഉദ്ഘാടനം എസ്.ബി. കോളേജ് വൈസ് പ്രിൻസിപ്പാൾ നിർവഹിച്ചു. ഡി.സി.എം.എസ്. പ്രസിഡന്റ് അദ്ധ്യക്ഷനായ യോഗത്തിൽ അതിരൂപതാ പ്രോട്ടോസിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്, ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ, എ.കെ.സി.സി. പ്രസിഡന്റ്, കെ.എൽ.എം. പ്രസിഡന്റ്, യുവ ദീപ്തി വൈസ് പ്രസിഡന്റ്, കെ.സി.എസ്.എൽ. പ്രസിഡന്റ്, മാതൃ-പിതൃവേദി പ്രതിനിധികൾ ഉദ്ഘാടനസമ്മേളനത്തിൽ സന്നിഹിതരായിരുന്നു. തുടർന്ന് ദളിത് ക്രൈസ്തവ നീതിനിഷേധത്തിന്റെ 76 വർഷം എന്ന വിഷയത്തിൽ ഹൈക്കോടതി അഭിഭാഷകനും മുതിർന്ന ഭരണഘടനാ വിശാരദനും, അബേദ്ക്കറിസ്റ്റുമായ സജി കെ. ചേരമൻ, റാന്നി സെന്റ് തോമസ് കോളേജ് ഫിസിക്സ് വിഭാഗം പ്രഫസറും ദളിത് സാമൂഹ്യപ്രവർത്തകനുമായ കെ. സുരേഷ് കുമാർ എന്നിവർ പേപ്പറുകൾ അവതരിപ്പിച്ചു. ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ഷിബു ജോസഫ്, എ.കെ.സി.സി. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ, എന്നിവർ മോഡറേറ്റർ ആയിരുന്നു. ഡി.സി.എം.എസ്. പ്രവർത്തിക്കുന്ന വിവിധ രൂപതകളിൽനിന്നും ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ സംഘടനകളിൽനിന്നും ക്ഷണിക്കപ്പെട്ട ഭാരവാഹികളും പ്രവർത്തകരും സിമ്പോസിയത്തിൽ പങ്കെടുത്തു.

## നീതിഞായർ ഐക്യദാർഢ്യ സമ്മേളനം

ഈ വർഷത്തെ ദേശീയ നീതിഞായർ ഐക്യദാർഢ്യ ദിനാചരണം ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഡി.സി.എം.എസ്., എ.കെ.സി.സി., കെ.എൽ.എം., കെ.സി.എസ്.എൽ., യുവദീപ്തി-എസ്.എം.വൈ.എം., ഫാമിലി അപ്പോസ്തലേറ്റ് എന്നിവ സംയുക്തമായി സംഘടിപ്പിച്ച ഐക്യദാർഢ്യ സമ്മേളനം ഓഗസ്റ്റ് 16ന് ഉച്ചകഴിഞ്ഞ് ചങ്ങനാശ്ശേരി പെരുന്ന 2-ാം നമ്പർ ബസ്റ്റാന്റ് മൈതാനിയിൽ നടന്നു. അതിരൂപതാ ആർച്ചുബിഷപ് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. KCBC/ SCBC കമ്മീഷൻ ചെയർമാനും സംസ്ഥാന ഡി.സി.എം.എസ്. ചെയർമാനുമായ അഭി. മാർ ഗീവർഗീസ് അപ്രേം നീതിഞായർ സന്ദേശം

നൽകി. ഡി.സി.എം.എസ്. പ്രസിഡന്റ്, എ.കെ.സി.സി., യുവദീപ്തി-എസ്.എം.വൈ.എം. ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, എ.കെ.സി.സി., കെ.എൽ.എം., കെ.സി.എസ്.എൽ., യുവദീപ്തി-എസ്.എം.വൈ.എം., മാതൃ-പിതൃവേദി പ്രസിഡന്റുമാർ, എന്നിവർ ഐക്യദാർഢ്യ സന്ദേശം നൽകി. ഡി.സി.എം.എസ്. ട്രഷററും പ്രോഗ്രാം കൺവീനറുമായ റോയി കെ. സി. കല്ലുകണ്ടം സ്വാഗതവും ഡി.സി.എം.എസ്. ജോയിന്റ് സെക്രട്ടറി സിന്ധു കെ. ഒ. നന്ദിയും രേഖപ്പെടുത്തി. ഡി.സി.വി.എസ്., ഡി.സി.എം.എസ്. ഭാരവാഹികൾ, മറ്റു സംഘടനാ പ്രതിനിധികൾ, ഡി.സി.എം.എസ്. യൂണിറ്റ് ഫൊറോനാ ഭാരവാഹികളും സമ്മേളനത്തിൽ പങ്കെടുത്തു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഭാംഗങ്ങളേ,

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സ്വർഗപ്രവേശനത്തിന്റെ 800-ാം വർഷത്തിന്റെ ഫ്രാൻസിസ്കൻ ജൂബിലിവർഷത്തിലെ ഈ കാലയളവിൽ സഭാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ അതിരൂപതാ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം ചേർന്നു.

## എക്സിക്യൂട്ടിവ് കമ്മിറ്റി

ഓഗസ്റ്റ് 14നു വാഴപ്പള്ളി ഗത്സെമനി ആശ്രമത്തിൽ എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം ചേർന്നു. അതിരൂപതാ സെക്രട്ടറി സഹോദരി എത്സമ്മ മരങ്ങാട്ട്, ട്രഷറർ ബ്രദർ മാത്യു കാനാട്ട് എന്നിവർ അവതരിപ്പിച്ച റിപ്പോർട്ടും കണക്കും യോഗം പാസ്സാക്കി. ചങ്ങനാശ്ശേരി അതിരൂപതാ ഫ്രാൻസിസ്കൻ സംഗമം ഒക്ടോബർ രണ്ടിനും വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ഒക്ടോബർ നാലിനും പൂന്തോപ്പ് ഇടവകയിൽ ഭക്തിനിർഭരമായി ആഘോഷിക്കുന്നതിനെക്കുറിച്ച് ആലോചനകൾ നടത്തി.

**ഫ്രാൻസിസ്കൻ സംഗമം:** അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ പ്രത്യേക താൽപര്യത്തിൽ ഒക്ടോബർ രണ്ടാംതീയതി പൂന്തോപ്പ് ഇടവകയിൽ നടത്തപ്പെടുന്ന അതിരൂപതാ ഫ്രാൻസിസ്കൻ സംഗമത്തിൽ ഓരോ ഭ്രാതൃത്വത്തിന്റേയും സജീവസാന്നിദ്ധ്യം ഉറപ്പുവരുത്തി.

**റീജൺ സമ്മേളനങ്ങൾ:** അതിരൂപതയിൽ പ്രവർത്തിക്കുന്ന എസ്.എഫ്.ഒ.യുടെ 4 റീജനുകളിലെ ഓരോ ഭ്രാതൃത്വത്തിന്റെയും 7 ഭാരവാഹികളുടെ സംയുക്ത സമ്മേളനം ഈ മാസം അവസാനം നടത്തുവാൻ തീരുമാനിച്ചു.

## നിര്യാതരായി

എടത്വാ റീജൻ മുട്ടാർ സെന്റ് ജോർജ് ഭ്രാതൃത്വാംഗം സഹോദരൻ ജോർജുകുട്ടി ചാമപ്പറമ്പിൽ നിര്യാതനായി.

എടത്വാ റീജൻ സെന്റ് ക്ലയർ ഭ്രാതൃത്വാംഗം ത്രേസ്യാമ്മ ദേവസ്യ കല്ലൂപ്പറമ്പിൽ നിര്യാതയായി. ഇവരുടെ സ്വർഗപ്രാപ്തിക്കായി പ്രാർഥിക്കാം.

**വി. സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*''കരുണ കാണിക്കാൻ കർത്താവ് അവസരം കണ്ടെത്തും പ്രവൃത്തികൾ ക്കൊത്ത പ്രതിഫലം ഓരോരുത്തനും ലഭിക്കും''* (പ്രഭാ. 16:14).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തകരായ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ മാസമാണല്ലോ സെപ്റ്റംബർ. പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടൊപ്പം ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഉത്കൃഷ്ടമായ മാതൃകകൾ നമുക്കു കാണിച്ചുതന്ന കൽക്കത്തയിലെ വി. തെരേസയുടെയും സൊസൈറ്റി സ്ഥാപകനായ വാ. ഫ്രെഡറിക് ഓസാനാമിന്റെയും നമ്മുടെ സ്വർഗീയ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകൾ നാം ഈ മാസം ആചരിക്കുന്നു. ശുശ്രൂഷയുടെ മാഹാത്മ്യം നമുക്കു വ്യക്തമാക്കിത്തരുന്ന ഈ വിശുദ്ധരുടെ ജീവിതവഴികളെ ധ്യാനിക്കാനും അനുകരിക്കാനും അതുവഴി വിശുദ്ധി പ്രാപിക്കാനും നമുക്കു പരിശ്രമിക്കാം. പാവങ്ങളുടെ പക്കലേക്ക് ഇറങ്ങിച്ചെന്നുള്ള പ്രവർത്തനങ്ങളാണ് വി. വിൻസെന്റിനെയും കൂട്ടരെയും ഹൃദയപൂർവം സ്നേഹിക്കാനും ഉൾക്കൊള്ളാനും സമൂഹത്തെ പ്രേരിപ്പിച്ചത്. സഭയിൽ നിന്നകന്നുപോയ വിശ്വാസസമൂഹത്തെ ചേർത്തുനിർത്താൻ പ്രസംഗങ്ങൾക്കും പ്രബോധനങ്ങൾക്കും മാത്രമാവില്ല എന്ന തിരിച്ചറിവാണ് അവയ്ക്കൊപ്പം ഉപവി പ്രവർത്തനങ്ങളും ചേർക്കാൻ വാ. ഓസാനാമിനും സുഹൃത്തുക്കൾക്കും പ്രേരണയായത്. ''നമുക്ക് പാവങ്ങളുടെ പക്കലേക്ക് ഇറങ്ങിച്ചെല്ലാം'' എന്ന ഓസാനാമിന്റെ ആഹ്വാനം ഉൾക്കൊണ്ട ചെറിയ സമൂഹം പാവങ്ങളുടെ പാർപ്പിടങ്ങളിലേക്ക് കടന്നുചെല്ലുകയും അവരുടെ പരിമിതികളിൽ കൂടെയായിരുന്നുകൊണ്ട് അവരുടെ ശാരീരികവും മാനസികവുമായ വേദനകളിൽ പങ്കുപറ്റുകയും ചെയ്തു സ്വന്തം സത്വത്തിന്റെ മറുരൂപമായി മറ്റുള്ളവരെ കാണാൻ നമുക്കു സാധിക്കുമ്പോൾ അവരുമായി അനുരൂപപ്പെടാൻ നമുക്കു സാധിക്കും. 'വ്യക്തിപരമായ സമ്പർക്കം' നമ്മുടെ പ്രവർത്തനങ്ങളിൽ ഒഴിച്ചുകൂടാനാവാത്തതാണ്, അതാണ് നമ്മുടെ പ്രവർത്തനത്തിന്റെ ശ്രേഷ്ഠതയും. മിച്ചമുള്ള സമ്പത്തിന്റെയും സമയത്തിന്റെയും ഓഹരി വിട്ടുകൊടുക്കുന്നത് ശുശ്രൂഷയുടെ പര്യായമല്ല. ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കാൻ നമുക്കാവണം. അതിനു കഴിയണമെങ്കിൽ ഈശോയെന്ന ഉറവിടവുമായി ഗാഢമായ ബന്ധം വേണം. പ്രാർഥനയുടെയും കൂദാശാജീവിതത്തിന്റെയും മനുഷ്യരാവണം. ഈ സെപ്റ്റംബർമാസം ആത്മവിശുദ്ധീകരണത്തിനുള്ള മാസമായി നമുക്കാചരിക്കാം. എല്ലാവർക്കും തിരുനാളുകളുടെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു. സെപ്റ്റംബർ 9നു പാവങ്ങൾക്കു വേണ്ടിയും സെപ്റ്റംബർ 27ന് അംഗങ്ങൾക്കുവേണ്ടിയും പരിശുദ്ധ കുർബാന അർപ്പിക്കണമെന്ന കാര്യം ഓർമ്മപ്പെടുത്തുന്നു.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുമായി സഹകരിച്ച് നമ്മൾ നടപ്പിലാക്കുന്ന പുതിയ ചികിത്സാ പദ്ധതിയുടെയും സെന്റ് വിൻസെന്റ് ഡി പോൾ വാർഡിന്റെയും ഉദ്ഘാടനം അഭി. മാർ തോമസ് തറയിൽ പിതാവ് സെപ്റ്റംബർ 9ന് നിർവഹിക്കുന്നതാണ്. ആശുപത്രി ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്തിനോടും സഹപ്രവർത്തകരോടുമുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. വിശദാംശങ്ങൾ ഏരിയാ കൗൺസിലുകൾവഴി ലഭ്യമാകുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

നമ്മുടെ സെൻട്രൽ കൗൺസിൽ പ്രസിഡൻ്റ് ബ്രദർ തോമസ് ടി. മൂലയിലിന്റെ കാലാവധി നവംബർ 12നു പൂർത്തിയാവുകയാണ്. പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടികൾക്ക് ഏവരുടെയും സഹകരണവും ഒരു നല്ല പ്രസിഡന്റിനെ ലഭിക്കാൻവേണ്ടി പ്രാർഥനയും അഭ്യർഥിക്കുന്നു. പ്രസിഡന്റാകാൻ നിയമാവലി പ്രകാരം യോഗ്യതയുള്ളവർക്കുവേണ്ടി നിയമാവലിയിൽ അനുബന്ധം 10 പ്രകാരമുള്ള നാമനിർദ്ദേശങ്ങൾ സെപ്റ്റംബർ 22ന് വൈകുന്നേരം അഞ്ചിനു മുമ്പായി (Antony Thomas, Malicherry, Paili Kavala, Kurumpanadom P.O., Kottayam 686 536, Mob: 9446055596) എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. 2026 മെയ് മാസത്തെ വാർഷികറിപ്പോർട്ട് പ്രകാരമുള്ള ഏരിയാ കൗൺസിൽ/കോൺഫറൻസ് പ്രസിഡന്റുമാരാവും ഇലക്ട്രൽ കോളേജ് അംഗങ്ങൾ. ഇവരിൽ പത്തുശതമാനം പേരെങ്കിലും നിർദേശിച്ചാൽ മാത്രമേ ഒരംഗത്തിന്റെ സ്ഥാനാർത്ഥിത്വം അംഗീകരിക്കുകയുള്ളു. നാമനിർദേശങ്ങൾ സെപ്റ്റംബർ 23നു രാവിലെ 10ന് സെൻട്രൽ കൗൺസിൽ ഓഫീസിൽ പരിശോധിക്കുന്നതാണ്. തെരഞ്ഞെടുപ്പ് ആവശ്യമെങ്കിൽ ഒക്ടോബർ മാസത്തിൽ നടത്തുന്നതാണ്. തീയതിയും മറ്റു വിശദാംശങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.

സ്നേഹപൂർവം,

**ആന്റണി തോമസ് മാലിശ്ശേരി**
*വൈസ് പ്രസിഡന്റ്*

# കരിസ്മാറ്റിക് നവീകരണം

''ആത്മാവിന്റെ ഒരു സവിശേഷ നിമിഷത്തിലാണ് നാം സഭയിൽ ജീവിക്കുന്നത്. തിരുവെഴുത്ത് അവനെ വെളിപ്പെടുത്തുന്നതുപോലെ, എല്ലായിടത്തും ആളുകൾ അവനെ നന്നായി അറിയാൻ ശ്രമിക്കുന്നു. അവന്റെ പ്രചോദനത്തിന് മുൻപിൽ തങ്ങളെത്തന്നെ പ്രതിഷ്ഠിക്കുന്നതിൽ അവർ സന്തുഷ്ടരാണ്. അവർ അവനെക്കുറിച്ച് അറിയാൻ ഒത്തുകൂടുന്നു; അവനാൽ നയിക്കപ്പെടാൻ അവർ ആഗ്രഹിക്കുന്നു.''

....Evangelii Nuntiandi 75

## കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ

ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ഗ്രൗണ്ടിൽ 2026 ആഗസ്റ്റ് 20 മുതൽ 24 വരെ നടന്ന സോണൽ കരിസ്മാറ്റിക് ബൈബിൾ കൺവെൻഷൻ 'കൃപാഭിഷേകം 2026' സമാപിച്ചു. ഫാ. ഡൊമിനിക് വാളന്മനാൽ വചനപ്രഘോഷണത്തിനും കൃപാഭിഷേക ശുശ്രൂഷയ്ക്കും ദിവ്യകാരുണ്യ ആരാധനയ്ക്കും നേതൃത്വം നൽകി.

## ദിവസേനയുള്ള ശുശ്രൂഷകൾ

**ആഗസ്റ്റ് 20** *(വ്യാഴം-ഒന്നാം ദിവസം)*: ജപമാലയോടെ ആരംഭിച്ച ആദ്യദിനത്തിൽ ചങ്ങനാശ്ശേരി അതിരൂപത ആർച്ചുബിഷപ് എമിരിറ്റസ് മാർ ജോസഫ് പെരുന്തോട്ടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് സന്ദേശവും ബൈബിൾ പ്രതിഷ്ഠയും കൺവെൻഷന്റെ ഔദ്യോഗിക ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു.

**ആഗസ്റ്റ് 21** *(വെള്ളി-രണ്ടാം ദിവസം)*: പരിശുദ്ധ കുർബാനയെ തുടർന്ന് മലങ്കര കത്തോലിക്കാ സഭ പത്തനംതിട്ട രൂപതാധ്യക്ഷൻ മോസ്റ്റ് റവ. ഡോ. സാമൂവൽ മാർ ഐറേനിയോസ് മുഖ്യാതിഥിയായി പങ്കെടുത്ത് വചനസന്ദേശം നൽകി.

**ആഗസ്റ്റ് 22** *(ശനി-മൂന്നാം ദിവസം)*: ദിവ്യബലിക്കുശേഷം കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ തൗണ്ടയിൽ വചനപ്രഭാഷണം നടത്തി.

**ആഗസ്റ്റ് 23** *(ഞായർ-നാലാം ദിവസം)*: കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് ആർച്ചുബിഷപ് മാർ തോമസ് തറയിൽ വചനസന്ദേശം നൽകി.

**ആഗസ്റ്റ് 24** *(തിങ്കൾ-അഞ്ചാം ദിവസം)*: ജപമാല, പരിശുദ്ധ കുർബാന, ഫാ. ഡൊമിനിക് വാളന്മനാൽ നയിച്ച കൃപാഭിഷേകശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന എന്നിവയോടെ അഞ്ചുദിവസം നീണ്ടുനിന്ന കൺവെൻഷൻ സമാപിച്ചു.

അതിരൂപതാ/സോണൽ ഡയറക്ടർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ശുശ്രൂഷാസമിതിയാണ് കൺവൻഷന്റെ സംഘാടനം നിർവഹിച്ചത്.

## ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം ജൂലൈ 29നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ നടന്നു. പാസ്റ്ററൽ സെന്റർ ഓഫീസിലാണ് ഈ മാസത്തെ മീറ്റിങ് നടന്നത്. വിവിധ ഇടവകകളിൽ തുടങ്ങിയ ദമ്പതീസെല്ലുകളുടെ പ്രവർത്തനങ്ങൾ വില യിരുത്തി. ജൂൺ 19നു പുതുക്കരി സെന്റ് സേവ്യേഴ്സ് പള്ളിയിലും മെയ് 23നു സെന്റ് മേരീസ് പള്ളി കുമരങ്കരിയിലും ദമ്പതിധ്യാനങ്ങൾ നടന്നു. അടുത്ത മീറ്റിങ് ആഗസ്റ്റ് 27നു പാസ്റ്ററൽ സെന്റർ ഓഫീസിൽ നടത്തുവാൻ തീരുമാനിച്ചു.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

## മാർ തോമസ് തറയിൽ

**ജൂലൈ**

29 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ശ്രീ. റ്റി. ജെ. ജോസഫ് തറയിലിന്റെ അമ്പതാം ചരമവാർഷികത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. വെരൂർ മുളകുപാടം ത്രേസ്യാമ്മയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും കുറിച്ചി എം.എൽ.എഫ്. കോൺവെന്റിൽ സിസ്റ്റർ മേരി ഷാന്താളിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിനു കാർമികത്വം വഹിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ കുടുംബക്കൂട്ടായ്മ ഫൊറോനാ ഡയറക്ടർമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

30 ചങ്ങനാശ്ശേരി അൽഫോൻസാ ബാലിക ഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പുലിക്കല്ല് കെ. ജെ. ചാക്കോ മെമ്മോറിയൽ ഹൈസ്കൂളിന്റെ നവീകരിച്ച കെട്ടിടം ആശീർവദിക്കുകയും മാമ്മൂട് ആലുംമൂട്ടിൽ റ്റിറ്റു ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസ് നയിക്കുകയും അതിരൂപതാകേന്ദ്രത്തിൽ ശാലോം ടിവിയുടെ യുവജന സംവാദത്തിൽ പങ്കെടുക്കുകയും ചെയ്തു.

31 ചങ്ങനാശ്ശേരി സോയിൽ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും മാങ്ങാനം എം.ഒ.സി. യിൽ സമർപ്പിത സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ സെമിനാറിൽ ക്ലാസ് നയിക്കുകയും ചെയ്തു.

**ഓഗസ്റ്റ്**

01 എടത്വ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ കൊഴുപ്പക്കളം ബഹു. മാത്യു എം.എസ്.എഫ്.എസ്. അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷത്തിൽ ആശംസകളറിയിച്ചു. കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ നടന്ന അൽഫോൻസാ തീർത്ഥാടനത്തിൽ സമാപനസന്ദേശം നൽകി. പൈക സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു.

02 ആറ്റിങ്ങൽ സെന്റ് ജൂഡ് പള്ളിയിൽ അജപാലനസന്ദർശനം നടത്തി. കഴക്കൂട്ടം ജോൺപോൾ യൂത്ത് സെന്ററിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകി.

03 ചിറ്റൂക്കളം ബഹു. സിറിയക്ക് അച്ചന്റെ മാതാവ് കുമരകം റോസമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. കൊളോക്കിയത്തിൽ പങ്കെടുത്തു.

03–07 കെ.സി.ബി.സി. മെത്രാന്മാരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

07 യൂറോപ്പിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരുടെ ഓൺലൈൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

08 ചങ്ങനാശേരി-ളായിക്കാട്-കുറിച്ചി പ്രദേശങ്ങളിലുള്ള വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപുകൾ സന്ദർശിക്കുകയും തുരുത്തി കാനായിൽ ദമ്പതി സംഗമത്തിൽ സന്ദേശം നൽകുകയും ചെയ്തു.

09 പങ്ങട തിരുഹൃദയ പള്ളിയിൽ അജപാലന സന്ദർശനം നടത്തി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ ഫൊറോന പാരിഷ് കൗൺസിൽ അംഗങ്ങളുടെ യോഗം ഉദ്ഘാടനം ചെയ്യുകയും ശേഷം നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിൽ സന്ദേശം നൽകുകയും ചെയ്തു. തുരുത്തി സെന്റ് മേരീസ് സ്കൂളിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാംപ് സന്ദർശിച്ചു.

10 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ കമ്മീഷന്റെ ഔദ്യോഗിക സന്ദർശനം നടത്തി. ദീപിക ബോർഡിന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

11 അതിരൂപതാകേന്ദ്രത്തിൽ നൂറുമേനി കോർഡിനേറ്റഴ്സ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ അതിരൂപതാ വൈദികരുടെ രജതജൂബിലി ആഘോഷത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശ്ശേരി കണ്ടങ്കേരിൽ സ്കറിയ ചെറിയാന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ പുതുജീവൻ ബോർഡ് യോഗത്തിൽ അധ്യക്ഷത വഹിക്കുകയും അതിരമ്പുഴ ഓണംകുളം കെ. ജെ. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 അതിരൂപതാകേന്ദ്രത്തിൽ ഫൊറോനാ വികാരിമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും കാർപ്പ് ആസ്പയറിന്റെ പരിശീലന പരിപാടിയിൽ ക്ലാസ് നയിക്കുകയും നവീകരിച്ച ഓഫീസ് മുറി ആശീർവദിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. യു.എസിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരുടെ ഓൺലൈൻ യോഗത്തിൽ സംബന്ധിച്ചു.

13 നീണ്ടകര ഐസ് പ്ലാന്റ് ആശീർവദിക്കുകയും പുതുശ്ശേരി ലൂർദ്മാതാ ദൈവാലയത്തിൽ എസ്. ജെ.എസ്.എം. സാൻജോ പ്രൊവിൻസിന്റെ സുവർണ്ണ ജൂബിലിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകുകയും ചെയ്തു. കൊടുപ്പുന്ന സെന്റ് ജോസഫ്സ് ഇടവകാംഗം ശ്രാമ്പിക്കൽ അട്ടിയിൽ ബഹു. തോമസ് അച്ചന്റെ പിതാവ് എസ്. തങ്കച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്യുകയും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ ബർക്കുമൻസ്ദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

14 പാലാരിവട്ടം പി.ഒ.സി.ൽ പാസ്റ്ററൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മിഷൻ സംഗമവും ബിരുദദാന സമ്മേളനവും ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും വൈദികർക്കായി നടത്തിയ ആർച്ചുബിഷപ് പവ്വത്തിൽ മെമ്മോറിയൽ ഷട്ടിൽ ടൂർണമെന്റ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

15 ഇരവിനല്ലൂർ അസംപ്ഷൻ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും സ്വാതന്ത്ര്യദിന സന്ദേശം നൽകി ദേശീയ പതാക ഉയർത്തുകയും മല്പ്പാൻ തോമസ് വെള്ളാനിക്കൽ അച്ചന്റെ പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. പുന്നമട സെന്റ് മേരീസ്പള്ളിയുടെ അടിസ്ഥാന ശില ആശീർവദിക്കുകയും ഇടവകദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയും അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. തകഴി സെന്റ് റീത്താസ് പള്ളിയിൽ വിവാഹ വാഗ്ദാനം കർമ്മം പരികർമ്മം ചെയ്യുകയും അരുവിക്കുഴി ലൂർദ്മാതാ പള്ളിയിൽ ഊട്ടി രൂപതാംഗമായ മണിയങ്ങാട്ട് ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു.

16 പെരുന്ന ബസ് സ്റ്റാൻഡിൽ നീതിഞ്ഞായർ ഐക്യദാർഢ്യ പ്രതിനിധി സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകുകയും കുറുമ്പനാടം അസംപ്ഷൻ പള്ളിയിൽ മൂലയിൽ ബഹു. ജോബി അച്ചന്റെ മാതാവ് തങ്കമ്മ ദേവസ്യയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ മാർത്തോമാ വിദ്യാനികേതന്റെ ഓൺലൈൻ കോഴ്സ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയും കോട്ടയം ലൂർദ് ഫൊറാനാപ്പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

17-21 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർ സിനഡിൽ സംബന്ധിച്ചു.

21 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ സ്രാമ്പിക്കൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും അവസാനഭാഗ കർമ്മങ്ങൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ കരിസ്മാറ്റിക് കൺവൻഷനിൽ സന്ദേശം നൽകി.

22 തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ മുട്ടത്തുപാടം എം. ജെ. ചാണ്ടിയെ അനുസ്മരിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു. പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ സീറോമലങ്കര സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ബസേലിയോസ് മാർ ക്ലിമിസ് കാത്തോലിക്കാ ബാവയുടെ മെത്രാഭിഷേക രജത ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. നാലുകോടി കുഴിയടിയിൽ ബഹു. ബെന്നി അച്ചന്റെ പിതാവ് ബേബി തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക്

കാർമികത്വം വഹിക്കുകയും ചെങ്ങന്നൂർ ഒ.എൽ.പി. സിസ്റ്റേഴ്സിന്റെ സന്യാസഭവനവും ചാപ്പലും കൂദാശ ചെയ്യുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

23 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉമികുപ്പ ലൂർദ്മാതാ പള്ളിയിൽ പൂവാട്ടിൽ ജോസഫ് വർഗീസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

24–28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോ മലബാർ സിനഡിൽ സംബന്ധിച്ചു.

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ**

27 അതിരൂപതാകേന്ദ്രത്തിലെ മാർത്തോമ്മാവിദ്യാനികേതനു കീഴിലുള്ള അമല തിയളോജിക്കൽ കോളേജിലെ സന്യാസാർത്ഥിനികളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; അവരോടു സംസാരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

28 വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചു ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

29 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചങ്ങനാശ്ശേരി എം.എൽ.എഫ് പ്രോവിൻസിലെ കുറിച്ചി ലിറ്റിൽ ഫ്ളവർ ഭവനാംഗം റവ. സി. മേരി ഷന്താളിന്റെ മൃതസംസ്കാരശുശ്രൂഷയുടെ രണ്ടും മൂന്നും ഭാഗങ്ങൾക്ക് കാർമികത്വംവഹിച്ചു. മാമ്മൂട് ലൂർദ്മാതാപള്ളി ഇടവകാംഗം ആലുംമൂട്ടിൽ ടിറ്റു ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

30 ഇത്തിത്താനം വൈദികഭവനത്തിൽ പുതുതായി നിർമ്മിക്കുന്ന തൊഴുത്തിന്റെ അടിസ്ഥാനശില ആശീർവദിച്ചു. തിരുവനന്തപുരം പൊങ്ങമ്മൂട് അൽഫോൻസാപള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു, വൈദിക-സമർപ്പിത സംഗമത്തിൽ പങ്കെടുത്തു.

**ഓഗസ്റ്റ്**

01 കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ അൽഫോൻസാ തീർഥാടനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ പതാരംചിറ ജോർജ് & മേരി ദമ്പതികളുടെ നാലാമത്തെ മകൾ തെരേസയ്ക്ക് പ്രവേശകകൂദാശകളും തോമസ് & മേരി എന്നീ കുഞ്ഞുങ്ങൾക്ക് ആഘോഷ

പൂർവ്വമായി ദിവ്യകാരുണ്യവും നൽകി. എടത്വാ മരിയാപുരം മേരി മാതാ പള്ളിയിൽ ആശാംപറമ്പിൽ ജോസഫ് & എലിസബത്ത് ദമ്പതികളുടെ നാലാമത്തെ മകൾ അൽഫോൻസയ്ക്ക് പ്രവേശകകൂദാശകൾ നൽകി.

03 കുമരകം നവനസ്രത്ത് ഹോളി ഫാമിലി ഇടവകാംഗം ചിറ്റൂക്കളം ബഹു. സിറിയക് അച്ചന്റെ മാതാവ് റോസമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

04 വാഴപ്പള്ളി ലിറ്റിൽ ഫ്ളവർ ആരാധന സന്യാസിനിസമൂഹത്തിന്റെ മഠം ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുന്നന്താനം സിയോൻ ധ്യാന കേന്ദ്രത്തിൽ വയോജനത്തിനായി സംഘടിപ്പിച്ച 19-ാമത് 'ഗ്രേസ്ഫുൾ ധ്യാനം' ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഇടവകവൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

05 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയിലെ എടക്കുന്ന് സെന്റ് ആന്റണിസ് പള്ളിയിൽ പള്ളിയാൻ ജോൺ & അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൻ ജോസഫിന് പ്രവേശകകൂദാശകൾ നൽകി. എറണാകുളം-അങ്കമാലി അതിരൂപതയുടെ എടക്കുന്നിലുള്ള സെന്റ് പോൾ വൈദികഭവനത്തിലെത്തി ഏതാനും ബഹു. അച്ചന്മാരെ സന്ദർശിച്ചു. കറുകുറ്റി സി.എം.ഐ. ക്രിസ്തുരാജ ആശ്രമത്തിലെത്തി രോഗിയായ പാത്തിക്കുളങ്ങര ബഹു. വർഗ്ഗീസ് അച്ചനെ സന്ദർശിച്ചു.

06 ഇത്തിത്താനം ആയൂഷ്യയിൽ ഹിരോഷിമ - നാഗസാക്കി ആണവാക്രമണ ദുരന്തത്തിന്റെ 81-ാമത് വാർഷികദിനത്തോടനുബന്ധിച്ച് നാലുദിവസത്തെ ഉപവാസ ക്യാംപ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

07 പാലമറ്റം ബേസ് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന ബഹു. അച്ചന്മാരെ സന്ദർശിച്ചു.

09 വെരൂർചിറ ശാന്തിസദൻ എഫ്.സി.സി. മഠത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു, ബഹു. അമ്മമാരെ സന്ദർശിച്ചു. തുരുത്തി മർത്ത് മറിയം ഫൊറോനാപ്പള്ളി ഇടവകാംഗം മൂകളേൽ ജോർജ് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

10 വെരൂർ സെന്റ് ജോസഫ്സ്പള്ളി ഇടവകാംഗം പടിഞ്ഞാറേവെളയിൽ വീട് ദേവസ്യ & ആനിയമ്മ ദമ്പതികളുടെ മക്കൾക്ക് ആഘോഷമായി ദിവ്യകാരുണ്യം നൽകി. എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളി ഇടവകാംഗവും കിളിരൂർ മോൺ. ഡോ. മാത്യു അച്ചന്റെ സഹോദരനുമായ ജോളി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകാംഗവും കണ്ടങ്കരി ബഹു. സേവ്യർ അച്ചന്റെ പെങ്ങളുടെ ഭർത്താവുമായ പഴയചിറ തെക്കത്ത് തോമസ് സക്കറിയാസിന്റെ മൃത

സംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാം വർഷ വൈദികാർത്ഥികൾക്ക് സഭാചരിത്രത്തെക്കുറിച്ച് ക്ലാസ് എടുത്തു.

11 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ, ചങ്ങനാശ്ശേരി അതിരൂപതയിലെ ശുശ്രൂഷാപൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നൽകി. പാലാ രൂപത മറ്റക്കര തിരുക്കുടുംബപള്ളി ഇടവകാംഗം പരയ്ക്കാട്ട് ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

12 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചെത്തിപ്പുഴ സേക്രട്ട് ഹാർട്ട് പള്ളിയിൽ പാറേൽ, സെന്റ് മേരീസ് പള്ളി ഇടവകാംഗം കക്കാട്ടുപറമ്പിൽ ചാക്കോ & സാറ ദമ്പതികളുടെ നാലാമത്തെ മകൾ എലിസബത്തിന് പ്രവേശകകൂദാശകൾ നൽകി.

13 കൊടുപ്പുന്ന സെന്റ് ജോസഫ്സ് ഇടവകാംഗം ശ്രാമ്പിക്കൽ അട്ടിയിൽ ബഹു. തോമസ് അച്ചന്റെ പിതാവ് എസ്. തങ്കച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

14 പാലമറ്റം ബേസ് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

15 കോട്ടയ്ക്കപ്പുറം സെന്റ് മാത്യൂസ് പള്ളിയിൽ വയോജനത്തിനായി സംഘടിപ്പിച്ച മെഗാസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. അരുവിക്കുഴി ലൂർദ്മാതാ ഇടവകാംഗവും ഊട്ടി രൂപത വൈദികനുമായ മണിയങ്ങാട്ട് ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പാറേൽ സെന്റ് മേരീസ് പള്ളിയിൽ സ്വർഗ്ഗാരോപണത്തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. പുന്നത്തുറ വെള്ളാപ്പള്ളി സെന്റ് തോമസ് പള്ളി ഇടവകാംഗം തെക്കേവയലിൽ ടി. പി. ജയിംസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

16 കൈനകരി സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ റാസകുർബാനയർപ്പിച്ച് ഇടവകയുടെ ശതോത്തരസുവർണ്ണ ജൂബിലിയാഘോഷം ഉദ്ഘാടനം ചെയ്തു. കുറുമ്പനാടം അസംപ്ഷൻ പള്ളി ഇടവകാംഗവും മൂലയിൽ ബഹു. ആന്റണി അച്ചന്റെ വത്സല മാതാവുമായ തങ്കമ്മ ദേവസ്യയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. കൊടിനാട്ടുംകുന്ന് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ ഇടവകദിനാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

17 സ്രാമ്പിക്കൽ ബഹു. തോമസ് അച്ചന് രോഗിലേപനം നൽകി. മണന്തല റാണിഗിരി പള്ളിയിൽ ചങ്ങനാശ്ശേരി അതിരൂപത കണ്ണമൂല മദർ തെരേസപള്ളി ഇടവകാംഗം തൂമ്പുങ്കൽ ജൂഡിന്റെയും മിസ്സിസ്സാഗരൂപത സ്കാർബറോ ഇടവകാംഗം തള്ളത്തുകുന്നേൽ അന്നയുടെയും വിവാഹം ആശീർവദിച്ചു.

18-20 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭാ സിനഡിൽ പങ്കെടുത്തു.

20 ചങ്ങനാശ്ശേരി എസ്. ബി. കോളേജ് മൈതാനത്തിൽ കേരള കത്തോലിക്ക കരിസ്മാറ്റിക് സുവർണ്ണ ജൂബിലി (ചങ്ങനാശ്ശേരി സോൺ) പരിശുദ്ധ കുർബാനയർപ്പിച്ചു ഉദ്ഘാടനം ചെയ്തു.

21 പാലമറ്റം ബേസ് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകാംഗവും ചങ്ങനാശ്ശേരി അതിരൂപത വൈദികനുമായ ശ്രാമ്പിക്കൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാംഭാഗ ശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു.

22 കുറുമ്പനാടം സെന്റ് ആന്റണിസ് ഫൊറോനാപ്പള്ളി ഇടവകാംഗം പുത്തൻപുരയ്ക്കൽ ജോസഫും തോട്ടുപ്പുറം ഹോളി ഫാമിലി മലങ്കര കത്തോലിക്കാപള്ളി ഇടവകാംഗം നേരേവുകാലായിൽ ആപ്സിയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. പാറേൽ സെന്റ് മേരീസ്പള്ളി ഇടവകാംഗം മറ്റത്തിൽ സെബാസ്റ്റ്യനും കട്ടപ്പന കാമാക്ഷി സെന്റ് ആന്റണീസ്പള്ളി ഇടവകാംഗം മുത്തുപറമ്പിൽ മരിയയും തമ്മിലുള്ള വിവാഹം ആശീർവദിച്ചു. നാലുകോടി സെന്റ് തോമസ്പള്ളി ഇടവകാംഗം കുഴിയടിയിൽ ബഹു. ജോസഫ് അച്ചന്റെ പിതാവ് ബേബി തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ കർമ്മങ്ങൾക്ക് കാർമികത്വംവഹിച്ചു.

23 വാഴപ്പള്ളി തിരുഹൃദയ ആരാധനാസന്യാസിനിസമൂഹത്തിന്റെ മഠംചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

23-26 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭാ സിനഡിൽ പങ്കെടുത്തു.

24 കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളി ഇടവകാംഗവും വിജയപുരം രൂപത വൈദികനുമായ കുത്തുകുഴി ബഹു. ജോൺ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

25 കരിമ്പനക്കുളം തിരുഹൃദയപള്ളി ഇടവകാംഗവും തടത്തിൽ ബഹു. ജോൺ അച്ചന്റെ വത്സല മാതാവുമായ ശ്രീമതി അന്നമ്മ വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.



**Mar Thomas Tharayil**
Metropolitan of Changanacherry

## ENGAGEMENTS | SEPTEMBER 2026

| | | |
|---|---|---|
| 01 | 05:00 pm | Convocation @ Lourdes Matha College, Kuttichal |
| 02 | 05:45 am | Holy *Qurbana* @ Thiruvananthapuram |
| | 02:30 pm-05:00 pm | Visitors |
| | 05:00 pm-06:00 pm | Message: *Samyukhta Madhyavarjana Samithi* @ Archbishop House |
| | 06:45 pm | Class @ Niranam Seminary |
| 03 | 09:30 am-04:00 pm | Class @ Denahalaya |
| | 08:30 pm-09:30 pm | Online Class: CMHM Counselling Course |
| 04 | 08:30 am | *Curia* |
| | 10:30 am | Pastoral Council Inauguration @ SB College |
| | 02:30 pm | Message: SMYM Retreat @ Palai |
| | 07:00 pm | Message: Ecclesia @ Kunnamthanam |
| 05 | 10:30 am | Final Profession & Silver Jubilee @ Spirituality Centre, Manganam |
| | 03:30 pm | Archbishop Powathil Foundation Seminar @ Archbishop House |
| 06 | 07:00 am-01:30 pm | Pastoral Visit @ Kavalam St Joseph's |
| | 04:30 pm | Government Employees Get-together: Alappuzha Region @ Kaithavana |
| 07 | 04:00 pm | *Thirunnal Qurbana* @ Pulincunnu |
| 08 | 10:00 am | *Thirunnal Qurbana* @ Poonjar |
| | 03:00 pm | Class @ Minor Seminary Kurichy |
| | 06:00 pm | Message: 70th Jubilee Conclusion @ Eara |
| 09 | 06:00 am | Holy *Qurbana* @ St. Anns Mandiram |
| | 08:30 am | Dialysis Machine Handover: Vincent De Paul @ Chethipuzha |
| | 09:30 am-12:30 pm | Kottayam Forane Conference @ Kottayam |
| 09-10 | | Regional Bishops' Recollection @ Munnar |
| 11 | 08:30 am | *Curia* |
| | 11:30 am | Care Home Directors' Meet @ Chethipuzha Hospital |
| | 02:30 pm-04:00 pm | Visitors |
| | 05:00 pm-07:00 pm | Shalom Youth Debate @ Archbishop House |

| | | |
|---|---|---|
| 12 | 09:30 am-12:30 pm | *Noorumeni* Grand Finale @ SB College |
| | 02:00 pm | Centenary Meeting @ SD Provincial House, Chethipuzha |
| 13 | 07:00 am-01:30 pm | Pastoral Visit @ Mallapally St. Athanasios Church |
| | 03:30 pm | Nedumkunnam Forane Businessmen Get-together @ Nedumkunnam |
| | 05:15 pm | Parish Day & Parish Hall Foundation Stone Blessing @ Kadayanickad |
| 14 | 06:15 am | Holy *Qurbana* @ Little Sisters of Christ Convent Manganam |
| | 09:30 am-12:30 pm | Athirampuzha Forane Priests' Conference @ Athirampuzha |
| | 05:30 pm-08:30 pm | Kudamaloor Forane Priests' Conference @ Kudamaloor |
| 15 | 06:15 am | Holy *Qurbana* @ SB Boarding, Changanacherry |
| | 09:30 am-12:30 pm | Thuruthy Forane Priests' Conference @ Thuruthy |
| | 03:00 pm | Class @ Minor Seminary, Kurichy |
| | 04:30 pm | *Kurishadi* Blessing @ Changanacherry |
| | 05:30 pm-08:30 pm | Nedumkunnam Forane Priests' Conference @ Nedumkunnam |
| 16 | 06:30 am | Holy *Qurbana* @ *Bet-Thoma,* Palamattam |
| | 09:30 am-12:30 pm | Kurumpanadom Forane Priests' Conference @ Kurumpanadam |
| 17 -18 | | CBCI Standing Committee @ Bangalore |
| 19 | 11:00 am | CRI Meeting: Changanacherry Region @ Archbishop House |
| | 12:30 pm | Death Anniversary @ Nedumkunnam |
| 20 | 07:00 am-01:30 pm | Pastoral Visit @ Arpookkara Little Flower |
| | 03:30 pm | Government Employees' Get-together: Changanacherry Region @ Veroor |
| | 05:00 pm | Parish Hall Blessing @ Thuruthy |
| 21 | 10:00 am | *Nasrani* Family Fraternity Archeparchial Meet @ Kurumpanadam |
| | 05:30 pm-08:30 pm | Edathua Forane Priests' Conference @ Ambalapuzha |
| 22 | 09:00 am-04:00 pm | Junior Priests' Orientation Program @ Kakkanad |
| 23 | 06:30 am | Sacraments of Initiation @ Mallapally |
| | 10:00 am | *Adhyapaka Dinam* @ SB HSS, Changanacherry |
| | 03:00 pm | Bursars' Meeting @ Archbishop House |
| | 05:30 pm-08:30 pm | Thrickodithanam & Chengannur Forane Priests' Conference @ Thrickodithanam |
| 24 | 09:30 am-12:30 pm | Alappuzha & Muhamma Forane Priests' Conference @ Aryad |
| | 03:00 pm | Liturgy Commission Meeting @ Archbishop House |
| | 04:30 pm | *Thirunnal Qurbana* @ Gethsemany Vazhapally |

| | | |
|---|---|---|
| 25 | 08:30 am | *Curia* |
| | 02:30 pm-05:00 pm | Visitors |
| 26 | 11:00 am | *Requiem* Holy *Qurbana* @ Kidangara |
| | 04:00 pm | Deepika 140th Year Celebration @ Changanacherry |
| 27 | 07:00 am-01:30 pm | Pastoral Visit @ Manimala Holy Magi |
| | 03:30 pm | Manimala Forane Businessmen Get-together @ Manimala |
| | 05:00 pm | Inauguration: Centenary Jubilee @ Mundathanam |
| | 07:00 pm | Parish Day @ Thottackadu |
| 28 | 09:30 am-12:30 pm | Pulincunnoo Forane Priests' Conference @ Pulincunnoo |
| | 05:30 pm-08:30 pm | Champakulam Forane Priests' Conference @ Kondackal |
| 29 | 03:00 pm-04:00 pm | Class @ Niranam Seminary |
| | 06:00 pm | Inter Department Meeting |
| 30 | 09:30 am-12:30 pm | Manimala Forane Priests' Conference @ Manimala |
| | 05:30 pm-08:30 pm | Changanacherry Forane Priests' Conference @ Cheeranchira |

FR. SECRETARY - 8078088468



## *ENGAGEMENTS* | SEPTEMBER 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 02 | 06:15 am | Holy *Qurbana* & Class for First Years @ St. Thomas Minor Seminary, Kurichy |
| 04 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattom |
| | 10:00 am | Inauguration of the Pastoral Council @ S.B. College, Changanacherry |
| 05 | 10:00 am | Annual Day Inauguration @ S.H. Medical Centre Nursing College, Kottayam |
| | 04:00 pm | Holy *Qurbana* @ St Mary's Forane Church, Pulincunnoo |
| 06 | 09:00 am | *Rassa Qurbana* @ Lourdes Hill Church, Peroorkada |
| 08 | 06:30 am | Holy *Qurbana* @ Soil Sisters Convent, Changanacherry |
| 11 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara,* Palamattom |
| | 10:00 am | Grand finale *Noorumeni* Mega Quiz Competition Inauguration, @ S.B. College, Changanacherry |
| 12 | | *Mar Thoma Sleeha Dayara*, Nallathanni |
| 13 | 03:15 pm | Thrickodithanam Forane Council Inauguration @ S.H. School, Kilimala |
| 16 | 04:45 pm | Holy *Qurbana* @ St. Mary's Metropolitan Church Shrine, Changanacherry |
| 18 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara,* Palamattom |
| 19 | 11:00 am | *Solemn* Holy Communion @ *Mar Sleeva* Church, Purakkadu |
| 20 | 09:00 am | Holy *Qurbana* @ *Mar Sleeva* Church, Kooroppada |
| 25 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattom |
| 26 | 11:30 am | Marriage @ St. Mary's Metropolitan Church, Changanacherry |
| | 05:00 pm | Holy *Qurbana* @ St. Anthony's Church, Mundathanam |

FR. SECRETARY - +919292990040



സെപ്റ്റംബർ 21നു നാമഹേതുകതിരുനാളാഘോഷിക്കുന്ന
അതിരൂപതാ സിഞ്ചെള്ളൂസ്
വെരി റവ. ഫാ. മാത്യു ചങ്ങങ്കരിക്ക്
അതിരൂപതാകുടുംബത്തിന്റെ
പ്രാർഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.99 No.03 2026 September**
Date of Publication: 31-08-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-




# മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാളാശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org